# ലോഷീയാത്ര.

(ഓട്ടൻതുള്ളൽ)

പ്രസാധകൻ
വിദ്വാൻ ഏ. ഡി. ഹരിശൎമ്മ,

2455
CAMPION LIBRARY

# ലോറിയാത്ര

## (ഓട്ടൻതുള്ളൽ)

---

T-61
H-23

പ്രസാധകൻ

സാഹിത്യകുശലൻ ഏ. ഡി. ഹരിശർമ്മ,

എം. ആർ. ഏ. എസ്സ്.

DHARMARAM COLLEGE LIBRARY, BANGALORE.
7134

---

1122

സത്യപ്രകാശിനി പ്രസ്സ്, എറണാകുളം.

[വില ഒരു രൂപ.

# അവതാരിക

## കുഞ്ചൻനമ്പ്യാർ

ഭാഷാസാഹിത്യലോകത്തിൽ അനശ്വരമായ യശഃസ്തംഭം നാട്ടിയ ഒരു കവിവര്യനാണു് കലക്കത്തു കുഞ്ചൻ നമ്പ്യാർ. അദ്ദേഹത്തിൻെറ ജീവചരിത്രം പരിപൂർണ്ണമോ വിശ്വാസ്യമോ ആയ നിലയിൽ നമുക്കു് ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. തുള്ളൽക്കഥകളിലും മററും നിന്നു കിട്ടുന്ന ചില തെളിവുകളെ അടിസ്ഥാനമാക്കി നിർമ്മിക്കപ്പെട്ടിട്ടുള്ള ജീവചരിത്രങ്ങളാണു് ഇന്നു പ്രചാരത്തിലിരിക്കുന്നതു്. അതനുസരിച്ചു ചിലതൊക്കെ പറയാനേ നമുക്കും നിവൃത്തിയുള്ളു.

തിരുവില്വാമലയ്ക്കടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലം എന്ന ഗ്രാമത്തിൽ കൊല്ലവർഷം 880-ാമാണ്ടിടയ്ക്കാണു് കുഞ്ചൻ നമ്പ്യാർ ജനിച്ചതു്. കലക്കത്തു് എന്നായിരുന്നു വീട്ടുപേരു്. അച്ഛനമ്മമാരെപ്പററി വിശ്വസിക്കത്തക്ക വിവരങ്ങളൊന്നും കിട്ടിക്കഴിഞ്ഞിട്ടില്ല. നമ്പ്യാർക്കു രാഘവൻ എന്നു പേരായ ഒരമ്മാവൻ ഉണ്ടായിരുന്നു എന്നും, ഭാഗിനേയനെ സംസ്കൃതത്തിലെ പ്രഥമപാഠങ്ങൾ പഠിപ്പിച്ചതു് ആ അമ്മാവനായിരുന്നു എന്നും, അനുമാനിക്കപ്പെടുന്നു. സ്വദേശത്തുതന്നെയുള്ള തൃക്കാവ്യമൺഇല്ലത്തു് നാരായണഭട്ടതിരി എന്ന പേരിൽ ഒരു മഹാപണ്ഡിതൻ അന്നു ജീവിച്ചിരുന്നുവെന്നും, അദ്ദേഹത്തിൽനിന്നാണു് നമ്പ്യാർ കാവ്യനാടകാലങ്കാരപര്യ

ന്തമുള്ള ഉപരിവിദ്യാഭ്യാസം നേടിയതെന്നും സുപ്രസി ദ്ധഗവേഷകനായ മഹാകവി ഉള്ളൂർ പറയുന്നു.

കുഞ്ചൻനമ്പ്യാരുടെ സാക്ഷാൽ നാമധേയം കൃഷ്ണൻ എന്നായിരുന്നു എന്നു ചിലരും, അതല്ല രാമൻ എന്നായിരുന്നു എന്നു മററു ചിലരും വാദിക്കുന്നു.

കൊല്ലം തൊള്ളായിരത്താണ്ടിരുപതുമിരുപ-
ത്താറുമേവഞ്ച പത്തും
ചെന്നീടുന്നാരു കൊല്ലം മിഥുനമുപഗത
ഭാസ്കരേ ധന്യധന്യഃ
കൃഷ്ണേ പക്ഷചതുർത്ഥീചതയയുതദിനേ
മത്തലഃ കൃഷ്ണനാമാ
വിഷ്ണോസ്സായുജ്യമാപ്തോ വിഹിതഹരിനമ-
സ്യാദികോ ദോഷഹീനം

എന്നിങ്ങനെ നമ്പ്യാരുടെ ഭവനത്തിലുള്ള ഒരു ഗ്രന്ഥത്തിൽ കാണുന്ന ചരമശ്ലോകമാണ് 'കൃഷ്ണ' പക്ഷക്കാർക്കുള്ള പ്രമാണം. അതനുസരിച്ചു നോക്കിയാൽ നമ്പ്യാരുടെ ചരമം കൊല്ലവർഷം 956-ൽ ആണെന്നാണ് വരുന്നതു്. ഇതു വിശ്വാസ്യമായിത്തോന്നുന്നില്ല. അതിനു രണ്ടു കാരണങ്ങളുണ്ടു്: നമ്പ്യാർ 940-ാമാണ്ടിടയ്ക്കു തിരുവനന്തപുരത്തുനിന്ന് കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സിനോടു് അനുവാദം വാങ്ങി അമ്പലപ്പുഴയ്ക്കു മടങ്ങിപ്പോയി എന്നും അതിനുശേഷം നാലഞ്ചുകൊല്ലത്തിനുള്ളിൽ ചരമഗതിയെ പ്രാപിച്ചു എന്നുമുള്ള ഐതിഹ്യം ഇതിനോടു വിയോജിക്കുന്നു; അതുപോലെ, 954-ൽ രാമവർമ്മമഹാരാജാവും തെക്കേടത്തു ഭട്ടതിരിയും മററുംകൂടി തയ്യാറാക്കിയ അമ്പലപ്പുഴ

പാല്പ്പായസക്കണക്കിൽ കുഞ്ചൻനമ്പ്യാരുടെ പേരു കാണാത്തതിനാൽ, അദ്ദേഹം അതിനു മുൻപുതന്നെ മരിച്ചുപോയി എന്നു വിചാരിക്കേണ്ടിയിരിക്കുന്നു എന്നുള്ള മി: പി. കെ. നാരായണപിള്ളയുടെ അഭിപ്രായവും ഇക്കാൎയ്യത്തിൽ പ്രതിബന്ധമായി നില്ക്കുന്നു.

ശ്രീബലിപ്രസ്തരഃ ശംഭോഃ ശ്രീശുകാലയവാസിനഃ
രാമേണ പാണിവാദേന കാരിതോ ഭൂതയേ ധ്രുവം

എന്നു് കിള്ളിക്കുറിശ്ശി ശിവക്ഷേത്രത്തിലെ ബലിക്കൽപ്പുരയിൽ കൊത്തിക്കാണുന്ന ശ്ലോകമാണു് 'രാമ'പക്ഷക്കാൎക്കുള്ള പ്രധാനപ്രമാണം. അതു കൂടുതൽ വിശ്വാസ്യമായി തോന്നുന്നുണ്ടു്. ഒരിക്കൽ, എന്തോ കാരണവശാൽ അത്യന്തം സന്തുഷ്ടനായ കാൎത്തികതിരുനാൾ മഹാരാജാവു് നമ്പ്യാൎക്കു് ആയിരം പണം സമ്മാനിച്ചു് "ഉറപ്പുള്ള വിധത്തിലേ ഈ പണം വിനിയോഗിക്കാവൂ" എന്നു കല്പിച്ചു എന്നും, നമ്പ്യാർ ആ പണവും കൊണ്ടു സ്വദേശത്തുപോയിരുന്ന അവസരത്തിൽ അവിടെയുള്ള ശിവക്ഷേത്രത്തിലെ ബലിക്കൽപ്പുര ജീൎണ്ണമായി കിടക്കുന്നതു കണ്ടു് അതു പുതുക്കിപ്പണിയിച്ചുവെന്നും, തിരികെ തിരുവനന്തപുരത്തു ചെന്ന നമ്പ്യാർ, ഇളകാത്ത വസ്തുവിൽത്തന്നെയാണു് താൻ പണം നിക്ഷേപിച്ചിട്ടുള്ളതെന്നു തിരുമനസ്സുണൎത്തിച്ചുവെന്നും ഉള്ള ഐതിഹ്യം ഇതിനു് ഉപോദ്ബലകമായി നില്ക്കുന്നു. എന്നാൽ ഇവിടേയും ഭിന്നാഭിപ്രായക്കാരില്ലാതില്ല. മേൽപ്പറഞ്ഞ ശ്ലോകം, പാറപ്പുറത്തു ഗോവിന്ദൻ നമ്പ്യാരുടെ അനന്തരവനായ രാമൻനമ്പ്യാർ അടുത്ത കാലത്തു് ആ ബലിക്കൽപ്പുര ജീൎണ്ണോദ്ധാരണം ചെയ്തതി

നെ സൂചിപ്പിക്കുന്നതാണെന്നു മഹാകവി ഉള്ളൂർ പറയുന്നു. ഈ അഭിപ്രായം ശരിയായിരുന്നാൽത്തന്നെയും, 'രാമ'സംജ്ഞാപക്ഷപാതികൾക്ക് അനുകൂലമായി വേറെയും തെളിവുണ്ട്. കാഞ്ഞിരംപറമ്പിൽ മി: രാവുണ്ണിനായർ പ്രസിദ്ധപ്പെടുത്തിട്ടുള്ള 'ശ്രീ പാർവ്വതീസ്വയംവരം പാന'യുടെ മുഖവുരയിൽ, ശ്രീകൃഷ്ണചരിതം മണിപ്രവാളകാവ്യത്തിന്റെ ഒരു താളിയോലഗ്രന്ഥത്തിൽ,

> രാമേണ പാണിവാദേന രചിതേ മിശ്രസംസ്കൃതേ
> ശ്രീകൃഷ്ണചരിതേ കാവ്യേ മുതൽസ്സർഗ്ഗസ്സമാപിതഃ

എന്നു ഒരു പദ്യം കാണുന്നതായി അദ്ദേഹം എഴുതിയിരിക്കുന്നു. ശ്രീകൃഷ്ണചരിതം മണിപ്രവാളം നമ്പ്യാരുടേതല്ലെന്നു ഇതേവരെ ആരും പറഞ്ഞു കേട്ടിട്ടില്ലാത്ത സ്ഥിതിക്ക് ഈ പദ്യത്തിൽ പറയുന്ന രാമപാണിവാദൻ കുഞ്ചൻനമ്പ്യാർ തന്നെയാണെന്നു അനുമാനിക്കുന്നതിൽ തെററുണ്ടാകാൻ വഴിയില്ല.

മനുഷ്യന്റെ മഹത്വത്തെയും കഴിവുകളേയും വകവെച്ചുകൊടുക്കാൻ ഒരുക്കമില്ലാത്ത ഒരുകൂട്ടം ആളുകൾ ഏതുകാലത്തും ലോകത്തിലുണ്ടാവുക പതിവാണു്. ഒരാൾ ഏതെങ്കിലും നിലയിൽ ഉയൎന്നുവന്നാൽ, എന്തെങ്കിലും ഒരൈതിഹ്യം കെട്ടിച്ചമച്ചു്, ആ ഉയൎച്ചയിൽ അമാനുഷത്വത്തിന്റെ ചായം തേയ്ക്കാൻ ഇക്കൂട്ടർ ശ്രമിക്കാതിരിക്കയില്ല. നമ്പ്യാരെപ്പററി പറഞ്ഞുകേൾക്കുന്ന ഒന്നുരണ്ടു ഐതിഹ്യങ്ങൾക്കുള്ള നിദാനവും ഇതുതന്നെയായിരിക്കണം. "കോഴിക്കോട്ടുകാരനായ ഒരു സാധുബ്രാഹ്മണൻ പുത്രിമാരെ വിവാഹം കഴിച്ചുകൊടുക്കാൻ നിവൃത്തിയില്ലാതെ തിരുവനന്തപുരത്തു പോയി

മഹാരാജാവിനെ കണ്ടു സങ്കടമുണൎത്തിച്ചു. തമ്പുരാൻ കല്പിച്ചുനൽകിയ ഒരു പണക്കിഴിയുമായി കിള്ളിക്കുറിശ്ശിമംഗലത്തെത്തി. ക്ഷേത്രത്തിനടുത്തുള്ള കുളക്കടവിൽ ആ കിഴിവെച്ചു നമ്പൂരി കുളിക്കുവാനിറങ്ങി. അദ്ദേഹം കുളിച്ചുകൊണ്ടിരുന്ന സമയത്ത് ഒരു പശു യാദൃച്ഛികമായി അതിലെ വരികയും കിഴിയുടെ മുകളിൽതന്നെ, അതു മൂടിപ്പോകത്തക്കവണ്ണം, ചാണകമിടുകയും ചെയ്തു. കുളി കഴിഞ്ഞു കിഴി എടുക്കാൻ ചെന്ന ബ്രാഹ്മണൻ അതു കാണായ്കയാൽ വളരെ വ്യസനിച്ച് അമ്പലത്തിലേക്കു പോയി. കുറെ കഴിഞ്ഞു ചാണകം വാരുന്നതിനായി അതിലേ വന്ന ഒരു നങ്ങ്യാർ—കുഞ്ചൻ നമ്പ്യാരുടെ മാതാവ്—ആ പണക്കിഴി കാണുകയും അത് അതിൻെറ ഉടമസ്ഥനു കൊടുക്കുകയും ചെയ്തു. പരമസന്തുഷ്ടനായ ബ്രാഹ്മണൻ 'നിനക്കു വളരെ പ്രസിദ്ധനായ ഒരു പുത്രനുണ്ടാകട്ടെ' എന്ന് നങ്ങ്യാരെ അനുഗ്രഹിച്ചു. അതിൻെറ ഫലമായുണ്ടായതാണ് കുഞ്ചൻ നമ്പ്യാർ." ഇതാണ് ഒരൈതിഹ്യം. "ഏഴു വയസ്സു പ്രായമുള്ളപ്പോൾ ഒരിക്കൽ നമ്പ്യാർ ഗുരുഗൃഹത്തിലേക്കു പോകയായിരുന്നു. മാൎഗ്ഗമദ്ധ്യേയുള്ള ഒരു മലഞ്ചെരുവിൽവെച്ച് ഒരു പാമ്പ് ആ കുട്ടിയെ കടിച്ചു. കുട്ടി ഉടനെ ബോധരഹിതനായി. ആ സമയത്ത് ശ്രീഭഗവതി അവിടെ പ്രത്യക്ഷയായി ദിവ്യമായ പാൽ കൊടുത്തു കുട്ടിയെ രക്ഷപ്പെടുത്തി. ദേവീകടാക്ഷംകൊണ്ടു ബോധയുക്തനായിത്തീൎന്ന കുട്ടി തൽക്ഷണംതന്നെ വലിയ വിദ്വാനും കവിയുമായിത്തീൎന്നു." ഇതാണ് മറെറാരൈതിഹ്യം. ഈ വക യാദൃച്ഛികാനുഗ്രഹങ്ങളുടെ സ

ഹായം കൂടാതെതന്നെ, സ്വപ്രയത്നംകൊണ്ട് ഉയൎന്ന വന്നിട്ടുള്ള അനേകം മഹാന്മാരെപ്പററി നമുക്കറിയാവുന്നതുകൊണ്ട്, കുഞ്ചൻനമ്പ്യാർ ഗുരുകുലക്ലിഷ്ടനായി വിദ്യാഭ്യാസംചെയ്തു് സ്വപ്രയത്നംകൊണ്ടുയൎന്നുവന്ന ഒരു പൗരുഷശാലിയായിരുന്നു എന്നുമാത്രം നമുക്കു വിശ്വസിച്ചാൽ മതി.

വിദ്യാഭ്യാസംകഴിഞ്ഞു് നമ്പ്യാർ ഉത്തരകേരളത്തിലും മദ്ധ്യകേരളത്തിലും സഞ്ചരിച്ചിട്ടുള്ളതായി കാണുന്നു. കോലത്തുനാട്, വെട്ടത്തുനാട്, ഗുരുവായൂർ, തലപ്പിള്ളി, ചേന്ദമംഗലം മുതലായ സ്ഥലങ്ങൾ ഈ സഞ്ചാരപരിപാടിയിൽ ഉൾപ്പെട്ടവയാണു്. ഇങ്ങനെ സഞ്ചരിക്കുന്നതിനിടയിൽ ഒരിക്കൽ കോലത്തുനാട്ടിൽ വെച്ചു പട്ടിണികിടക്കേണ്ടിവന്ന അവസരത്തിൽ നമ്പ്യാർ നിൎമ്മിച്ചതാണത്രെ താഴെ കാണുന്ന പ്രസിദ്ധശ്ലോകം.

കോലഭൂപസ്യ നഗരേ വാസരാ ഹരിവാസരാഃ
മശകൈൎമ്മൂക്കുണൈശ്ചൈവ രാത്രയശ്ശിവരാത്രയഃ

"കോലത്തുനാട്ടിൽ പകലുകളെല്ലാം ഹരിവാസരങ്ങളും (ഊണില്ലാത്ത ദിവസങ്ങൾ), മൂട്ടയുടേയും കൊതുകിന്റേയും ഉപദ്രവംകൊണ്ടു രാത്രികളെല്ലാം ശിവരാത്രികളും (ഉറക്കമൊഴിക്കേണ്ടവ) ആകുന്നു" എന്നാണു് ഈ ശ്ലോകത്തിന്റെ അൎത്ഥം.

ഈ ദേശസഞ്ചാരംകഴിഞ്ഞു മടങ്ങിയതിനുശേഷമാണു് നമ്പ്യാർ തിരുവിതാംകൂറിൽപ്പെട്ട കിടങ്ങൂൎക്കു് പോയതു്. അവിടെ ക്ഷേത്രത്തിൽ എന്തോ ജോലിയു

ണ്ടായിരുന്ന അച്ഛനോടുകൂടിയാണ് അങ്ങോട്ടേക്കു പോയതെന്നു പറയപ്പെടുന്നു. കിടങ്ങൂർ താമസിച്ചിരുന്നകാലത്തു കുടമാളൂർ, കുമാരനല്ലൂർ മുതലായ പല സ്ഥലങ്ങളിലും അദ്ദേഹം സഞ്ചരിക്കയുണ്ടായിട്ടുണ്ട്. ഒടുവിൽ ആ സഞ്ചാരപ്രിയൻ അമ്പലപ്പുഴയെത്തിച്ചേന്നു. കിടങ്ങൂർ മുതലായ സ്ഥലങ്ങളിൽനിന്നു കൂത്തുപറയുന്നതിനായി അമ്പലപ്പുഴയ്ക്കു പോയ വല്ല ചാക്യാന്മാരുടേയും കൂടെയായിരിക്കാം നമ്പ്യാർ ആദ്യമായി അവിടെ ചെന്നുചേന്നതെന്നു നമുക്കു ന്യായമായി അനുമാനിക്കാം. നന്തിക്കാട്ട് ഉണ്ണിരവിക്കുറുപ്പ്, ഓണമ്പിള്ളി നമ്പൂരി എന്നിവരിൽനിന്നു ധാരാളം ആനുകൂല്യങ്ങൾ അവിടെവെച്ചു നമ്പ്യാക്കു സിദ്ധിച്ചു. വിജ്ഞാനവികസനത്തിനും അവരുടെ സാഹചര്യം ചരിത്രനായകനു പ്രയോജകീഭവിച്ചിരിക്കണം. ഈ രണ്ടുപേരേയും അദ്ദേഹം തൻെറ കൃതികളിൽ അതിരററ കൃതജ്ഞതാദരങ്ങളോടുകൂടി, ഗുരുനാഥന്മാരുടെ നിലയിൽ, അനുസ്മരിക്കുന്നുണ്ട്. ഉണ്ണിരവിക്കുറുപ്പിനെ "മന്ദാരദാരു"വായിട്ടാണ് പലേടത്തും വർണ്ണിച്ചിരിക്കുന്നതു്. നമ്പ്യാരുടെ ഒന്നാമത്തെ കൃതിയായ കല്യാണസൌഗന്ധികത്തിൽ തന്നെ,

നന്ദികാരണ്യമാം മന്ദിരേ വാഴുന്ന
മന്ദാരദാരുവാം ബാലരവിയുടെ
നന്ദിവരുത്തുന്ന കണ്ടങ്കരിങ്കാവി-
ലിന്ദുചൂഡപ്രിയേ! വന്ദേ ഭഗവതി!

എന്നു വർണ്ണിച്ചിട്ടുള്ളതു നോക്കുക. ഒരു കവി ഏതെങ്കിലും ഒരാളെ കല്പവൃക്ഷമായി വർണ്ണിക്കണമെങ്കിൽ

അതിന്ന തക്കതായ എന്തെങ്കിലും സഹായം ആ കവിക്ക് അദ്ദേഹത്തിൽനിന്ന സിദ്ധിച്ചിരിക്കണമെന്നുള്ള തീൎച്ചയാണല്ലൊ.

അമ്പലപ്പുഴയിലെത്തിയ നമ്പ്യാർ അധികം താമസിയാതെ ചെമ്പകശ്ശേരി രാജാവിന്റെ ഒരാശ്രിതനായിത്തീൎന്നു. പണ്ഡിതപാരിജാതമായിരുന്ന ആ രാജാവാകട്ടെ, നമ്പ്യാരുടെ വൈദഗ്ദ്ധ്യവും കവിത്വവും കണ്ടു സന്തുഷ്ടനായി അദ്ദേഹത്തെ യഥോചിതം പ്രോത്സാഹിപ്പിക്കയും ചെയ്തു. തുള്ളൽക്കഥകളിൽ പലതും ചരിത്രനായകൻ അവിടെവെച്ചാണ് എഴുതിയതു്. അവയിൽ മിക്കതിലും "ചെമ്പകനാട്ടിന്നലങ്കാരഭൂതനാം തമ്പുരാൻ ദേവനാരായണസ്വാമി"യെ വൎണ്ണിച്ചിരിക്കുന്നതു കാണാം. കാലക്രമത്തിൽ നമ്പ്യാരുടെ പേരു പുറമേയും പ്രചരിച്ചു തുടങ്ങി. അന്നു ചെമ്പകശ്ശേരി രാജാവും തിരുവിതാംകൂർ മാൎത്താണ്ഡവൎമ്മ മഹാരാജാവും തമ്മിൽ മൈത്രിയിലായിരുന്നു. ആ വഴിക്ക് നമ്പ്യാരുടെ കീൎത്തി തിരുവനന്തപുരത്തും എത്തിയിരിക്കണം. എന്തുകൊണ്ടെന്നാൽ, 919-ാമാണ്ടിനിടയ്ക്കു കുഞ്ചൻ നമ്പ്യാർ തിരുവനന്തപുരത്തുപോയി താമസിച്ചിരുന്നതായി തെളിവുണ്ട്. താമസം കൊട്ടാരത്തിലായിരുന്നുതാനും. 919 കുംഭം 30-ാംനു- "കൊട്ടാരത്തിൽ പാൎക്കുന്ന കുഞ്ചൻനമ്പ്യാൎക്ക് കാലിൽ ദീനമാകയാൽ മരുന്നു വിലയ്ക്കു" കൊട്ടാരത്തിൽ നിന്ന് ഇരുപത്തിമൂന്നു പണം ചെലവെഴുതീട്ടുള്ളതായി കണക്കുകാണുന്നു. 922-ാമാണ്ട് "നമ്പ്യാരുടെകൂടെ നിന്ന മിത്രനപ്പിള്ളി കുഞ്ചുമാതിററിക്ക് ആണ്ടൊന്നിക്ക് നെൽ 72 പറയും പാൽക്കുളങ്ങര

അധികാരത്തിൽനിന്ന ചെലവെഴുതി"യതിന്ന രേഖയുണ്ട്. മാത്താണ്ഡവമ്മ മഹാരാജാവ് ചെമ്പകശ്ശേരി രാജ്യം കീഴടക്കിയതിനശേഷമാണ് കുഞ്ചൻനമ്പ്യാർ തിരുവനന്തപുരത്തേക്ക പോയതെന്നുള്ള അഭിപ്രായം ശരിയല്ലെന്നും, അതിനെത്രയോ മുൻപുതന്നെ അദ്ദേഹം തിരുവനന്തപുരത്തേക്ക പോകയും മഹാരാജാവിൻെറ പ്രീതിക്ക പാത്രീഭവിക്കയും ചെയ്തുകഴിഞ്ഞിരുന്നുവെന്നും, ഇതിൽനിന്ന മനസ്സിലാക്കാം. ചെമ്പകശ്ശേരിരാജ്യം തിരുവിതാംകൂറിലേക്ക് അടങ്ങിയതിന്നശേഷം നമ്പ്യാർ തിരുവനന്തപുരത്തു സ്ഥിരതാമസമാക്കി എന്ന പറയുന്നതു ശരിയായിരിക്കും. അന്നും നമ്പ്യാരെ അമ്പലപ്പുഴക്കാരനായിട്ടാണ് ആളുകൾ കണക്കാക്കിയിരുന്നത്. എന്തുകൊണ്ടെന്നാൽ മാത്താണ്ഡവമ്മ മഹാരാജാവിൻെറ ദിഗ്വിജയവും മററും കഴിഞ്ഞു് വളരെക്കാലത്തിന്ന ശേഷം —933-ൽ അദ്ദേഹം നമ്പ്യാൎക്ക് ഒരു വീരശൃംഖല സമ്മാനിക്കയുണ്ടായതിനെപ്പററി "അമ്പലപ്പുഴ കുഞ്ചൻനമ്പ്യാൎക്ക് മുകപ്പിൽ ആണിത്തലയ്ക്കൽ ചുകപ്പുകൽവെച്ച വീരചങ്ങല സമ്മാനിച്ചു" എന്നാണ് കണക്കിൽ എഴുതിക്കാണുന്നതു്. 934-ൽ, മാത്താണ്ഡവമ്മ മഹാരാജാവിൻെറ ഭാഗിനേയനും അനന്തരഗാമിയുമായ രാമവമ്മമഹാരാജാവും നമ്പ്യാൎക്ക് ഒരു വീരശൃംഖല സമ്മാനിച്ചതായി കാണുന്നുണ്ട്.

ഇങ്ങനെ, തന്നെ സംരക്ഷിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തിരുന്ന പ്രസ്തുത മഹാരാജാക്കന്മാരെ നമ്പ്യാർ തൻെറ തുള്ളൽക്കഥകളിൽ പല സ്ഥലത്തും ഭക്തിപൂർവം സ്മരിച്ചിട്ടുണ്ട്.

പാൎത്ഥാലൎത്ഥുതം ബാലമാൎത്താണ്ഡക്ഷിതീന്ദ്രന്റെ
വാൎത്താവൈഭവമെല്ലാമോൎത്താലന്തമില്ലേല്ലും

എന്നും മററും മാൎത്താണ്ഡവൎമ്മ മഹാരാജാവിനെ
പ്പററിയും,

രാമതുല്യൻ മഹാവഞ്ചിരാമവൎമ്മന്ദ്രഭൂപാലൻ
കാമദൻ കോമളാകാരൻ കാമിനീമാനസേ മാരൻ

എന്നും മററും രാമവൎമ്മ മഹാരാജാവിനെപ്പററിയും
വൎണ്ണിച്ചിട്ടുള്ളതു നോക്കുക. മാതുലന്റെ ഭരണാവസാ
നകാലത്തും ഭാഗിനേയന്റെ ഭരണാരംഭഘട്ടത്തിലുമായി
മന്ത്രിസ്ഥാനം വഹിച്ചിരുന്ന അയ്യപ്പൻ മാൎത്താണ്ഡപ്പി
ള്ളയും നമ്പ്യാരെ വളരെ സഹായിച്ചിരുന്നിരിക്കണം
അല്ലെങ്കിൽ, തിരുവിതാംകൂറിലെ മററു മന്ത്രിമാരെ
പ്പററി ഒന്നുംതന്നെ ശബ്ദിക്കാത്ത നമ്പ്യാർ,

വഞ്ചിക്ഷ്മാപാലബാലമാൎത്താണ്ഡനാ-
മഞ്ചിതശ്രീകുലശേഖരാജ്ഞാകരൻ
ആൎത്താവനോദാരശീലനാമയ്യപ്പ-
മാൎത്താണ്ഡമന്ത്രി നിജസ്വാമിശാസനാൽ

എന്നിങ്ങനെ ആ മന്ത്രിയെ മാത്രം വൎണ്ണിക്കാൻ കാര
ണമില്ല.

ഒടുവിൽ നമ്പ്യാൎക്കു വാർദ്ധക്യം ബാധിച്ചു തുടങ്ങി.
തിരുവനന്തപുരത്തെ താമസം അദ്ദേഹത്തിന് പണ്ട
ത്തെപ്പോലെ തൃപ്തികരമായി തോന്നിയില്ല. കഥകളി
യിൽ തൽപരനായിരുന്ന രാമവൎമ്മമഹാരാജാവു് ഒരു
കവിയുടെ നിലയിൽ നമ്പ്യാരെ പ്രോത്സാഹിപ്പിച്ചിരു
ന്നുവെങ്കിലും, ആ പ്രോത്സാഹനത്തിനു മാൎത്താണ്ഡവൎമ്മ
യുടെ കാലത്തുണ്ടായിരുന്നേടത്തോളം ഹൃദയംഗമത്വം

ഉണ്ടാകാൻ വഴിയില്ലല്ലൊ. മാൎത്താണ്ഡവൎമ്മയുടെ കാലത്തനുവദിച്ചിരുന്ന രണ്ടുകാലും കോപ്പും ചില അസൂയക്കാർ മുടക്കാൻപോലും ഭാവിച്ചു. നമ്പ്യാർ നേരിട്ടു ചെന്നു സങ്കടം ഉണൎത്തിക്കേണ്ടിവന്നു, അതു വീണ്ടുകിട്ടാൻ. രാമവൎമ്മമഹാരാജാവു നമ്പ്യാൎക്കു 'പക്കത്തിൽ ചോറ്'നുവദിച്ചിരുന്നുവെന്നും പക്ഷേ, നമ്പ്യാൎക്കു ആ ഊണു് തീരെ പിടിച്ചിരുന്നില്ലെന്നും പറയപ്പെടുന്നു.

> പക്കച്ചോറും കാളൻ കറിയും
> ചച്ചച്ചകിണിയുമെന്നിവയല്ലാ-
> തിക്കണ്ടുങ്ങടംക്കൊരു സുഖഭോജന-
> മിക്കാലങ്ങളിലില്ലിഹ താത!

എന്നു് ചില തുള്ളലുകളിൽ നമ്പ്യാർ വൎണ്ണിച്ചിട്ടുള്ളതു് തന്റെ ഈ പക്കച്ചോറൂണിനെക്കൂടി സൂചിപ്പിച്ചിട്ടാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എങ്ങനെയായാലും, 940-ാമാണ്ടിടയ്ക്കു് മഹാരാജാവിന്റെ അനുമതിവാങ്ങി നമ്പ്യാർ അമ്പലപ്പുഴയ്ക്കു മടങ്ങി; 945-നോടടുത്തു പേപ്പട്ടിയുടെ വിഷമേററു ചരമഗതിയെ പ്രാപിക്കയും ചെയ്തു. മരിക്കുമ്പോൾ നമ്പ്യാൎക്കു 60—65 വയസ്സു പ്രായമുണ്ടായിരുന്നു എന്നാണു് ഐതിഹ്യം.

## ബാല്യകവനങ്ങൾ

ദേശസഞ്ചാരംചെയ്തിരുന്നകാലത്തുതന്നെ നമ്പ്യാർ കവിതാനിൎമ്മാണത്തിൽ ഏൎപ്പെട്ടിരുന്നുവത്രെ. ശീലാവതി നാലുവൃത്തം, രുക്മിണീസ്വയംവരം പത്തുവൃ

ത്തം, ഭഗവദ്ദൂത് പതിനാലുവൃത്തം, ഭാഗവതം ഇരുപത്തിനാലുവൃത്തം, നളചരിതം കിളിപ്പാട്ട്, ചാണക്യസൂത്രം കിളിപ്പാട്ട്, വിഷ്ണുഗീത ഹംസപ്പാട്ട്, ശിവപുരാണം കിളിപ്പാട്ട് എന്നതുടങ്ങിയ കൃതികൾ അക്കാലത്ത് ഉണ്ടാക്കപ്പെട്ടവയാണെന്നാണ് പറയപ്പെടുന്നത്. അതാതുകാലത്ത് തനിക്ക് ആശ്രയമായിത്തീരുന്ന പ്രഭുക്കന്മാരെ കവിതകളിൽ പുകഴ്ത്തുന്ന പതിവ് നമ്പ്യാർ അന്നുതന്നെ തുടങ്ങിയിരുന്നു. വിഷ്ണുഗീതയിൽ ജയന്താലയേശ്വരനെ (പാലിയത്തച്ചനെ) വർണ്ണിച്ചിട്ടുള്ളത് ഇതിനൊരു ദൃഷ്ടാന്തമാകുന്നു.

മറെറാരു നായർ പറഞ്ഞു തുടങ്ങിനാ-
നററമില്ലെൻേറ പരാധീനമിന്നെടോ
വീടു നിറഞ്ഞു കടക്കാരർ വന്നിട്ടു
പാടു കിടക്കുന്നു രാപ്പകലെല്ലാവേ
വീട്ടുവാനുള്ളൊരു മാർഗ്ഗവും കണ്ടീല
വീടു വിററാലും കടം പോകയില്ലെടോ

എന്നിങ്ങനെ ഈ വിഷ്ണുഗീതയിൽ കാണുന്ന നായാട്ടുവർണ്ണന, പിന്നീടു തുള്ളലുകളിൽ പുഷ്ടിച്ചു ഫലിച്ചുകാണുന്ന ആ നിരങ്കുശത്വത്തിൻെറ അങ്കുരസ്ഥാനത്തെ വഹിക്കുന്നുണ്ടെന്നു സൂക്ഷിച്ചു നോക്കിയാൽ കാണാം.

## തുള്ളൽപ്രസ്ഥാനം

കുഞ്ചൻനമ്പ്യാർ വേറെയും ചില കൃതികളൊക്കെ എഴുതീട്ടുണ്ടെങ്കിലും, തുള്ളൽക്കഥകളോടു ബന്ധപ്പെട്ട നിലയിലാണ് അദ്ദേഹത്തിൻെറ നാമധേയം പ്രസിദ്ധ

മായിത്തീൎന്നിട്ടുള്ളതു്. തുള്ളൽരീതിയുടെ ഉപജ്ഞാതാവു തന്നെ നമ്പ്യാരാണെന്നാണു് പരക്കെയുള്ള വിശ്വാസം. അതിലേക്കു് ഉപോദ്ബലകമായി ഒരൈതിഹ്യവും പറയപ്പെട്ടുപോരുന്നു. അമ്പലപ്പുഴ ക്ഷേത്രത്തിൽ കൂത്തു പറയുമ്പോൾ പതിവായി മിഴാവുകൊട്ടാറുണ്ടായിരുന്ന ഒരു നമ്പ്യാൎക്കു് ഒരിക്കൽ ആശൗചംനിമിത്തം അതിനു തരമില്ലാതെ വന്നപ്പോൾ പകരമായി ആ കൃത്യം നിൎവ്വഹിക്കുന്നതിനു് കുഞ്ചൻനമ്പ്യാർ ക്ഷണിക്കപ്പെട്ടുവെന്നും, ചാക്യാരുടെ കഥാകഥനരീതിയിലുള്ള വിരസതനിമിത്തം ഉറക്കം തൂങ്ങിപ്പോയ നമ്പ്യാൎക്കു് മിഴാവുകൊട്ടുന്നതിൽ അല്പം പിശകുപററിയതുകൊണ്ടു ചാക്യാർ നമ്പ്യാരെ സദസ്സിൽവെച്ചുതന്നെ ക്രമത്തിലധികം ആക്ഷേപിച്ചുവെന്നും, അതിനു പകരംപോക്കുന്നതിനായി അന്നത്തെ രാത്രികൊണ്ടുണ്ടാക്കി പിറേറദിവസം ക്ഷേത്രത്തിൽ വെച്ചഭിനയിച്ചതാണു് 'കല്യാണസൌഗന്ധികം' തുള്ളലെന്നുംആണു് ആ ഐതിഹ്യം. ഈ കഥ, കേൾക്കാൻ രസമുള്ളതുതന്നെ. പക്ഷേ, സത്യത്തിൻെറ അംശം അതിൽ എത്രത്തോളം ഉണ്ടെന്നുള്ള കാൎയ്യത്തിൽ മാത്രമേ സംശയമുള്ളു. "ദക്ഷൻ ആക്ഷേപിച്ചതുകൊണ്ടു കോപിഷ്ഠനായ ശിവൻ ജട നിലത്തടിച്ചപ്പോൾ വീരഭദ്രൻ ചാടിവീണതുപോലെ, ചാക്യാരാൽ അധിക്ഷിപ്തനായ നമ്പ്യാർ പിറേറദിവസം അമ്പലപ്പുഴ കളിത്തട്ടിൽ കയറിനിന്നപ്പോൾ തുള്ളലിനു വേണ്ട സകല സാമഗ്രികളും വന്നുകൂടി എന്നു വാദിക്കുന്നതു് ഭാഷയുടെ പൂൎവ്വചരിത്രത്തെക്കുറിച്ചുള്ള ദയനീയമായ അജ്ഞതയെ പ്രദൎശിപ്പിക്കുകയാകുന്നു" എന്നു് പി. കെ. നാരായണപിള്ള

അവർകൾ പറയുന്നതിൽ വളരെ പരമാർത്ഥമുണ്ട്, "തുള്ളലിനു വേണ്ട പലതരം വൃത്തങ്ങൾ എവിടെനിന്നു കിട്ടി? തുള്ളലിലെ കവിതാരീതി എവിടെനിന്നുണ്ടായി? ആ രീതി ജനങ്ങൾക്ക് ആദരണീയമായിത്തോന്നുവാൻ കാരണമെന്ത്?" ഇങ്ങനെയുള്ള പല ദുർഘട പ്രശ്നങ്ങൾക്കും തൃപ്തികരമായ സമാധാനം പറഞ്ഞാൽ മാത്രമേ ഐതിഹ്യവാദികൾക്കു രക്ഷയുള്ളൂ. അതു സാദ്ധ്യമാണോ?

ഒരു പുതിയ പ്രസ്ഥാനത്തിൻെറ ഉൽപത്തിക്ക് ആവശ്യമായ സകലപരിതഃസ്ഥിതികളും ഒത്തുവന്നപ്പോൾ തുള്ളലുണ്ടായി എന്നുള്ളതാണ് വാസ്തവം. അന്നു ഭാഷാസാഹിത്യത്തിൻെറ സ്ഥിതി എന്തായിരുന്നു? നമ്പൂതിരിമാരുടെ കുറെ ചമ്പുക്കളും ഏതാനും ആട്ടക്കഥകളും എഴുത്തച്ഛൻെറ കിളിപ്പാട്ടുകളുമല്ലാതെ സാഹിത്യം എന്നു പറയാൻ അന്നു വളരെയൊന്നും ഉണ്ടായിരുന്നില്ല. സാധാരണന്മാൎക്ക് ദുരവഗാഹമായ ചമ്പൂപ്രസ്ഥാനം നമ്പ്യാരെ വളരെയൊന്നും ആകൎഷിച്ചിരിക്കാൻ ഇടയില്ല. ആട്ടക്കാൎക്കും കാഴ്ചക്കാൎക്കും ഒരുപോലെ ജ്ഞാനമുണ്ടായാൽമാത്രം രസപ്രദമായിത്തീരുന്ന കഥകളി പൊതുജനങ്ങളുടെ സാഹിത്യമാണെന്നു കുഞ്ചൻനമ്പ്യാൎക്കു തോന്നിയില്ല. എഴുത്തച്ഛൻെറ വഴിക്കു തിരിഞ്ഞാൽ വിജയം സമ്പാദിക്കാൻ സാധിക്കയില്ലെന്ന് നമ്പ്യാൎക്ക് അനുഭവംകൊണ്ടുതന്നെ മനസ്സിലായിക്കഴിയുകയും ചെയ്തിരുന്നു. ഈ നിലയിൽ, അന്നു പ്രചാരത്തിലിരുന്ന ഈ പ്രസിദ്ധപ്രസ്ഥാനങ്ങൾക്കുള്ള ദോഷങ്ങളെ കഴിയുന്നതു പരിഹരിക്കുന്നതും ഗുണങ്ങളെ ഒട്ടുമുക്കാലും പരിഗ്ര

ഹിക്കുന്നതുമായ ഒരു പുതിയ പ്രസ്ഥാനം ആവിർഭവി ക്കേണ്ട ആവശ്യം അപരിത്യാജ്യമായി വന്നുകൂടി. അതിനുവേണ്ടി കുഞ്ചൻനമ്പ്യാർ ചെയ്ത നിരന്തരപരിശ്രമത്തിൻെറ ഫലമാണ് തുള്ളൽപ്രസ്ഥാനം.

ചാക്യാർകൂത്തുമായി വളരെക്കാലത്തെ പരിചയമുണ്ടായിരുന്ന നമ്പ്യാക്ക്, ആ കഥാകഥനരീതി ജനങ്ങളെ ധാരാളമായി ആകഷിക്കുന്നതു നേരിട്ടു കണ്ടു മനസ്സിലാക്കാൻ സാധിച്ചിരുന്നു. ഫലിതമാണ് അതിനുള്ള കാരണമെന്നും വ്യക്തമായിരുന്നു. പക്ഷേ, സംഗീതവുമായുള്ള അകൽച്ച ആ പ്രസ്ഥാനത്തിന് ഒരു വലിയ കുറവായിരുന്നു. വേഷവിധാനത്തിലും അതിനു പറയത്തക്ക മെച്ചമുണ്ടായിരുന്നില്ല. ഈ മൂന്നു ഘടകങ്ങളും യോജിപ്പിച്ചാൽ ജനസാമാന്യത്തെ കൂടുതൽ ആകർഷിക്കാൻ കഴിയുമെന്നു കുഞ്ചൻനമ്പ്യാക്കു തോന്നിയിരിക്കണം. അങ്ങനെ, ചാക്യാരുടെ ഫലിതപ്രധാനമായ കഥാകഥനരീതി, കിളിപ്പാട്ടു മുതലായ ഗാനരീതികളിലെ സംഗീതരസം, ആട്ടക്കഥയിലെ വേഷവിധാനവും നൃത്തവാദ്യങ്ങളും—ഇതെല്ലാം യഥോചിതം കൂട്ടിച്ചേർത്തുണ്ടാക്കിയതാണ് തുള്ളൽ. വളരെക്കാലമായി പുരാണകഥകളിൽ വിശ്വസിച്ചുകഴിയുന്ന യാഥാസ്ഥിതികരായ ജനങ്ങളെ പെട്ടെന്ന് ആ പന്ഥാവിൽനിന്നു അകററാൻ ശ്രമിച്ചാൽ, ഒരുപക്ഷേ അതു് വിപരീതഫലത്തെച്ചെയ്യേക്കുമെന്ന സംശയമുണ്ടായതിനാലായിരിക്കാം, അക്കാര്യത്തിൽമാത്രം നമ്പ്യാർ ഒരു തനിയാഥാസ്ഥിതികനായിത്തീന്നതു്. എന്നാൽ സന്ദർഭം കിട്ടുന്ന അവസരങ്ങളിലൊക്കെ ചുററും കാണുന്ന കാഴ്ചകളെ

തൻെറ കൃതികളിൽ പ്രതിഫലിപ്പിക്കാൻ അദ്ദേഹം മടിച്ചിരുന്നില്ലെന്നുള്ളതു് ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണു്. പുരാണകഥാകഥനവ്യാജേന തൻെറ ചുററുംകാണുന്ന കാഴ്ചകളേയും സംഭവങ്ങളേയും വളരെ തന്മയത്വത്തോടുകൂടി—ഏററവും ഹൃദയാകർഷകമായ രീതിയിൽ—ചിത്രീകരിക്കയാണു് വാസ്തവത്തിൽ കുഞ്ചൻനമ്പ്യാർ ചെയ്തിട്ടുള്ളതു്.

തുള്ളലിൽ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങൾ പരിശോധിച്ചാലും തത്സംബന്ധമായ ഉപജ്ഞാതൃത്വമല്ല, പരിഷ്കൎത്തൃത്വം മാത്രമാണു്, നമുക്കു നമ്പ്യാരിൽ കാണാൻ കഴിയുന്നതു്. എന്തുകൊണ്ടെന്നാൽ, അദ്ദേഹം തുള്ളലുകളിൽ ഉപയോഗിച്ചിട്ടുള്ള മിക്ക വൃത്തങ്ങളും അതിനു മുൻപുതന്നെ ഭാഷയിലോ സംസ്കൃതത്തിലോ നടപ്പിലിരുന്നവയാകുന്നു. "മുല്ലപ്പൂമ്പൊടിയേററു കിടക്കും കല്ലിനുമുണ്ടാമൊരു സൌരഭ്യം" എന്ന രീതിയിലുള്ള തരംഗിണീവൃത്തമാണു് തുള്ളലിൽ ഏററവും പ്രധാനം. "വന്ദിച്ചേൻ ഗണനായകനാകിയ വാനോർകോനൊടു വാണിയെ മനസാ" എന്ന നിരണവൃത്തത്തിൽനിന്നു വളരെയൊന്നും ഭിന്നമല്ല ഈ വൃത്തമെന്നുള്ളതു സ്പഷ്ടം. "വരുമിഹ സമ്പ്രതി ദുര്യോധനനും പരമസഖൻ മമ പാൎത്ഥൻതാനും" എന്നു 'പതിന്നാലുവൃത്ത' ത്തിൽകാണുന്ന വൃത്തവും ഇതുതന്നെയാണല്ലോ. "കണ്ണാനന്ദം ചേരുംവണ്ണം പണ്ണാഭദാദിതവാക്കുകൾ കേട്ടു.........ജനനീനിലയേ ചെന്നു തദാനീം ജനനിയൊടൊക്കെച്ചെന്നറിയിച്ചാൾ" (ഭാഷാനൈഷധചമ്പു) എന്നിങ്ങനെ 'ചമ്പൂകാരന്മാരുടെ ഗദ്യ'ങ്ങളിലും ഈ

വൃത്തം കാണുന്നുണ്ടു്. "നാലഞ്ചു ഭർത്താവൊരുത്തിക്കു താനതു നാലുജാതിക്കും വിധിച്ചതല്ലോക്കണം" എന്ന ശീതങ്കൻവൃത്തമാകട്ടെ, "താൻതാൻ നിരന്തരം ചെയ്യുന്ന കമ്മങ്ങൾ താന്താനനുഭവിച്ചീടുകെന്നേ വരൂ" എന്ന അയോദ്ധ്യാകാണ്ഡത്തിലെ കാകളീവൃത്തംതന്നെ. "കായാമ്പൂ മലക്കുള്ളിലായാസം വളക്കുന്ന" എന്ന വൃത്തം എഴുത്തച്ഛന്റെ കേകാവൃത്തത്തെ നടുവേ മുറിച്ചു രണ്ടാക്കിയതാകുന്നു. "അഞ്ചിതദ്യുതി ചൂതപുഷ്പധനുസ്സെടുത്തോരു വീരനാം" എന്ന സംസ്കൃതത്തിലെ മല്ലികാവൃത്തംതന്നെയാണു് "ചന്ദ്രബിംബമെടുത്തെനിക്കൊരു ചാണയാക്കി വളയ്ക്കണം" എന്നിങ്ങനെ നമ്പ്യാർ തുള്ളലിൽ ഉപയോഗിക്കുന്നതു്. "ചെമ്പകകമലായതലോചനനഞ്ചിതമഞ്ജുളശീലൻ" എന്ന 'പതിന്നാലു വൃത്ത'ത്തിലെ വൃത്തത്തിനും "ഉദ്ധതമതി നരപതിതന്നുടെ വാക്കുകളിങ്ങനെ കേട്ടു" എന്ന കല്യാണസൗഗന്ധികത്തിലെ വൃത്തത്തിനും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. "ഹരിഹരസുതനയ്യൻ തിരുവടിയടിയന്റെ" എന്ന രീതിയിലുള്ള ഒരു വൃത്തം നമ്പ്യാർ പറയനിലും ശീതങ്കനിലും ഉപയോഗിക്കുന്നുണ്ടു്. ഇതു അമ്പലപ്പുഴ വേലകളിയുടെ താളരീതിയിലുള്ളതാണെന്നാണറിയുന്നതു്. ഈ രീതിയെ അനുകരിച്ചു് "വെള്ളത്തേരിൽ പട കേറി മുണ്ടുകീറി തുണ്ടി കീറി" എന്നും മററും കുട്ടികൾ അവിടെ കളിയായി പാടാറുണ്ടത്രെ.

ഇവിടെ ഒരു സംഗതികൂടി സ്മരണീയമായിട്ടുണ്ടു്. നമ്പ്യാരുടെ കാലത്തിനു മുൻപുതന്നെ ഒരുതരം തുള്ളൽ

രീതി തകഴി ശാസ്താംക്ഷേത്രത്തിൽ നിലവിലിരുന്നിരു ന്നു. "അവിടെ 'പടയണി' എന്ന അടിയന്തിരത്തിൽ ഓരോ വേഷക്കാർ പുറപ്പെടുമ്പോൾ ചൊല്ലുവാനായി ആദ്യം ഉദ്ദേശിച്ചിരുന്ന തുള്ളൽപ്പാട്ടുകൾ കാലക്രമേണ മലയാളത്തിലെ മുഖ്യവിനോദമായിത്തീരുകയാണുണ്ടാ യത്. പന്ത്രണ്ടുദിവസം നിലനില്ക്കുന്ന ഈ അടിയന്തി രക്കാലത്തുണ്ടാകുന്ന കളികളിൽ പറയൻ, ശീതങ്കൻ, ചോവൻ, പരദേശി എന്നിങ്ങനെ പല വേഷങ്ങളും പുറപ്പെടുന്നു. ശീതങ്കൻെറ കുരുത്തോലയും ഗാനരീതി യും അതിലും കാണുന്നുണ്ട്. ശീതങ്കൻതുള്ളൽ, പറ യൻതുള്ളൽ എന്നൊക്കെയാണ് അതിനും പറയുക. ഈ 'പടേണി'ക്കു തുള്ളുവാൻവേണ്ടി ഉണ്ടാക്കിക്കൊടു ത്ത പേക്കഥകളാണ് പിന്നീട് തുള്ളലായി രൂപാന്തര പ്പെട്ടത്.

ഭടജനങ്ങടെയിടയിലുള്ളൊരു പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതംവരൂ.

എന്നു നമ്പ്യാർ സഭാപ്രവേശം തുള്ളലിൽ പറഞ്ഞിരി ക്കുന്നതു് ഈ പടയണി അടിയന്തിരത്തെക്കുറിച്ചാണെ ന്നുള്ളതു നിസ്സംശയമാണ്" എന്ന് മി: വി. എം. കുട്ടി കൃഷ്ണമേനോൻ ബി. ഏ, ഒരിടത്തു പ്രസ്താവിച്ചിട്ടുണ്ട്. നമ്പ്യാരുടെ കാലത്തിനു മുൻപുണ്ടായ "കൃഷ്ണാർജ്ജുനവി ജയം പറക്കൂത്ത്" എന്ന ഒരു കൃതി തൻെറ കൈവശം വന്നു ചേർന്നിട്ടുണ്ടെന്നും, നമ്പ്യാർ പറയൻ തുള്ളലിൽ ഉപയോഗിച്ചിട്ടുള്ള വൃത്തങ്ങൾതന്നെയാണ് അതിലും കാണുന്നതെന്നും മഹാകവി ഉള്ളൂർ പറയുന്നു; എന്നു മാത്രമല്ല, കൊ: വ: 919-ലെ (തിരുവനന്തപുരം) മതില

കത്തെ അല്പശി ഉത്സവത്തിന്, മാത്തൂപ്പണിക്കർ തന്റെ ശിഷ്യനായ ഇട്ടിക്കോതപ്പണിക്കരോടുകൂടി തുള്ളൽ കളിപ്പിക്കുവാൻ ചെന്നിരുന്നതായി കൊട്ടാരത്തിലെ കണക്കുകൊണ്ടു കാണുന്നുവെന്നും, അതിനടുത്ത കാലത്ത് അതു കൂടാതേയും പല തുള്ളൽ യോഗക്കാരും അവിടെ ചെന്നിരുന്നുവെന്നും കൂടി അദ്ദേഹം എഴുതുന്നു. 918-ൽ, അതേ ഉത്സവത്തിന്, "ശൂരനാട്ടു പൂവാണക്കുറുപ്പിനേയും അമ്പലപ്പുഴ തകഴിയിൽ കുഞ്ഞുനാരായണക്കുറുപ്പിനേയും തുള്ളലിനു ചാത്തി"യതായി തിരുവനന്തപുരം ഈഡുവെയ്പിലെ ഒരു ഗ്രന്ഥവരിയിൽ കാണുന്നുണ്ടെന്ന് ശ്രീവരാഹം ഈ. വി. പിള്ള അവർകളും പറയുന്നു. കുഞ്ചൻനമ്പ്യാരുടെ കാലത്തിനു മുൻപുതന്നെ തുള്ളൽരീതി നടപ്പിലിരുന്നിരുന്നുവെന്നും അദ്ദേഹം അതിനെ പരിഷ്കരിച്ച് പ്രചരിപ്പിക്ക മാത്രമേ ചെയ്തിട്ടുള്ളു എന്നുമാണല്ലൊ ഇതിൽനിന്നൊക്കെ തെളിയുന്നത്.

## കവിതയ്ക്കുള്ള പ്രത്യേകത

ലളിതമായ ഭാഷ, നിർദ്ദോഷമായ ഫലിതം, മർമ്മവേധിയായ പരിഹാസം, പരിതഃസ്ഥിതികളുടെ പ്രതിഫലനം, സരസമായ വർണ്ണനം, ലളിതങ്ങളായ ലോകോക്തികൾ എന്നിവയാണ് നമ്പ്യാരുടെ കവിതയ്ക്കുള്ള പ്രത്യേകതകൾ.

കാവ്യനാടകാലങ്കാരങ്ങൾ മാത്രമല്ല, വ്യാകരണത്തിലെ ഉപരിഗ്രന്ഥങ്ങൾകൂടി നമ്പ്യാർ വായിച്ചിരുന്നുവെന്നു ധ്രുവചരിതം തുള്ളലിൽനിന്നു തെളിയുന്നുണ്ട്.

അതു് ഒരു വെറും പ്രസ്താവനയല്ലെന്നുള്ളതിന് 'ഉൗട്ടുള്ളേടത്തങ്ങു് ചെല്ലുകിലല്ല്' എന്നും, 'ജസ്സു ഭിസ്സു തസ്സു ഥസ്സു' എന്നും മററും തുള്ളലുകളിൽ അങ്ങുമിങ്ങും കാണുന്ന പ്രയോഗങ്ങൾ ഒരു നല്ലതെളിവാകുന്നു. വ്യാകരണത്തിൽ പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിച്ചവൎക്കല്ലാതെ ഇതു് ഒരിക്കലും സാദ്ധ്യമല്ല. സംസ്കൃതത്തിൽ ഇത്ര മാത്രം പണ്ഡിതനായിരുന്ന നമ്പ്യാർ തുള്ളലുകളിലെ ഭാഷ അത്രമാത്രം ലളിതമാക്കിയതു് കരുതിക്കൂട്ടിത്തന്നെയായിരിക്കണം. എഴുത്തച്ഛൻേറയും നമ്പ്യാരുടേയും കൃതികൾ ഒന്നിച്ചു വായിച്ചുനോക്കിയാൽ മാത്രമേ, നമ്പ്യാർ ഇക്കാൎയ്യത്തിൽ കാണിച്ച ഔചിത്യം വേണ്ടപോലെ വെളിപ്പെടുകയുള്ളൂ. 'ഭടജനങ്ങടെ പടയണിക്കു്' കേരളഭാഷയായാലേ യോജിക്കയുള്ളൂ എന്നു നമ്പ്യാർ തന്നെ ഒരിടത്തു പറഞ്ഞിട്ടുള്ള വരികൾ മുകളിൽ ഉദ്ധരിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ടു തൃപ്തിവരാഞ്ഞിട്ടെന്നപോലെ,

ഭാഷയായ് പറയാനമടിയനു സംസ്കൃതത്തിലുമൊന്നുപോൽ
ദോഷഹീനപടുത്വമല്ലമുദിപ്പതുണ്ടിവിടിന്നതിൽ
ശേഷിയില്ല ഭടജ്ജനങ്ങൾ ധരിച്ചിടാ കടുസംസ്കൃതം
ഭാഷയായ് പറയാമതിൽ ചില ദൂഷണം വരുമെങ്കിലും

എന്നു് "കീചകവധ"ത്തിൽ അദ്ദേഹം വീണ്ടും പ്രസ്താവിക്കുന്നു. ഇങ്ങനെ പാമരന്മാൎക്കുപോലും സുഗ്രഹമാകത്തക്കവിധം ലളിതമായ ഭാഷ പ്രയോഗിച്ചതുകൊണ്ടു തന്നെയാണു് നമ്പ്യാർ 'പൊതുജനങ്ങളുടെ കവി' യായിത്തീൎന്നതു്.

നമ്പ്യാരുടെ ഫലിതപ്രയോഗപാടവം സുപ്രസിദ്ധമാണു്. ദീപസ്തംഭത്തെ വൎണ്ണിച്ചു് ഓരോ ശ്ലോകമുണ്ടാക്കാൻ അടുത്തുനിന്നിരുന്ന കവികളോടു മഹാരാജാവു കല്പിച്ചതനുസരിച്ചു് പലരും ദീപസ്തംഭവൎണ്ണനപരമായി വലിയ വലിയ ശ്ലോകങ്ങൾ ഉണ്ടാക്കിയതുകണ്ടു് കുഞ്ചൻ അവരെ പരിഹസിക്കാനായി,

ദീപസ്തംഭം മഹാശ്ചൎയ്യം നമുക്കും കിട്ടണം പണം
ഇത്യൎത്ഥ ഏഷാംശ്ലോകാനാമല്ലാതൊന്നും ന വിദ്യതേ.

എന്ന ഒരു ചെറിയ ശ്ലോകം ഉണ്ടാക്കിച്ചൊല്ലി മഹാരാജാവിനെപ്പോലും ചിരിപ്പിച്ചതും, പാൽപ്പായസം കയ്ക്കുന്നുവെന്നു തമ്പുരാനെ തൃപ്തിപ്പെടുത്താനായി മനസ്സാക്ഷിക്കു വിരോധമായി മൊഴികൊടുത്ത നമ്പൂരിമാരെ നമ്പ്യാർ ഇളിഭ്യരാക്കിയതും മററും ഇതിലേക്കു നല്ല തെളിവുകളാകുന്നു. തുള്ളൽകൃതികളെ അത്രമാത്രം ആകൎഷകങ്ങളാക്കിത്തീൎത്തിട്ടുള്ളതുതന്നെ അവയിലെ ഫലിതപ്രയോഗങ്ങളാണെന്നു തീൎത്തുപറയാം.

കൎണ്ണൻവാഴകണക്കെ തടിച്ചൊരു
പൊൎണ്ണൻ മാരുതി മലയുടെ മൂട്ടിൽ
കണ്ണുമയങ്ങി വിശന്നു തളൎന്നൊരു
മണ്ണിൽ മലൎന്നുകിടന്നുഴലുന്നതു

കണ്ടു സന്തോഷിക്കാനാണത്രെ ദുൎയ്യോധനൻ കാട്ടിലേക്കു 'ഘോഷയാത്ര' പുറപ്പെട്ടതു്. അവിടെച്ചെന്നെത്തിയപ്പോൾ ഓൎത്തിരിക്കാതേ ചിത്രസേനനുമായി യുദ്ധത്തിൽ ഏൎപ്പെടേണ്ടിവന്നു. പരാജയമായിരുന്നു ഫലം. തോറേറാടുന്ന ദുൎയ്യോധനസൈന്യത്തിൻെറ ചിത്രീകരണം ആരേയും ചിരിപ്പിക്കുന്നതാണു്.

"മലയുടെ മുകളിൽച്ചെന്നു കിടന്നാർ
ചിലരന്നേരം പ്രാണഭയത്താൽ,
വലിയൊരു പുലിവന്നാടിയും കൂട്ടി-
ത്തലയുംകൊണ്ടു തിരിച്ചാനപ്പോൾ;
കലയും മാനും വരുമൊരു മാൎഗ്ഗേ
വലയും കെട്ടിക്കാട്ടാളന്മാർ
മലയിലൊളിച്ചിഹ പാൎക്കുന്നേരം
വലയിൽച്ചെന്നു വലഞ്ഞാനൊരുവൻ;
മലയിളകുന്നതു കണ്ടൊരു വേടൻ
കലയെന്നോൎത്തൊരു ബാണമയച്ചാൻ;
തലയിൽക്കൊണ്ടു തറച്ചതുകൊണ്ടാ
മലയൻ വന്നിഹ നോക്കുന്നേരം
കലയല്ലിവനിഹ വലിയൊരു തടിയൻ
മലയാളത്തിലെ മാനുഷനൊരുവൻ.

*　　　*　　　*　　　*
*　　　*　　　*　　　*

മദ്ദളമരയിലുറപ്പിച്ചീടിന
വിദ്വാനോടുക പാരം ദണ്ഡം
മദ്ദളമൊരുദിശി കാട്ടിലെറിഞ്ഞി-
ട്ടുദ്ദിക്കിന്നഥ ധാവതി ചെയ്തു.
ഒരുഭാഗത്തെത്തോലു പിളൎന്നി-
ട്ടൊരുവൻ ചെണ്ടയ്ക്കകമേ പുക്കാൻ;
പെരുവഴിതന്നിലുരുണ്ടു തിരിച്ചാൻ
പെരുതായീടിന ചെണ്ടക്കാരൻ"

'കായം കിട്ടുകിലത്തു ബഹുലാഭം' എന്നുകരുതി പ്രാണരക്ഷാൎത്ഥം ഓടിപ്പോയ സൈന്യത്തിൻെറ ഈവക

പരിഭ്രമങ്ങൾ ഇത്ര സരസമായി നമ്പ്യാർക്കല്ലാതേ വർണ്ണിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല.

പടകേറിയ കോലാഹലത്തിനിടയിൽ,

കണ്ടച്ചാരുടെ മുണ്ടും പോയി
ചെണ്ടക്കാരുടെ ചെണ്ടകൾ പോയി
ചക്കിപ്പെണ്ണിനു ചരടും മിന്നുമ-
ലക്കിയ തോരൻമുണ്ടും പോയി
നീലിപ്പെണ്ണിനു താലികൾ പോയി

എന്നും മററും വർണ്ണിക്കാനാണു് നമ്പ്യാർക്കു തിടുക്കം. ധ്രുവൻ പഞ്ചപ്രാണങ്ങളടക്കി തദേകതാനനായി തപസ്സു തുടങ്ങിയ അവസരത്തിൽ, ശ്വാസരോധം നിമിത്തം ലോകത്തിനുണ്ടായ വിഷമാവസ്ഥയെ ഫലിതം നിറഞ്ഞ രീതിയിലാണു് നമ്പ്യാർ വർണ്ണിച്ചിട്ടുള്ളതു്.

"മാരുതസഞ്ചാരമെല്ലാമടങ്ങുക
കാരണം ദാരുണമായ ദശാന്തരേ
കൊത്തിച്ചമച്ച മരപ്പാവകൾപോലെ
മർത്ത്യജനങ്ങൾക്കിളക്കമില്ലാതെയായ്
ഉണ്ടിരിക്കുന്നവൻ വായും തുറന്നങ്ങു
മിണ്ടാതിരുന്നാനുരുളയും കൈക്കൊണ്ടു്
കണ്ടിരിക്കുന്നവൻ കണ്ണും തുറന്നങ്ങു
തണ്ടികപ്പാവയെപ്പോലിരുന്നീടുന്നു.
മുണ്ടുടുക്കുന്നവൻ രണ്ടു കരംകൊണ്ടു
മുണ്ടും ചൊറിഞ്ഞുപിടിച്ചു നിന്നീടുന്നു
കഞ്ഞി കോരിക്കുടിപ്പാൻ തുടങ്ങുന്നവൻ
മുഞ്ഞിയും താഴ്ത്തീട്ടനങ്ങാതിരിക്കുന്നു.

പാട്ടു പാടുന്നവൻ കയ്യും ചെവിക്കൽ വെ-
ച്ചോട്ടു വായും പിളൎന്നങ്ങനേ നില്ക്കുന്നു."

ഇതാണ് ആ ഭാഗം. ഇതു വായിച്ചാൽ ആരാണ് ചിരിക്കാതിരിക്കുക?

സ്വയംവരത്തിനു ചെന്നുകൂടിയ ഒരു കാമകിങ്കരൻ തന്റെ സാമൎത്ഥ്യം കാണിക്കുന്നതിനായി മുമ്പിലിരിക്കുന്ന ആളുടെ തലയെ ചെണ്ടയാക്കി '28 കലാശ'വും കൊട്ടിക്കലാശിപ്പിച്ചുപോലും! ത്രിപുരന്മാരുടെ പടയിളക്കത്തിൽ പത്തുന്തറസുരന്മാർ തന്റെ വീടു കുത്തി ത്തകൎത്തപ്പോൾ "ഉത്തരത്തിൻ മുകളേറിപ്പാൎത്തുപോലും കുഞ്ഞുരാമൻ, കൊത്തിവെച്ച പാവയെന്നങ്ങോൎത്തു പോയാരസുരന്മാർ" എന്നാണ്, നായന്മാരുടെ ഭീരുത്വത്തെക്കൂടി സൂചിപ്പിച്ചുകൊണ്ടു് നമ്പ്യാർ വൎണ്ണിച്ചിരിക്കുന്നതു്. ശത്രുക്കളെപ്പേടിച്ചു് ഉത്തരത്തിന്മേലേറി കൊത്തിവെച്ച പാവപോലെ അനങ്ങാതെയിരിക്കുന്ന 'കുഞ്ഞുരാമ'ന്റെ രൂപം ആരെയാണ് ചിരിപ്പിക്കാത്തതു്? നമ്പ്യാരുടെ ഫലിതപ്രയോഗത്തിന് ഇങ്ങനെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയും.

നമ്പ്യാരുടെ കവിതകളിൽ കാണുന്ന മറെറാരു പ്രത്യേകത മൎമ്മസ്പൃക്കായ പരിഹാസമാകുന്നു.

സമുദായാംഗങ്ങളുടെ ഇടയിൽ കാണുന്ന ചാപല്യങ്ങളേയും കുചേഷ്ടിതങ്ങളേയും പരിഹസിച്ചു്, തദ്വാരാ അവയെ പരിഹരിച്ചു്, സമുദായ ശരീരത്തെ അരോഗദൃഢമാക്കിത്തീൎക്കുന്നതിനുവേണ്ടിയാണ് നമ്പ്യാർ പരി

ഹാസം പ്രയോഗിച്ചിട്ടുള്ളതു്. ധനതൃഷ്ണ, അഹങ്കാരപ്രമത്തത, അസൂയ, കാപട്യം, വഞ്ചന, അവസരസേവാശീലം മുതലായ ദുർഗ്ഗുണങ്ങളെ നമ്പ്യാർ ആക്ഷേപിച്ചിട്ടുള്ളതിനു കണക്കില്ല. ഏതു കഥയിലും നമ്പ്യാർ പരിഹാസത്തിനു സന്ദർഭമുണ്ടാക്കും. ഈ സമ്പ്രദായം ചാക്യാരിൽ നിന്നായിരിക്കാം അദ്ദേഹം പഠിച്ചതു്. എന്നാൽ തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ നമ്പ്യാരിലെത്തിയപ്പോൾ അതു വളരെ വികസിച്ചുവെന്നു സമ്മതിക്കണം.

കരുണയില്ലാത്ത ഭരണാധികാരികൾ, ഏഷണിക്കാരായ രാജസേവകന്മാർ, കൈക്കൂലിക്കാരും കാമകിങ്കരന്മാരുമായ ഉദ്യോഗസ്ഥന്മാർ, ബഹുഭാര്യത്വം ഒരന്തസ്സാണെന്നു കരുതിയിരുന്ന പ്രഭുക്കന്മാർ, ഭാര്യമാൎക്കു ദാസ്യപ്രവൃത്തിചെയ്യുന്ന ഭോഷന്മാർ, ഭർത്താക്കന്മാരെ കുരങ്ങുകളിപ്പിക്കുന്ന ഭാര്യമാർ, കള്ളിനും കറുപ്പിനും വേണ്ടി തോക്കും തുമ്പയും പണയംവെക്കുന്ന നായന്മാർ, കള്ളുകുടിച്ചു തൊള്ള തുറക്കുന്ന ഭടജനങ്ങൾ മുതലായവരെല്ലാം നമ്പ്യാരുടെ പരിഹാസശരത്തിനു ലക്ഷ്യമായിട്ടുണ്ടു്.

കുററവും കുറവുകളും പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് നമ്പ്യാർ അവയെ ചൂണ്ടിക്കാണിച്ചു പരിഹസിക്കാറുള്ളതു്. ഈ വിഷയത്തിൽ ആ പരിഹാസപ്രിയൻ സമുദായഭേദത്തെ വകവെക്കാറില്ല.

കിട്ടിയതൊന്നും മതിയാവില്ലാ
പട്ടന്മാൎക്കതു ബോധിക്കേണം.
പിശകിപ്പിശകി വിളമ്പിച്ചങ്ങനെ
ചിങ്ങൻപഴവും തൈരും കൂട്ടി-

ച്ചുട്ടുപിള്ളയാക്കിശ്ലേഷിപ്പിച്ചതു
വെള്ളവെള്ളെ വാരി വിതച്ചു തിരിച്ചും,
പപ്പടവും പഴവും പഞ്ചാരയു-
മപ്പോൾത്തന്നൊരു മുണ്ടിൽ കെട്ടിയി-
ടത്തെകയ്യിലെടുത്തുംകൊണ്ടു പു-
റത്തേയ്ക്കുണ്ടു പുറപ്പെട്ടുടനെ
വെററില പുകയില കൊൾവാനായതു
വിററുപിരിച്ചു തിരിച്ചുനടക്കും

എന്നും,

പട്ടന്മാരൊടു വസ്ത്രമെടുത്താൽ
പൊട്ടന്മാരിഹ തോല്ക്കയുള്ളു.
എട്ടു പണം വിലയുള്ളതിനവർ പതി-
നെട്ടു പണം വിലവെച്ചു കൊടുക്കും.
അവരോടു ചെന്നു കടം കൊണ്ടെങ്കിൽ
ഭവനം കൂടെ നശിക്കാറാകും;
പത്തിനു കാല്യ കൊടുക്കണമപ്പോൾ
പത്തിനു രണ്ടര പലിശയുമായി;
വീട്ടുവതിന്നു തരംകൂടാഞ്ഞാൽ
വീട്ടിൽ കേറിപ്പാടുകിടക്കും

എന്നും,

മുത്തുവിപ്രൻ പണമെന്നാക്കുമ്പോൾ
പുത്തുവിപ്രൻ താനെന്നൊരു ഭാവം.
കാശിക്കപ്പുറമെങ്കിലുമിന്നൊരു
കാശിനു വകയുണ്ടെന്നാൽ മണ്ടും.
ഏഴ പത്തെട്ടു വയസ്സു തികഞ്ഞൊരു
കിഴ ബ്രാഹ്മണനിത പോകുന്നു
കൊടുവെയിൽ തട്ടിച്ചുണ്ടു കക്ഷണ്ടിയി-
ലൊരുപിടി നെല്ലാൽ മലരു പൊരിക്കും.

എന്നും. മററും, ബ്രാഹ്മണരുടെ അക്ഷിപ്രിയതയേയും പ ണ്ക്കൊതിദയേയും കളിയാക്കുന്ന കവി തന്നെയാണു്,

നായന്മാരെക്കൊണ്ടൊരു ഫലമി-
ല്ലായുധമുള്ളവർതന്നെ ചുരുക്കം.
കള്ളുകുടിപ്പാനല്ലാതൊന്നിന്നു
കൊള്ളരുതാത്ത ജളന്മാരേറും
തടിയന്മാരിവർ വീട്ടിലശേഷം
കുടിയന്മാർ ചിലരൊടിയന്മാരും
കുടിയന്മാരിവരെന്തിനു കൊള്ളാം?

എന്നും,

തുള്ളമാരെപ്പൊറുപ്പിക്കാതുള്ള കള്ളക്കശ്മലൻെറ
ഭള്ളുകണ്ടാലൊന്നുരണ്ടു തൊഴിപ്പാനാരുമില്ലല്ലോ.
കള്ളുതെണ്ടി നടപ്പാനേ കാലമുള്ളു തൻെറ കൈയി-
ലുള്ളതെല്ലാം വകയാക്കി കൈകുടഞ്ഞു പുറപ്പെട്ടു.

എന്നും,

നായന്മാരിവരെന്തറിയാഞ്ഞു?
കള്ളന്മാരിവർ മൂക്കോളം ബത
കള്ളുകുടിച്ചു മദിച്ചു മയങ്ങി-
ത്തൊള്ളതുറന്നു മലൎന്നു കിടന്നുട-
നുള്ളൊരു കാലമുറങ്ങുവതിന്നോ?

എന്നും മററും നായന്മാരേയും കണക്കററു പരിഹസിക്കുന്നതു്. നാട്ടുവാഴികളുടെ വങ്കത്തങ്ങളെ തുറന്നു പറയുന്നതിനുപോലും നമ്പ്യാർ മടിച്ചിട്ടില്ല. അതിനും ധാരാളം ഉദാഹരണങ്ങൾ തുള്ളലുകളിലുണ്ടു്.

സമുദായത്തിൻെറ ആണിക്കല്ലു് സ്ത്രീകളായതുകൊണ്ടായിരിക്കാം അവരെസ്സംബന്ധിച്ചു നമ്പ്യാർ കൂടുതൽ ശ്രദ്ധ ചെലുത്തിയതു്. ബഹുഭാൎയ്യത്വത്തേയും ബഹുഭൎത്തൃത്വത്തേയും നമ്പ്യാർ ഒരുപോലെ വെറുത്തിരുന്നു എന്നു് തുള്ളലുകളിൽനിന്നു കാണാം.

രണ്ടു കളത്രത്തെയുണ്ടാക്കിവെക്കുന്ന
തണ്ടുതപ്പിക്കു സുഖമില്ലൊരിക്കലും

എന്നുപറയുന്ന കവിതയെന്നോയാണു്,

നാലഞ്ചു ഭൎത്താവൊരുത്തിക്കുതാനതു
നാലുജാതിക്കും വിധിച്ചതല്ലാൎക്കുണം
നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവി
വാലുള്ള വാനരന്മാൎക്കും ചിതംവരാ

എന്നു് അധിക്ഷേപിക്കുന്നതും. ജ്യേഷ്ഠാനുജന്മാർ കൂടി ഒരുത്തിയെ ഭാൎയ്യയാക്കിവെച്ചുകൊണ്ടിരിക്കുന്ന സമ്പ്രദായം മൃഗങ്ങൾപോലും വെറുക്കുന്ന ഒന്നാണെന്നുള്ള ഢാഗസ്റ്റ്രം, അന്നു ബഹുഭൎത്തൃത്വം ആചരിച്ചിരുന്ന വല്ലകൂട്ടരേയും ഉദ്ദേശിച്ചു പ്രയോഗിച്ചതായിരിക്കണം.*

ഭാൎയ്യമാരുടെനേരെ എപ്പോഴും ദുൎമ്മുഖം കാട്ടുന്ന ഭൎത്താക്കന്മാരെപ്പററി,

കൊല്ലുന്നതിനേക്കാളും ശല്യമായിട്ടുള്ളൊരു
കൊള്ളിവാക്കല്ലാതൊന്നും ചൊല്ലുകയില്ലദ്ദേഹം
എടുത്തെന്നാലതും കുററം എടുക്കാഞ്ഞാലതും കുററം
കൊടുത്തെന്നാലതും കുററം കൊടുക്കാഞ്ഞാലതും കുററം.

എന്നിങ്ങനെയാണു് ശീലാവതിചരിതത്തിൽ നമ്പ്യാർ വൎണ്ണിക്കുന്നതു്. അതുപോലെതന്നെ,

അച്ചിക്കു ദാസ്യപ്രവൃത്തി ചെയ്യുന്നവൻ
കൊച്ചിക്കു പോയങ്ങു തൊപ്പിയിട്ടീടണം

---

* ചിലരുടെ ഇടയിൽ വളരെ അപൂൎവ്വമായിട്ടാണെങ്കിലും, ഈ സമ്പ്രദായം ഇന്നും നടപ്പിലുണ്ടു്.

എന്നു വർണ്ണിക്കാനും നമ്പ്യാർ മടിച്ചിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ സമുദായത്തിന്റെ സുസ്ഥിതിയായിരുന്നു നമ്പ്യാരുടെ പരിഹാസത്തിന്റെ പരമലക്ഷ്യം.

ചുററുപാടുകളെ കവിതയിൽ പ്രതിഫലിപ്പിക്കുന്നതിനു നമ്പ്യാരോളം സന്നദ്ധത കാണിച്ചിട്ടുള്ള കവികൾ നമ്മുടെ ഇടയിൽ അധികംപേരില്ല. അയോദ്ധ്യയിലും അളകാപുരിയിലും, ലങ്കയിലും ദ്വാരകയിലും, എന്നുവേണ്ട സ്വർഗ്ഗത്തിലും പാതാളത്തിലും, എല്ലാം കേരളീയർതന്നെ. കേളച്ചാരും കാളിപ്പെണ്ണും, കേളനും കോന്തനും, ഇച്ചിരിയും ഇട്ടുണ്ണീലിയും, പട്ടരും പണിക്കരെച്ചനും, അവിടങ്ങളിലൊക്കെ ചെന്നു ചേർന്നിട്ടുണ്ട്. അവിടത്തെ രാജാക്കന്മാരുടെ വേഷഭൂഷാദികളും ആചാരങ്ങളും കേരളത്തിൽ കാണുന്നതുതന്നെ. ദ്വാരകാപുരിയിൽ സൈന്യശേഖരം നടത്തുമ്പോൾ 'നാട്ടിലിരിക്കും നായന്മാരെ'ക്കൂടാതെ,

പട്ടാണികൾ പല കുതിരക്കാരും
കോട്ടപ്പടിയിൽ കാവൽക്കാരും
കാട്ടാളന്മാർ മുക്കോപ്പരിഷകൾ
കൊട്ടക്കാരന്മാരും പലവക
നസ്രാണികളും ജോനകർ പത്തു സ
ഹസ്രാധികമിഹ വന്നീടേണം

എന്നാണ് 'സർവ്വസേനാധിപ'നായ നീലാംബരൻ പ്രഖ്യാപണം ചെയ്യുന്നത്. ദുര്യോധനൻ സേനകൾക്കു സദ്യനൽകിയതിനുള്ള വിഭവങ്ങൾ എരിശ്ശേരിയും പുളിശ്ശേരിയും ഓലനും കാളനും ചക്കപ്രഥമനും പാൽപ്പായ

സർവ്വം മററും ആയിരുന്നുവത്രെ. ചിലക്ക് "കടൽവാഴയ്ക്കാക്കറി"യും ഉണ്ടായിരുന്നുപോലും! ഹംസം കുണ്ഡിനത്തിലേക്ക പറന്നുപോകുന്നവഴിക്ക കണ്ട കാഴ്ചകളെ വർണ്ണിക്കുമ്പോൾ "വീട്ടുകളിൽ ചില നായന്മാരുടെ മൂഢതകൊണ്ടൊരു ഘോഷംകണ്ടു"—"അച്ചികളോട്ട കലമ്പിച്ചില കലമെച്ചിലിലിട്ടു തകൎക്കണകണ്ടു" എന്നും മററും പറയാൻ നമ്പ്യാൎക്ക് ഒരു മടിയുമില്ല.

അമ്പലമൊക്കെത്തീണ്ടിത്തൊട്ടും
നമ്പൂരാരുടെ ഭവനം ചുട്ടും
എമ്പ്രാന്തിരിയെത്താഡിച്ചും പുന-
രമ്പലവാസികളെക്കൊലചെയ്തും

മററുമാണ് രാവണസൈന്യം ശത്രുരാജ്യങ്ങളിൽ ആക്രമണം നടത്തിയത്. നമ്പ്യാരുടെ 'രുക്മിണീസ്വയംവരം' വായിച്ചാൽ, അതു് അമ്പലപ്പുഴയോ തിരുവനന്തപുരത്തോ നടക്കുന്ന ത്തുത്താലിചാർത്താണെന്നേ നമുക്ക തോന്നുകയുള്ളു. തന്റെ ചുററുപാടുകളെ വിസ്മരിച്ച് കവിതയെഴുതാൻ കുഞ്ചൻനമ്പ്യാൎക്ക് കഴിഞ്ഞിരുന്നില്ലെന്നാണല്ലോ ഇതിൽനിന്നൊക്കെ തെളിയുന്നതു്.

സൂക്ഷ്മസ്വഭാവം വൎണ്ണിച്ച് വൎണ്ണ്യവിഷയത്തിനു തന്മയത്വം വരുത്തുക എന്നുള്ളതാണ് നമ്പ്യാൎക്കുള്ള മറെറാരു പ്രത്യേകത. പ്രകൃതിയിലെ കാഴ്ചകൾ, ജന്തുക്കളുടെ ആകൃതിയും പ്രത്യേക സ്വഭാവവും, എന്നിവ വൎണ്ണിക്കുന്നതിൽ നമ്പ്യാൎക്ക് ഒരു പ്രത്യേകപാടവംതന്നെയുണ്ടായിരുന്നു.

പച്ചക്കദളിക്കുലകൾക്കിടയ്ക്കിടെ
മെച്ചത്തിൽ നന്നായ് പഴുത്ത പഴങ്ങളും

ഉച്ചത്തിലങ്ങനേ കണ്ടാൽ പവിഴവും
പച്ചരത്നക്കല്ലുമൊന്നിച്ചു കോൎത്തുള്ള
മാലകൾകൊണ്ടു വിതാനിച്ച ദിക്കെന്നു
മാലോകരൊക്കെയും ശങ്കിക്കുമാറുള്ള
ലീലാവിലാസേന നില്ക്കുന്നു വാഴകൾ
നാലുഭാഗങ്ങളിൽ തിങ്ങിവിങ്ങിത്തദാ

എന്ന കദളീവനവൎണ്ണനം ഒരു ഒന്നാംതരം തൂലികാചിത്രം തന്നെയായിട്ടുണ്ടെന്നു പറയാം.

ചെമ്പിച്ച താടിയും മീശയും കേശവും
വമ്പിച്ച കൈകളിൽ വില്ലും ശരങ്ങളും
ചെമ്പരത്തിപ്പൂകണക്കെ നേത്രങ്ങളു-
മമ്പിളിപോലേ വളഞ്ഞുള്ള പല്ലുകൾ
അഞ്ജനപൎവ്വതംപോലേ ശരീരവും
ഗുഞ്ജാഫലംകൊണ്ടു കോൎത്തുള്ള മാലകൾ
മഞ്ഞക്കുറികളും മായൂരപിഞ്ഛവും
മഞ്ചാടിമാലയും മാറിൽപലതരം
ഉച്ചത്തിലുള്ളോരു കണ്ഠനാദങ്ങളും
മെച്ചത്തിലുള്ളോരു വീൎയ്യഭാവങ്ങളും
കച്ചകെട്ടിച്ചില തൊങ്ങലും വാലുമി-
ട്ടത്യന്തോല്ലാഷമാം വേഷം ഭയങ്കരം

വേടൻെറ ഈ വാക്‌ചിത്രം നമ്പ്യാരുടെ വൎണ്ണനാസാമൎത്ഥ്യത്തെ തെളിയിക്കുന്ന മറെറാരു ദൃഷ്ടാന്തമാകുന്നു.

ഒന്നു കുടഞ്ഞു ശരീരമശേഷം
തന്നുടെ ചിറകും വീശിയിരുന്നു
ചിറകിനകത്തു കടിച്ചുകിടക്കും
ചെറുപേൻ കൊതുകുകളീച്ചകൾ പുഴുവും
തിറവിയ കൊക്കുകൾകൊണ്ടു കടിച്ചു
കൊറുകൊറെയങ്ങു കൊറിച്ചുതുടങ്ങി
ഒരുകാൽകൊണ്ടു ശിരസ്സിൽ പരിചൊടു
ചൊറുകിത്തത്തി നടന്നുതുടങ്ങി.

നളനിൽനിന്നു വിമുക്തിനേടിയ ഹംസത്തിന്റെ ഈ വർണ്ണനയിൽനിന്ന്, ജന്തുക്കളുടെ പ്രത്യേകസ്വഭാവം വർണ്ണിക്കുന്നതിൽ നമ്പ്യാൎക്കുള്ള പാടവം നല്ലപോലെ തെളിയുന്നുണ്ടല്ലൊ. ഇതുപോലെയുള്ള രസികൻ വർണ്ണനകൾ തുള്ളലുകളിൽനിന്ന് എത്രവേണമെങ്കിലും ഉദ്ധരിക്കാൻ കഴിയും,

തുള്ളലുകളിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ള ലളിതങ്ങളായ ലോകോക്തികളും ജനസാമാന്യത്തിന്റെ ഇടയിൽ ധാരാളം സ്വാധീനശക്തി ചെലുത്തീട്ടുണ്ട്. അവയിലെ പല വരികളും പഴഞ്ചൊല്ലുകളെപ്പോലെയായിത്തീൎന്നിട്ടുണ്ടെന്നുകൂടി പറയാം. ചില ലോകോക്തികൾ താഴെ ഉദ്ധരിക്കാം:—

1. മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും
   കല്ലിനുമുണ്ടാമൊരു സൗരഭ്യം
2. കനകംമൂലം കാമിനിമൂലം
   കലഹം പലവിധമുലകിൽ സുലഭം
3. പണമെന്നുള്ളതു കയ്യിൽ വരുമ്പോൾ
   ഗുണമെന്നുള്ളതു ദൂരത്താകും
4. കയ്യിൽ കിട്ടിയ കനകമുപേക്ഷി-
   ച്ചിയ്യം കൊൾവാനിച്ഛിക്കേണ്ട
5. തരുണീതരുണന്മാരന്യോന്യം
   തരമായ് വരുവാൻ ദുർഘടമത്രെ
6. ആശാനക്ഷരമൊന്നു പിഴച്ചാ-
   ലമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്
7. വീട്ടിലുണ്ടെങ്കിൽ വിരുന്നുചോറും കിട്ടു-
   മൂട്ടിലും കിട്ടാ ദരിദ്രനെന്നോൎക്കണം.

# ഘോഷയാത്ര മൂലകഥ

സംസ്കൃതത്തിലെ ശ്രീ മഹാഭാരതമാണ് 'ഘോഷയാത്ര'യുടെ മൂലം. അതിലെ ആരണ്യപവ്വത്തിൽപെട്ട ഘോഷയാത്രോപപവ്വത്തിൽ 236 മുതൽ 246 വരെയുള്ള 11 അദ്ധ്യായങ്ങളിലായി ആ കഥ വ്യാപിച്ചു കിടക്കുന്നു.

'വനവാസ'ത്തിനായി പുറപ്പെട്ട് ദ്വൈതവനത്തിലെത്തിയ പാണ്ഡവന്മാർ തപഃസ്വാദ്ധ്യായനിരതന്മാരായ ബ്രാഹ്മണരാൽ പരിസേവിതരായി കാലം കഴിക്കുന്നു. ഒരിക്കൽ ഇക്കൂട്ടത്തിൽപ്പെട്ട ഒരു ബ്രാഹ്മണൻ യദൃച്ഛയാ ഹസ്തിനപുരിയിലെത്തുകയും പാണ്ഡവന്മാരുടെ വനവാസവാർത്ത ധൃതരാഷ്ട്രരെ അറിയിക്കയും ചെയ്തു. പാണ്ഡവന്മാരുടെ ദയനീയസ്ഥിതിയിൽ ആ അന്ധനരപതി സങ്കടംപൂണ്ടു ഭീമസേനനും അർജ്ജുനനും, പ്രതീകാരത്തിനു സമയം പാർത്തിരിക്കയായിരിക്കുമെന്നും അധികം താമസിയാതെ കൗരവവംശം അവരുടെ കോപാഗ്നിയിൽ വെന്തു വെണ്ണീറായിപ്പോകുമെന്നും ആ ദീർഘദർശിക്കു മനസ്സിലായി. അടുത്തുനിന്നിരുന്ന ആളുകളോട് അദ്ദേഹം അതു സൂചിപ്പിക്കയും ചെയ്തു. ഇതുകേട്ടു ശകുനി കർണ്ണനുമൊന്നിച്ചു ദുര്യോധനന്റെ അടുത്തുചെന്നു പാണ്ഡവന്മാരുടെ തൽക്കാലസ്ഥിതിയും ധൃതരാഷ്ട്രരുടെ ചിന്താഗതിയും അറിയിക്കയും താമസിയാതെ കാട്ടിൽപോയി തങ്ങളുടെ പ്രാഭവം പാണ്ഡവന്മാരെ ധരിപ്പിക്കണമെന്നുപദേശിക്കയും ചെയ്തു.

"കേൾക്കുന്നുണ്ടാദ്വൈതവനപ്പൊയ്കവക്കത്തു മന്നവ!
വനവാസിബ്രാഹ്മണന്മാരൊത്തു പാൎത്ഥർ വസിപ്പതായ്
പുറപ്പെട്ടു, മഹാരാജാ! പരയാം ലക്ഷ്മിയാന്റു നീ
തേജസ്സാൽ പാണ്ഡവക്കാത്തി ചേൎക്ക തീക്ഷ്ണാംശുധാടിയാൽ
നാടാണ്ടോൻ നാടുപോയോരെ ശ്രീയാണ്ടോർ ശ്രീ വിഹീനരെ
സമൃദ്ധ്യൃദ്ധികെട്ടോരെ നീ കാണ്ക പാൎത്ഥരേ നൃപ!
പട്ടുവാൎത്തും നിൻപ്രിയകൾ, വല്ക്കലത്തോലുടുത്തഹോ
മാഴ്കും കൃഷ്ണയെ നോക്കട്ടെ; വീണ്ടും മാഴ്കട്ടെയായവൾ."

ഇതായിരുന്നു ശകുനിയുടെ ഉപദേശം. കൎണ്ണൻ ഈ അഭിപ്രായത്തെ പിൻതാങ്ങി. ദുൎയ്യോധനനും അതു സമ്മതമായി. മാത്രമല്ല, അളവററ സന്തോഷത്തിനും കാരണമായി.

"എനിക്കും ഹർഷമുണ്ടേററം ഭീമാൎജ്ജുനരെയങ്ങനെ
മാഴ്കിക്കൃഷ്ണയൊടൊന്നിച്ച കണ്ടെത്തുന്നൊരു കാഴ്ചയിൽ.
അത്ര സന്തോഷമില്ലിന്നീബ് ഭൂമിയൊക്കെക്കിടയ്ക്കിലും
വല്ക്കലത്തോലുടുത്തുള്ള പാൎത്ഥരെക്കാണ്കിലാംവിധം
അതിലും മേലെയെന്തുണ്ടു ഞാനാദ്രുപദപുത്രിയെ
കൎണ്ണ! പാഞ്ചാലിയെക്കാണ്കിൽ കാവിവസ്ത്രത്തൊടും വനേ.
എന്നെയധൎമ്മസുതനും പാണ്ഡവൻ ഭീമസേനനും
മഹാലക്ഷ്മിയൊടും കണ്ടാലുശിരുള്ളവനായി ഞാൻ."

ഇതൊക്കെ ശരിതന്നെ; പക്ഷേ, എന്തു പറഞ്ഞാണ് കാട്ടിലേക്കു പുറപ്പെടുക? പാണ്ഡവന്മാർ താമസിക്കുന്നതിനടുത്തെങ്ങും പോകാൻ ധൃതരാഷ്ട്രർ സമ്മതിക്കയില്ല. ഇതു ദുൎയ്യോധനനു നല്ലപോലെ അറിയാം. ശകുനിയും കൎണ്ണനുംകൂടി ചേൎന്നാലോചിച്ച് ഇതിന് ഒരു പോംവഴി കണ്ടുപിടിച്ചു. കാട്ടിൽ കൌരവന്മാരുടെ ഗോകുലമുണ്ടു്. അതു പരിശോധിക്കേണ്ടതു രാജാവിൻെറ കടമയാണ്. പിന്നെ, നായാട്ടിൻെറ പേരും പറയാം. ഇങ്ങനെയൊക്കെ മുൻകൂട്ടി ആലോചിച്ചുറച്ച് അവരെ

ല്ലാംകൂടിച്ചെന്ന് വിവരം ധൃതരാഷ്ട്രരെ അറിയിച്ചു. ധൃതരാഷ്ട്രരുടെ മറുപടി ഇതായിരുന്നു:

'നായാട്ടു നല്ലതാണുണ്ണീ, പൈക്കളെപ്പാർത്തിടുന്നതും
ഗോപാലരേ വിശ്വസിക്കൊല്ലെന്നു കാണുതുമുണ്ടു ഞാൻ
ആ നരവ്യാഘ്രരരികത്തുണ്ടെന്നായ് കേട്ടിരിപ്പു ഞാൻ
സമ്മതിക്കുന്നില്ലതിനാൽ നിങ്ങൾതൻ വനയാത്രയെ.'

ധർമ്മപുത്രൻ സാത്വികനായതിനാൽ അടങ്ങുമെങ്കിലും, ഭീമാദികൾ എതിർത്തേക്കാമെന്നും, ഇനി അഥവാ അവരാരും ഒന്നിനും പുറപ്പെട്ടില്ലെങ്കിൽതന്നെ അവരുടെ അനുയായികൾ വഴക്കിന് ഒരുങ്ങിയേക്കുമെന്നും അതുകൊണ്ടു യാത്ര വേണ്ടെന്നുവെക്കയാണ് നല്ലതെന്നും ധൃതരാഷ്ട്രർ തീർത്തുപറഞ്ഞു. ശകുനിയും കർണ്ണനും വളരെയൊക്കെ നിർബ്ബന്ധിക്കയും 'പോകുന്നില്ലാ പാണ്ഡവന്മാർ പാർത്തിടും ദിക്കിലെങ്ങുമേ' എന്നു വാഗ്ദാനം ചെയ്യുകയും ചെയ്തതിനുശേഷമാണ് മനസ്സില്ലാമനസ്സോടെ ആ പുത്രവത്സലൻ യാത്രാനുമതി നല്കിയത്. വലിയ ഒരു പടയോടും അനുയായിവൃന്ദത്തോടുംകൂടി ദുര്യോധനൻ 'ഘോഷയാത്ര' പുറപ്പെട്ടു. ദ്വൈതവനത്തിൽ പാണ്ഡവന്മാർ താമസിക്കുന്നതിനു രണ്ടു വിളിപ്പാടു ദൂരത്തിലായി അവർ കൂടാരമടിച്ചു.

പിറ്റെദിവസം വിസ്തരിച്ച ഗോകുലപരിശോധന നടന്നു. പശുക്കൾക്കും പശുക്കുട്ടികൾക്കും മുദ്രവെക്കലും മററും ഉണ്ടായിരുന്നുവത്രെ. അതൊക്കെക്കഴിഞ്ഞപ്പോൾ ക്രീഡാലയങ്ങളുണ്ടാക്കാൻ ദുര്യോധനൻ ആജ്ഞനല്കി. അതനുസരിച്ചു പൊയ്കയിൽ കളിപ്പുര തീർക്കാൻ ഒരുങ്ങിയ സൈനികരെ ചിത്രസേനൻ എന്ന ഗന്ധർവ്വനും

ക്രട്ടരും തട്ടത്തു. വിവരം ദുര്യ്യോധനൻെറ ചെവിയിലെത്തി; ഗന്ധർവ്വന്മാരെ എതിത്തു് ആട്ടിയോടിക്കാൻ ആ കൗരവരാജാവു കല്പിച്ചു. ചെറിയ ഒരു യുദ്ധംതന്നെ നടന്നു. കൌരവസൈന്യം തോററു പിൻവാങ്ങി. വിവരമറിഞ്ഞ ദുര്യ്യോധനൻ നേരിട്ടു യുദ്ധത്തിനു പുറപ്പെട്ടു. ഭയങ്കരമായ യുദ്ധം നടന്നു. പരാജയമായിരുന്നു ഫലം. ഗന്ധർവ്വന്മാർ കൗരവന്മാരേയും അവരുടെ പത്നിമാരേയും പിടിച്ചു കെട്ടി. തോറേറാടിയ കൗരവസേനയിൽപെട്ട ചിലർ ധർമ്മപുത്രരുടെ അടുക്കൽചെന്നു സങ്കടമുണത്തിച്ചു. അതുകേട്ടുനിന്ന ഭീമസേനൻ സന്തോഷിക്കയാണുണ്ടായതു്. ആ സന്തോഷം, "ഞങ്ങൾ ചെയ്യേണ്ടുന്ന കൃത്യം ചെയ്തു ഗന്ധർവ്വരിപ്പോഴേ" എന്നിങ്ങനെ വാഗ്രൂപത്തിൽ പുറത്തു പുറപ്പെടുകയും ചെയ്തു. ധർമ്മപുത്രർ ശാന്തമായി ഇങ്ങനെ പറഞ്ഞു:

'ഉണ്ണീ, നമ്മെല്ലാരുണമെന്നോർത്തു പേടിച്ചണഞ്ഞതിൽ
കുഴങ്ങും കൗരവന്മാരോടെന്തേ നീ ചൊന്നതിങ്ങനെ?
ഛിദ്രം കലഹവും ദായാദികൾക്കുണ്ടാം വൃകോദരാ
വരാം വിദ്വേഷവും പക്ഷേ; കുലധർമ്മം നശിച്ചിടാ;
ഗന്ധർവ്വർ ദുര്യ്യോധനനെ ബലാൽ ബന്ധിച്ചതിങ്കലും
അന്യർ പെണ്ണുങ്ങളെത്തൊട്ടെന്നതിലും കെട്ടിതെൻകുലം''

ധർമ്മപുത്രരുടെ ഈ വാക്കുകേട്ടു സന്തുഷ്ടരായ ഭീമസേനനും അർജ്ജുനനും കൂടിപ്പോയി ഗന്ധർവ്വന്മാരോടു യുദ്ധംചെയ്കയും കൗരവന്മാരെ മോചിപ്പിക്കയും ചെയ്തു. യുദ്ധാവസാനത്തിൽ അർജ്ജുനനും ചിത്രസേനനും ചങ്ങാതിമാരായിത്തീർന്നു. കൗരവന്മാരെ പിടിച്ചു കെട്ടിയതെന്തിനാണെന്നു് അർജ്ജുനൻ ചിത്രസേനനോടു ചോദിച്ചു. "അവരുടെ ദുഷ്ടത മുഴുവൻ നിങ്ങൾക്കു മനസ്സിലായിട്ടില്ല. നി

ങ്ങളെ—പ്രത്യേകിച്ചു പാഞ്ചാലിയെ—മാനസികമായി ഹിംസിക്കാനാണ് ഇവർ ഈ കാട്ടിലെത്തിയതു്. ഈ വിവരം മുൻകൂട്ടി അറിഞ്ഞ ദേവേന്ദ്രൻ അവരെ പിടിച്ചു കെട്ടിക്കൊണ്ടുചെല്ലാൻ കല്പിച്ചതനുസരിച്ചാണ് ഞങ്ങൾ വന്നതു്. ആ ദുഷ്ടനേയും അവൻെറ പെണ്ണുങ്ങളേയും കൊണ്ടു ദേവരാജൻെറ മുമ്പിലേക്കു ചെല്ലട്ടെ. അതിന് എന്നെ അനുവദിക്കുക" എന്നായിരുന്നു ചിത്രസേനൻെറ മറുപടി. അർജ്ജുനൻ അതിനു സമ്മതിച്ചില്ല. ദുര്യോധനാദികളെ മോചിപ്പിക്കുന്നതാണ് തനിക്കു കൂടുതൽ ഇഷ്ടമെന്നും തങ്ങളുടെ ഹിതം കാംക്ഷിക്കുന്ന ദേവേന്ദ്രന്നു് അതിൽ അതൃപ്തി തോന്നുകയില്ലെന്നും പറഞ്ഞു് കൗരവന്മാരെ മോചിപ്പിക്കയാണു് അർജ്ജുനൻ ചെയ്തതു്. ബന്ധനവിമുക്തനായ ദുര്യോധനനോടു ധർമ്മപുത്രൻ ഇങ്ങനെ പറഞ്ഞു:

'ഉണ്ണീ, ചെയ്യോല്ലിപ്രകാരം സാഹസം മേലിലെന്നുമേ.
സാഹസം ചെയ്തിട്ടൊന്നോർക്കസുഖം കിട്ടില്ലൊരിക്കലും.'

അഭിമാനക്ഷയത്തിൽ ലജ്ജിതനായ കൗരവരാജാവ് ഹതഗർവ്വനായി രാജധാനിയിലേക്കു മടങ്ങി. ധർമ്മപുത്രാദികൾ പണ്ടത്തേപ്പോലെ ഭൂദേവാശ്ലിതരായി മഹർഷിവൃന്ദത്തോടുകൂടി ദ്വൈതവനത്തിൽ സസുഖം താമസിച്ചു.

## കിളിപ്പാട്ടിലായപ്പോൾ

ഇങ്ങനെ 11 അദ്ധ്യായങ്ങളിൽ 293 പദ്യങ്ങളെക്കൊണ്ടു മൂലഗ്രന്ഥകാരൻ വിസ്തരിച്ചിട്ടുള്ള ഘോഷയാത്ര എഴുത്തച്ഛൻെറ കൈയിലെത്തിയപ്പോൾ 15 ഈരടിക

ളായി ചുരുങ്ങിയിരിക്കുന്നു. ആ വരികളാണു് താഴെ ചേക്കുന്നതു്.

“അക്കാലം ധൃതരാഷ്ട്രപുത്രരും ബന്ധുക്കളും
മുഖ്യമായുള്ള ചതുരംഗമാം ബലത്തോടും
ദിക്കുകൾ മുഴങ്ങീടും വാദ്യഘോഷങ്ങളോടും
വിഖ്യാതന്മാരായുള്ള പാണ്ഡവന്മാരെക്കൊൽവാൻ
ഭോഷനാം നാഗധ്വജൻതന്നുടെ നിയോഗത്താൽ
ഘോഷയാത്രയും തുടങ്ങീടിനാർ വനം തോറും
പതിനോരാണ്ടു കഴിഞ്ഞിരിക്കുന്നനന്തരം
ചതിയാൽ പൊയ്കതന്നിൽ മരുന്നു കലക്കിനാർ
ഉദ്യോഗം കണ്ടനേരം കൗരവന്മാരെ വെൽവാൻ
വൃത്രാരി ചിത്രരഥൻതന്നെയും നിയോഗിച്ചാൻ
യോഗ്യമല്ലിതു നിങ്ങൾക്കെന്നതു ഗന്ധർവ്വന്മാർ
ഭാഗ്യഹീനന്മാരവരോടു പോർ ചെയ്താരപ്പോൾ
പോരിനു വിരുതുള്ള വീരനാം ചിത്രരഥൻ
പാരാതെ നൂറവരെപ്പിടിച്ചു കെട്ടിക്കൊണ്ടാൻ.
ആരിനി വീണ്ടുകൊൾവതെന്നു കർണ്ണാദികളും
നാരിമാരെന്നപോലെ ധർമ്മജനോടു ചൊന്നാർ
പോരിൽ നാം ചെയ്യേണ്ടുന്ന കാരിയമിതുകാല-
മാരാനും ചെയ്യുന്നതു മുടക്കീടരുതല്ലോ.
മാരുതിയിത്ഥം ചൊന്നനേരത്തു ധർമ്മാത്മജൻ
വീര, കേളിതു ധർമ്മമല്ലെന്നു ധരിക്കണം.
ശാശ്വതനൃപധർമ്മം ശത്രുക്കളെന്നാകില-
മാശ്രിതന്മാരെ രക്ഷിച്ചീടേണമെന്നാകുന്നു.
പാണ്ഡവന്മാരും ചെന്നാർ വീണ്ടുകൊള്ളുവാനായി
ഗ്ഗാണ്ഡീവം കുലചെയ്തു ഫൽഗുനൻ വീണ്ടുകൊണ്ടാൻ
മന്നവ സുയോധന പോക രാജ്യത്തിനെന്നു
ധന്യനാം ധർമ്മാത്മജനനുജ്ഞ കൊടുത്തപ്പോൾ
ഉന്നതനായഭീമൻ സംശയം തീരുവാനായ്
പന്നഗധ്വജനാദിയായുടനെണ്ണിയിട്ടാൻ
ഒന്നിനെയെത്തീലെന്നിട്ടറിഞ്ഞാനെണ്ണിയപ്പോൾ
മന്നനുമൊത്തുവെന്നിട്ടനുജ്ഞകൊടുത്തപ്പോൾ
നാണിച്ചുപുരിപുക്കു മാനിയാം സുയോധനൻ”

എഴുത്തച്ഛൻ തർജ്ജമയിൽ പല സ്വാതന്ത്ര്യങ്ങളും കാണിച്ചിട്ടുള്ളതായി തെളിയുന്നു. ചിത്രസേനനെ ചിത്രരഥനാക്കിയതെങ്ങനെയാണെന്നോ എന്തിനാണെന്നോ മനസ്സിലാകുന്നില്ല. പാണ്ഡവന്മാരെ ചതിച്ചു കൊല്ലുന്നതിനുവേണ്ടിയാണ് കൗരവന്മാർ കാട്ടിലേക്കു പുറപ്പെട്ടതെന്ന് എഴുത്തച്ഛൻ പറയുന്നതും മൂലത്തെ അനുസരിച്ചല്ല. തങ്ങളുടെ പരാക്രമം കാണിച്ചുകൊടുത്ത് പാണ്ഡവന്മാരെ ഒന്നുകൂടി വേദനിപ്പിക്കയും അപമാനപ്പെടുത്തുകയും ചെയ്യുന്നതിനുവേണ്ടി ദുര്യോധനാദികൾ ഘോഷയാത്ര പുറപ്പെട്ടതായിട്ടാണ് മൂലത്തിൽ പറയുന്നത്. പൊയ്കയിൽ 'മരുന്നു കലക്കിയ' കഥയും മൂലത്തിലില്ലാത്തതാണ്. കൗരവന്മാർ നൂറുപേരും തികച്ചുണ്ടോ എന്നുള്ള സംശയം പരിഹരിക്കുന്നതിനായി ഭീമസേനൻ അവരെയൊക്കെ തലതൊട്ടെണ്ണി എന്ന് എഴുത്തച്ഛൻ പറയുന്ന ഭാഗവും മൂലത്തിൽ കാണുന്നില്ല. വളരെ ചുരുക്കിച്ചെയ്ത തർജ്ജമയിൽ ഇത്രയും വ്യത്യാസം എഴുത്തച്ഛൻ വരുത്തിയിരിക്കുന്നു. ആ ഭേദഗതികളുടെ ഔചിത്യം നമുക്കിപ്പോൾ പരിശോധിക്കേണ്ട ആവശ്യമില്ലല്ലോ.

## തുള്ളലിലായപ്പോൾ

കുഞ്ചൻനമ്പ്യാർ കഥയുടെ അലകും പിടിയും മാററിയിരിക്കുന്നു എന്നുവേണം പറയാൻ. പുരാണകഥാകഥനമെന്ന പശ്ചാത്തലത്തിൽ കേരളീയ ജീവിതം ചിത്രീകരിക്കാൻ ഒരുമ്പെട്ട അദ്ദേഹം ഏതു കഥയിലും ഈ സ്വാതന്ത്ര്യം പ്രയോഗിച്ചിട്ടുള്ളതായി കാണാം. ഒരു മുഖവുര എന്ന നിലയിൽ ഉലകുടെ പെരുമാളെ അവത

രിപ്പിച്ചിട്ടാണല്ലൊ നമ്പ്യാർ 'ഘോഷയാത്ര'യെപ്പററി പറയാനുള്ള സന്ദർഭം സൃഷ്ടിക്കുന്നതു്. ദുര്യോധനനും കർണ്ണനും ശകുനിയുംകൂടി ഗൂഢമായി ആലോചിച്ച് ഒരു ചാരനെ ദ്വൈതവനത്തിലേക്കയച്ചിട്ടാണ് പാണ്ഡവന്മാരുടെ വിവരം അറിയുന്നതെന്നു നമ്പ്യാർ പറയുന്നു. രാജധാനിയിലെ ഭൃത്യവർഗ്ഗത്തിൻെറ സ്വഭാവവിവരണത്തിനുള്ള ഒരവസരം സൃഷ്ടിക്കണമെന്നുദ്ദേശിച്ചായിരിക്കാം നമ്പ്യാർ ഇങ്ങനെ ഒരു മാററംവരുത്തിയതു്. ദുര്യോധനൻ ചാരനെ തിരഞ്ഞെടുക്കുന്നതിൽ വളരെ ശ്രദ്ധിക്കണമെന്ന് കർണ്ണനോടു പറയുന്ന അവസരത്തിൽ ദീർഘമായ ഒരു ഭൃത്യനിരൂപണം കാണുന്നു. ചാരൻ കാട്ടിൽ ചെന്നു വിവരമെല്ലാം അന്വേഷിച്ചറിഞ്ഞു ദുര്യോധനാദികളോടുപോയി പറയുന്ന രീതിയിലും ഒരു പുതുമ കാണുന്നുണ്ടു്. ആ ഘട്ടത്തിൽ പാണ്ഡവന്മാക്കനുകൂലമായി ഒരഭിപ്രായപ്രകടനം ചാരനിൽനിന്നുണ്ടാകുന്നതു യാദൃച്ഛികമൊന്നുമല്ല. "ചോറൊരിടത്തിൽ കൂറൊരിടത്തിൽ" എന്നും മററും ദുര്യോധനനെക്കൊണ്ടു ഭൃത്യജാതിയെ ശകാരിപ്പിക്കാനുള്ള ഒരു ഒരുക്കം മാത്രമാണതു്. കണ്ണുമടച്ചുകൊണ്ടുള്ള ശകാരം മുഴുവൻ കേട്ട ചാരൻ ഒരുത്തരവും ഉരിയാടാതെ നിലംതൊട്ടു താണുവണങ്ങിയതും, അതുകണ്ടു 'ശുദ്ധ' നായ ദുര്യോധനൻെറ കോപം ഒന്നു ശമിച്ചതും മററും, ആ ഘട്ടത്തിൽ വളരെ സ്വാഭാവികമായിട്ടുണ്ടു്.

മൂലത്തിൽ ധൃതരാഷ്ട്രർക്കുണ്ടായതായി പറയുന്ന സംശയം തുള്ളലിൽ ദുര്യോധനനാണുണ്ടാകുന്നതു്.

„കാററിൻ മകനൊരു വൻപുലിപോലേ
ചീററിയണഞ്ഞു പിണങ്ങുന്നേരം
തോററു മടങ്ങുകയില്ലല്ലീ നാം?
ഊററക്കാരവർ പലരുണ്ടല്ലോ."

കൗരവജ്യേഷ്ഠന്റെ താല്ക്കാലികമായുണ്ടായ ഈ സംശയം അയാളെ വിട്ടുപിരിയാതെ കഴിഞ്ഞിരുന്നെങ്കിൽ! പക്ഷെ, കലഹപ്രിയനും കുസൃതിക്കാരനുമായ ശകുനിയുടെ ദുരാലോചന ദുര്യോധനനെ മാനസാന്തരപ്പെടുത്തിക്കളഞ്ഞു. അതിനെത്തുടൎന്നാണു് "കാട്ടിലിരിക്കും പാൎത്ഥന്മാൎക്കിഹ കാട്ടീടേണം നമ്മുടെ വിഭവം" എന്ന ആലോചന ദുൎയ്യോധനനുണ്ടാകുന്നതു്. മൂലത്തിൽ ശകുനിയാണു് ആദ്യമായി ഇങ്ങനെ ഒരഭിപ്രായം പുറപ്പെടുവിക്കുന്നതു്. നമ്പ്യാർ, ആ ദുരാലോചന ദുര്യോധനന്റെ ദുഷിച്ചമനസ്സിൽനിന്നുതന്നെ പുറപ്പെട്ടതായിപ്പറയുന്നു. സേനാസന്നാഹത്തിനുള്ള കല്പനയും മററും വളരെ കേമമായിട്ടുണ്ടു്. അതിനെത്തുടൎന്നു ജനങ്ങളുടെ ഇടയിലുണ്ടായ അഭിപ്രായങ്ങൾ നമ്പ്യാർ ഹൃദയംഗമമായി വൎണ്ണിച്ചിരിക്കുന്നു. അഭിപ്രായ പ്രകടനക്കാരിൽ ചിലർ, രാജാവിന്റെ കാൎയ്യക്കാരന്മാർ വന്നു് കണ്ടമൊഴിപ്പിക്കുന്നതും മററും വളരെ തന്മയത്വത്തോടുകൂടി സന്ദൎഭോചിതമായി വൎണ്ണിച്ചിരിക്കുന്നതു ഹൃദയാകൎഷകമായിരിക്കുന്നു. സൈന്യങ്ങളുടെ യാത്രയ്ക്കുള്ള ഒരുക്കം, അച്ചികളുടെ പടകാണാനുള്ള പുറപ്പാടു്, ഘോഷയാത്രയുടെ ഘോഷം, എന്നിവയൊക്കെ കേരളീയമായ ഒരു ഛായകൊടുത്താണു് നമ്പ്യാർ വൎണ്ണിച്ചിരിക്കുന്നതു്.

ചോലകളിൽ വിഷം കലക്കാനുള്ള ഏൎപ്പാടു് എഴുത്തച്ഛനെ അനുകരിച്ചു് നമ്പ്യാരും വൎണ്ണിച്ചിട്ടുണ്ടു്. അതു കണ്ടിട്ടാണത്രെ ചിത്രസേനനും കൂട്ടരും കയൎത്തതു്. കൗരവഗന്ധൎവ്വയുദ്ധവും പോർവിളിയും വീരവാദങ്ങളും മററും സഹജമായ ഫലിതപ്രയോഗത്തോടുകൂടിത്തന്നെയാണു്

കുഞ്ചൻനമ്പ്യാർ പ്രതിപാദിച്ചിരിക്കുന്നതു്. പടയോട്ടം വളരെവളരെ കേമമായിട്ടുണ്ടു്. യുദ്ധത്തിൽ തോറേറാടി വീട്ടിലെത്തിയ ഭീരുക്കളായ ഭടന്മാരോടു സ്ത്രീകൾ പറയുന്ന വാക്കുകൾ കേൾക്കേണ്ടവതന്നെ. അന്നത്തെ നായർ വനിതകൾ യുദ്ധമെന്നുകേട്ടാൽ പേടിക്കുന്നവരായിരുന്നില്ലെന്നും, നേരേമറിച്ചു യുദ്ധത്തിൽ തോറേറാടിവരുന്ന പുരുഷന്മാരെ പ്രോത്സാഹിപ്പിച്ചും വേണ്ടിവന്നാൽ ആക്ഷേപിച്ചും തിരികെ പോൎക്കളത്തിലേക്കുതന്നെ യാത്രയാക്കത്തക്കവണ്ണം ശൗൎയ്യനിധികളായിരുന്നുവെന്നും, ഈ ഭാഗം തെളിയിക്കുന്നു.

പോരിൽ പരാജിതരായ കൗരവന്മാരെക്കൊണ്ടു മുറവിളികൂട്ടിക്കുന്ന ഭാഗം, മൂലത്തിൽ പറയുന്നതുപോലെ, സ്ത്രീകളുടെ നാണംകെട്ട വിലാപംപോലെതന്നെയായിരിക്കുന്നു. അതുകേട്ടു് അകമലിഞ്ഞ ധൎമ്മപുത്രൻ കൗരവന്മാരെ രക്ഷിക്കാൻ സഹോദരന്മാരോടാവശ്യപ്പെട്ടപ്പോൾ ഭീമസേനൻ കയൎത്തു ഗദയുമെടുത്തു പുറപ്പെടുന്നതും മററും നമ്പ്യാരുടെ മനോധൎമ്മവിലസിതത്തിനുള്ള തെളിഞ്ഞ ഉദാഹരണങ്ങളത്രെ. കൗരവന്മാർ ദേവലോകത്തുചെന്നാൽ ഇന്നിന്ന വേലകൾക്കു് അവരെ വിനിയോഗിക്കാമെന്നു ഭീമസേനൻ നിർദ്ദേശിക്കുന്നതു ഫലിതവും പരിഹാസവും നിറഞ്ഞ രീതിയിലാകുന്നു. ഇങ്ങനെയുള്ള ഭാഗങ്ങളിലാണല്ലൊ ആ രസികശിരോമണിയുടെ തനി സ്വഭാവം പ്രത്യക്ഷപ്പെടുന്നതു്. ബന്ധനത്തിൽ നിന്നു മോചിപ്പിക്കപ്പെട്ട ദുൎയ്യോധനാദികളെ പേരുപറഞ്ഞു തലതൊട്ടെണ്ണുന്ന ഭാഗത്തിനുള്ള ഒരു നേരിയ സൂചന കിളിപ്പാട്ടിലും കാണുന്നുണ്ടെങ്കിലും, നമ്പ്യാരുടെ

കൈയിൽ കിട്ടിയപ്പോൾ, അതു് ആരേയും ചിരിപ്പിക്കത്തക്കവിധം ഫലിതമയമായിത്തീൎന്നിരിക്കുന്നു. തേരിൽ കയറിച്ചെന്നു കെട്ടുകളൊക്കെയഴിച്ചും, അഴിയാത്തകെട്ടുകൾ വലിച്ചുപൊട്ടിച്ചും, കുടുമ പിടിച്ചുവലിച്ചും, ചിലരുടെ പിടരി പിടിച്ചു ഞെരിച്ചും, ചിലരെ തേരിൽനിന്നു നിലത്തേക്കെറിഞ്ഞും, ഒന്നുമുതൽ നൂറുവരെ എണ്ണിത്തീൎത്ത ഭീമസേനന്റെ ചിത്രം ആരേയും പൊട്ടിച്ചിരിപ്പിക്കാതിരിക്കയില്ല. ഇതൊക്കെകഴിഞ്ഞു്, "നിങ്ങളുടെ ഭാഗ്യദോഷം കൊണ്ടാണു് ഇങ്ങനെയൊക്കെ വന്നുചേൎന്നതു്. ഇനിയെങ്കിലും ദുരഹംകാരം അല്പമൊന്നു കുറച്ചാൽ കൊള്ളാം. പക്ഷെ, പട്ടിയുടെ വാൽപോലെ നിങ്ങളുടെ സ്വഭാവവും വക്രമായേ ഇരിക്കൂ. രണ്ടായാലും, ഇനി ധൎമ്മപുത്രരുടെ അടുക്കൽചെന്നു വന്ദിച്ചു് മൂന്നുവലത്തുംവച്ചു് പതുക്കെ ഹസ്തിനപുരിയിലേക്കു പോക" എന്നു ഭീമസേനൻ പുച്ഛരസത്തോടുകൂടി ദുൎയ്യോധനാദികളോടുപറയുന്നു. കൌരവരാജൻ നാണിച്ചു തലയും താഴ്ത്തി നാട്ടിലേക്കു മടങ്ങുന്നു.

കഥയുടെ പ്രധാന ശരീരത്തെ സംബന്ധിച്ചിടത്തോളം വലിയമാററമൊന്നും വരുത്തീട്ടില്ലെങ്കിലും, അലകും പിടിയും മാററി എന്നുതോന്നത്തക്കവണ്ണം തുള്ളലിൽ ആദ്യവസാനം നമ്പ്യാരുടെ സ്വതന്ത്രമുദ്ര പതിഞ്ഞുകാണുന്നുണ്ടു്. ഫലിതവും പരിഹാസവും യാതൊരു ക്ഷാമവും കൂടാതെ തട്ടിമൂളിക്കാനുള്ള സന്ദൎഭങ്ങൾ നമ്പ്യാർ വേണ്ടുവോളം സൃഷ്ടിച്ചിരിക്കുന്നു. തന്റെ ഈ ആത്മീയമുദ്ര പതിക്കുന്നതിന്നുവേണ്ടി കഥയിൽ എന്തെല്ലാം മാററങ്ങൾ വരുത്തുകയോ എത്രയെങ്കിലും പുതിയ സന്ദൎഭങ്ങൾ

സൃഷ്ടിക്കുകയോ ചെയ്യുന്നതിന് കുഞ്ചൻനമ്പ്യാൎക്കു യാതൊരു മടിയും ഇല്ലെന്ന് ഏതു തുള്ളൽ വായിച്ചാലും മനസ്സിലാക്കാം. "ഘോഷയാത്ര"യും അതിന് ഒരു ദൃഷ്ടാന്തമാകുന്നു.

## ഉലകുടെപെരുമാൾ

കുഞ്ചൻനമ്പിയാർ ഘോഷയാത്രയിൽ ഒരു ഉലകുടെ പെരുമാളിനെപ്പററി പറയുന്നുണ്ടല്ലൊ. മററു ചില തുള്ളലുകളിലും ആ രാജാവിനെപ്പററി പ്രസ്താവിച്ചുകാണുന്നുണ്ടു്. ആരാണു് ഈ ഉലകുടെപെരുമാൾ? നമ്പ്യാൎക്കു് ബഹുമതനായ ഒരു രാജാവായിരുന്നു അതെന്നുള്ളതു തീൎച്ചതന്നെ. ഘോഷയാത്രയിൽ ഉലകുടെപെരുമാളിന്റെ ഭരണകാലത്തു് രാജ്യം മുഴുവൻ സമ്പൽസമൃദ്ധമായിരുന്നു എന്നു വൎണ്ണിച്ചിട്ടുള്ളതു നോക്കുക. തന്റെ പുരസ്കൎത്താവായ ചെമ്പകശ്ശേരിരാജാവിനെയാണു് 'ഉലകുടെ പെരുമാൾ' എന്ന പദംകൊണ്ടു നമ്പ്യാർ വിവക്ഷിച്ചിട്ടുള്ളതെന്നു ചിലർ പറയുന്നു; തിരുവിതാംകൂർ മാൎത്താണ്ഡവൎമ്മയാണ് നമ്പ്യാരുടെ വൎണ്ണനാവിഷയമെന്നു മററു ചിലർ വാദിക്കുന്നു. അന്തൎഗ്ഗൂഢമായി നമ്പ്യാർ അങ്ങനെ ഉദ്ദേശിച്ചിട്ടുണ്ടോ എന്നു നമുക്കറിഞ്ഞുകൂടാ. വാച്യമായ നിലയിൽ നമ്പ്യാരുടെ വിവക്ഷ അതൊന്നുമല്ലായിരുന്നു എന്ന് 'ഘോഷയാത്ര' യിൽനിന്നു തെളിയുന്നുണ്ടു്.

"ധൎമ്മപ്പെരുമാൾ പണ്ടു നടന്നൊരു
ധൎമ്മത്തിന്നൊരു പിഴ കൂടാതെ
തന്മകനതിലൊരു പത്തുമടങ്ങു സ്വ-
ധൎമ്മസമൃദ്ധി വരുത്തി വസിച്ചാൻ"

എന്നും,

'മായവിതന്നുടെ മകനാം മന്നവ-
നായതനയനൻ വാണൊരുകാലം'

എന്നും,

"മധുരയിൽ മന്നവനെന്നോട്ട ചെയ്യോരു
മതികപടങ്ങളശേഷമിദാനീം
മതിമാന്മാരാം മന്ത്രിവരന്മാർ
മതിയിൽ മറന്നീഹ മരുവീടുകയോ"

എന്നും,

'മാതുലരൈവരെ വെട്ടിക്കൊന്നൊരു
പാതകിയാമവനവനി വെടിഞ്ഞു്
പ്രേതപുരത്തിലിരിക്കണമെന്നതി-
നേതുമെനിക്കൊരു സംശയമില്ല'

എന്നുമുള്ള വരികൾ 'ഉലകുടെപെരുമാളി'നെപ്പററി ചിലൎക്കുള്ള മേല്പറഞ്ഞ അബദ്ധധാരണകളെ മാററാൻ മതിയായ സൂചനകളടങ്ങിയവയാകുന്നു. ഈ വരികളിലടങ്ങിയ കഥകൾ ഒന്നുംതന്നെ, ചെമ്പകശ്ശേരിരാജാവിനേയൊ മാൎത്താണ്ഡവൎമ്മമഹാരാജാവിനേയൊ ഒരുവിധത്തിലും ബാധിക്കുന്നവയല്ലല്ലൊ.

പിന്നെ, ആരാണു് ഈ ഉലകുടെപെരുമാൾ? ആ ചോദ്യം പിന്നെയും ശേഷിക്കുന്നു. തെക്കൻതിരുവിതാംകൂറിൽ 'ഉലകുടെപെരുമാൾപാട്ടു്' അഥവാ 'തമ്പുരാൻ പാട്ടു്' എന്ന പേരിൽ ഒരുതരം പാട്ടും, ആ പാട്ടുപയോഗിച്ചു് ഒരുതരം 'കോലം' തുള്ളലും നടപ്പിലുണ്ടു്. അതിലെ കഥ ഇവിടെ സംഗ്രഹിക്കാം.

പണ്ടു 'വൈകക്കര' എന്ന സ്ഥലത്തു് പാണ്ഡ്യമഹാരാജാവിൻെറ ബന്ധുക്കളായ അഞ്ചു രാജാക്കന്മാരും

അവരുടെ സഹോദരിയായി 'മാലയമ്മ'എന്നൊരു രാജകുമാരിയും താമസിച്ചിരുന്നു. ഈ രാജാക്കന്മാരുടെ ഭരണമാഹാത്മ്യംകണ്ടു് അസൂയാലുവായിത്തീൎന്ന പാണ്ഡ്യമഹാരാജാവു് അവരെ ഒരു കപടയുദ്ധത്തിൽ വെട്ടിക്കൊന്നു. 'മാലയമ്മ' മാത്രം ശേഷിച്ചു ആ രാജകുമാരിയെ 'തമ്പുപ്പെരുമാൾ' എന്ന ഒരു രാജാവു വിവാഹംചെയ്തു. ആ ദമ്പതിമാൎക്കു് ഒരു പുരുഷസന്താനം ജനിച്ചു. ആ കുട്ടിയാണു് പിൽക്കാലത്തു് 'ഉലകുടെപെരുമാൾ' എന്ന പേരിൽ പ്രസിദ്ധനായിത്തീൎന്നതു്.

ഈ പെരുമാൾ പതിനാറാമത്തെ വയസ്സിൽ രാജ്യാഭിഷിക്തനായി. അന്നുമുതല്ക്കുതന്നെ കുലദേവതയായ ഭദ്രകാളിയെ തീവ്രമായ നിഷ്ഠയോടുകൂടി ആരാധിച്ചുതുടങ്ങി. ഒടുവിൽ ദേവി പ്രത്യക്ഷപ്പെട്ടു് ഉടവാൾ, മാല, കിരീടം മുതലായ പല പരിച്ഛദങ്ങൾ ആ ഭക്തനു സമ്മാനിച്ചു. ദേവിയുടെ അനുഗ്രഹംകൊണ്ടു പൂൎവ്വാധികം ധീരനായിത്തീൎന്ന ഉലകുടെപെരുമാൾ, തന്റെ അഞ്ചു മാതുലന്മാരെ വെട്ടിക്കൊന്ന മധുരമഹാരാജാവിന്റനേരെ യുദ്ധത്തിനു പുറപ്പെടുകയും ആ രാജാവിന്റെ ആറു സോദരന്മാരേയും സേനയേയും കൊന്നൊടുക്കുകയും ചെയ്തു. പരാജിതനായ പാണ്ഡ്യൻ തന്റെ പരദേവതയായ സുന്ദരേശ്വരസ്വാമിയെ ഭജിച്ചു ചില വിശിഷ്ടവരങ്ങൾ വാങ്ങി വീണ്ടും യുദ്ധത്തിനു സന്നദ്ധനായിവന്നു. ആ യുദ്ധത്തിൽ ഉലകുടെപെരുമാളുടെ വാൾ മുറിഞ്ഞുപോയി. അങ്ങനെ ഒരു അപശകുനം കണ്ടാൽ പിന്നീടു് യുദ്ധം തുടരരുതെന്നായിരുന്നു ദേവിയുടെ അരുളപ്പാടു്. അതനുസരിച്ചു് കഥാനായകൻ യുദ്ധത്തിൽനിന്നു വിരമിച്ചു; എങ്കിലും

ഒരു ഉത്തമക്ഷത്രിയന്നു് അത്യന്തം അസഹ്യമായ അപജ യാവമാനത്തെ ഭയന്നു് ഉത്തരക്ഷണത്തിൽ ആത്മഹത്യ ചെയ്കയാണുണ്ടായതു്. മാചയമ്മയും മററും പ്രാണത്യാഗം ചെയ്തു് ആ വീരയോദ്ധാവിനെ പിൻതുടൎന്നു.

പതിനേഴുകൊല്ലക്കാലം അദ്വിതീയമായ പരാക്രമത്തോടും അനിതരസാധാരണമായ പ്രജാപാലനപാടവത്തോടുംകൂടി ഉലകുടെപെരുമാൾ നിൎവ്വഹിച്ച ലോകസേവനം ഈ പാട്ടിൽ ഏററവും തന്മയത്വത്തോടുകൂടി ചിത്രണം ചെയ്തിരിക്കുന്നു. അക്കാലത്തു് ഒരു രണ്ടാം രാമരാജ്യത്തിൻെറ മേന്മ 'വൈകക്കര' ദേശത്തിനു ലഭിച്ചു എന്നാണ് പാട്ടിൽ വൎണ്ണിച്ചിട്ടുള്ളതു്.

വീരാരാധകരായ നാട്ടുകാർ പില്ക്കാലത്തു് ഉലകുടെപെരുമാളെ ഒരു ദിവ്യമൂൎത്തിയായി സങ്കല്പിച്ചു്, ആ മൂൎത്തിക്കു സന്നിധാനക്ഷേത്രങ്ങൾ സ്ഥാപിച്ചു് അവയിൽ ഊട്ടു്, പാട്ടു് മുതലായ ആഘോഷങ്ങൾ നടത്തിത്തുടങ്ങി. അമ്പലപ്പുഴദേശത്തിലെ പടയണിയിൽ ശാസ്താംപാട്ടിനു പുറമേ, ഗായകന്മാർ ഉലകുടെപെരുമാൾപാട്ടും ഉപയോഗിച്ചിരിക്കാം. പരിതഃസ്ഥിതികൾ സൂക്ഷ്മദൃഷ്ട്യാ നിരീക്ഷണംചെയ്യുന്നതിൽ സൎവ്വദാ ജാഗരൂകനായിരുന്ന കുഞ്ചൻനമ്പ്യാൎക്കു് ഉലകുടെപെരുമാളുടെ ജീവചരിത്രം ഏററവും ആകർഷകമായിതോന്നിയിരിക്കുമെന്നുള്ളതിനു സംശയമില്ല. അങ്ങനെയായിരിക്കാം 'ഉലകുടെപെരുമാ'ളുടെകഥ ഘോഷയാത്രയിലും മററും കടന്നുകൂടിയതു്. ഏതെങ്ങനെയായാലും, "മധുരയിൽ മന്നവനെന്നൊടു ചെയ്തോരു മതികപടങ്ങൾ"—"മാതുലരെവരെ വെട്ടിക്കൊ

ന്നൊരു പാതകിയാമവൻ" എന്നും മററുമുള്ള വരികളുടെ അർത്ഥം, ഈ തമ്പുരാൻപാട്ടിലെ കഥയുമായി യോജിപ്പിച്ചാൽ മാത്രമേ സുഗ്രഹമായിത്തീരുന്നുള്ളു.

## തുള്ളൽവൃത്തങ്ങൾ

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ തുള്ളൽ മൂന്നുതരമുണ്ട്. ശീതങ്കൻ, പറയൻ എന്നീ പേരുകൾ അമ്പലപ്പുഴയിലെ വേലകളിയിൽനിന്നു പകൎന്നതായിരിക്കാമെന്നു മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. വളരെ പതിഞ്ഞമട്ടിൽ പാടേണ്ടതു പറയൻതുള്ളലാണ്. ശീതങ്കന് അതിനേക്കാൾ അല്പം വേഗം കൂടും. കൂട്ടത്തിൽ വേഗം പാടാവുന്നതു് ഓട്ടൻതുള്ളലാകുന്നു. അതുകൊണ്ടുതന്നെയായിരിക്കാം അതിനു് ആ പേരുകിട്ടിയതു്. 'ഘോഷയാത്ര' ഓട്ടൻതുള്ളൽ എന്ന ഇനത്തിൽ പെട്ടതാകുന്നു. പ്രസ്തുത കൃതിയിൽ തരംഗിണി, അൎദ്ധകേക, സ്വാഗത, സുമംഗല, ശിതാഗ്ര, വക്ത്രം, മിശ്രകാകളി എന്നീ വൃത്തങ്ങളാണു് പ്രാധാന്യേന പ്രയോഗിക്കപ്പെട്ടിരിക്കുന്നതു്. ഇവയിൽ തരംഗിണിയും ശിതാഗ്രയും മാത്രമേ തനിതുള്ളൽവൃത്തങ്ങളായിട്ടുള്ളു അൎദ്ധകേകയും മിശ്രകാകളിയും കിളിപ്പാട്ടുവൃത്തങ്ങളുടെ രൂപാന്തരമാകുന്നു; സ്വാഗത, സുമംഗല, വക്ത്രം എന്നിവ സംസ്കൃതവൃത്തങ്ങളും. എല്ലാ വൃത്തങ്ങളുടേയും ലക്ഷണവും ഉദാഹരണവും യഥാക്രമം താഴെ ചേൎക്കുന്നു.

ദ്വിമാത്രം ഗണമെട്ടെണ്ണം
യതിമദ്ധ്യം തരംഗിണി.

ഉദാ:— i അണിമതികലയും സുരവാഹിനിയും
ഫണിപതിഗണഫണമണികളുമണിയും
ii നെല്ലും പണവും പാത്രങ്ങളുമിവ-
യെല്ലാമനവധി വദ്ധിച്ചതിനാൽ

കേകാ * പാദത്തെയദ്ധിച്ചാ-
ലർദ്ധകേകയതായിട്ടും

ഉദാ:— കല്യാണ വാരിരാശി കല്ലോലജാലംപോലെ
നല്ലോരു തിരുമിഴി വില്ലാട്ടംകൊണ്ടു മമ

സ്വാഗതയ്ക്കു രനഭാ ഗുരു രണ്ടും

ഉദാ:— നില്ലു നില്ലെട സുയോധന കണ്ണാ
നിങ്ങൾ ചൊന്ന മൊഴി നിന്ദിതമെല്ലാം

ഈ സംസ്കൃതവൃത്തത്തെ നമ്പ്യാർ മാത്രാപ്രധാന മായും പ്രയോഗിച്ചുകാണുന്നുണ്ട്.

ഉദാ:— ചിത്രസേനനും വൃന്ദവുമെല്ലാം
ചിത്തസമ്മദം പൂണ്ടു ഗമിച്ചു.

ജഭം ജരത്തോടു സുമംഗലാഭിധം

ഉദാ:— മതം നമുക്കഭിമതം വൃകോദരാ
ഹിതം പറഞ്ഞതുചിതം ഗ്രഹിക്ക നീ

ജഗണാദ്യം ചതുർമ്മാത്ര-
ഗണം നാലു ശിതാഗ്രയാം

ഉദാ:— കരിമ്പു തിന്നാൻ കരിവരനിപ്പോൾ
തരിമ്പു മോഹമതുണ്ടെന്നാകിൽ

ആദ്യക്ഷരം കഴിഞ്ഞിട്ടു
നസകാരങ്ങൾ കൂടാതെ

---

* മൂന്നും രണ്ടും രണ്ട്, മൂന്നും രണ്ടും രണ്ടെന്നെഴുത്തുകൾ
പതിന്നാലിന്നാറുഗണം പാദം രണ്ടിലുമൊന്നുപോൽ
ഗുരുവൊന്നെങ്കിലും വേണം മാറാതോരോ ഗണത്തിലും
നടുക്കു യതി പാദാദിപ്പൊരുത്തമിതു കേകയാം.

നാലിൻ ശേഷം യകാരത്തെ-
ച്ചെയ്യാൽ വക്ത്ര മൻഷ്ടുപ്പിൽ

ഉദാ:— ഉടുക്കും കൊട്ടിക്കൊണ്ടഗ്ര നടക്കുന്ന മേളക്കാരൻ
ഉടുക്കും മുണ്ടും കളഞ്ഞു മിടുക്കും ഭാവിച്ച മണ്ടി

ഇച്ചപോലെ ചിലേടത്തു
ലഘുപ്രായഗണങ്ങളെ
ചേർത്തും കാകളി ചെയ്തീടാ
മതിൻപേർ മിശ്രകാകളി

ഉദാ:— ഗഗനചരമൂഢരേ ഗന്ധർവ്വകീടരേ
ഗമനമിതു വിരവിനൊടു വിഫലതരമാക്കുവൻ

വൃത്തമഞ്ജരിയിലെ ലക്ഷണപരിധിയിൽ പെടാത്ത ചില വൃത്തങ്ങൾ മററു തുള്ളലുകളിലെന്നപോലെ 'ഘോഷയാത്ര' യിലും കാണുന്നുണ്ട്. മററു വൃത്തങ്ങളുടെ അനുഭവംവെച്ചുനോക്കിയാൽ, അന്നു നാടോടികളായിരുന്ന വല്ല ഗാനരീതികളേയും പകർത്തുകയോ പരിഷ്കരിക്കുകയോ ചെയ്തതിൻെറ ഫലമായി രൂപമെടുത്തവയായിരിക്കാം ഈവക വൃത്തങ്ങളും. പല ഭാഷാവൃത്തങ്ങളെപ്പോലെതന്നെ ഇവയ്ക്കും ഇനി ലക്ഷണനിർണ്ണയം സാധിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

# ഘോഷയാത്ര

## (ഓട്ടൻതുള്ളൽ.)

---

അണിമതികലയും സുരവാഹിനിയും
ഫണിപതിഗണഫണമണികളുമണിയും
ഗുണഗണമേറിന പുരിചിടയുടയോൻ
പ്രണതശിവങ്കരനഗജാരമണൻ
കരിണീവടിവു ചമഞ്ഞു വിളങ്ങിന
തരുണീമണിയാം ഗിരിസുതയാ സഹ
കരിവരവേഷം പൂണ്ടൊരു ദിവസം
കരിഹരിശരഭവരാഹമഹാമൃഗ
പരിവൃതമാകിന വിപിനംതന്നിൽ
പരിചൊടു വിഹരിച്ചീടിന സമയെ
പെരുകിന മട്ടമലർവാസനകൊണ്ടും
സുരഭിമലയപവനാഗതികൊണ്ടും
പരിസരമിളദളിഝംകൃതികൊണ്ടും
പരഭൃതപഞ്ചമരാഗംകൊണ്ടും
പരിണതശശധരകിരണംകൊണ്ടും
സരളബകുളമുകുളാവലികൊണ്ടും
സരസിജശര ശരനികരംകൊണ്ടും
സരസി കുമുദവനധൂളികൾകൊണ്ടും
പരവശമാനസരാമവരുടനേ
പരിചൊടണഞ്ഞു പുണർന്നൊരുനേരം

തരസാ വന്നു പിറന്നു വിളങ്ങും
തരുണദിവാകരകോടിസമാനൻ
കരിമുഖമാകിന പരദൈവതമേ
വരമരുളീടുക വന്ദിയ്ക്കുന്നേൻ.

കല്യാണവാരിരാശി കല്ലോലജാലംപോലെ
നല്ലോരു തിരുമിഴി വില്ലാട്ടംകൊണ്ടു മമ
കല്യാണമരുളുക കല്യാണി വാണീദേവി
ഫുല്ലാരവിന്ദരുചി വെല്ലുന്ന ഭംഗിയുള്ള
സല്ലോചനങ്ങളുടെ തെല്ലാടിടകലരും
മല്ലായുധൻെറ പടവില്ലോടു തുലിതമാം
ചില്ലീമയകനക വല്ലീവിലാസംകൊണ്ടു-
മല്ലാസഗുണമളവില്ലാതെ വിലസുന്ന
സല്ലാപമധുരസ സല്ലാളനങ്ങൾകൊണ്ടു-
മെല്ലാ നേരവുമെന്നെ കല്യാണി കാത്തരുൾക.
കല്യേ ഭഗവതി നീയല്ലാതെനിയ്ക്കു ഗതി-
യില്ലാ മമ മനസി വല്ലായ്മ വന്നീടുന്ന-
തെല്ലാമകത്തി പ്രതിമല്ലന്മാരുടെ മദ-
മെല്ലാം കുറപ്പതിന്നു നല്ലോരു വചനകൌ-
ശല്യം തരിക മമ ശല്യങ്ങൾ തീർത്തരുൾക.
മല്ലാധിവാസജായേ മല്ലാക്ഷി സരസ്വതി
ചൊല്ലുവമൊരു കഥ ചൊല്ലേണമെന്നു രുചി
തെല്ലുണ്ടെനിയ്ക്കു പെറുക കില്ലുണ്ടതിനും പിന്നെ
നല്ലോരമൃതരസ കല്ലോലജാലങ്ങൾക്കു
തുല്യങ്ങളാം കവികൾ ചൊല്ലും ജനങ്ങളുടെ
ചൊല്ലുകൾ കേൾക്കതന്നേ നല്ലു നമുക്കതിനു
തുല്യം കവിതാഗുണമില്ലെന്നറിഞ്ഞീടേണം.

വല്ലാത്ത കവിതകൾ ചൊല്ലുന്നവനെക്കാട്ടിൽ
ചൊല്ലാതിരിയ്ക്കുന്നവൻ നല്ല നിരൂപിച്ചാല-
തല്ലാതെ ദുസ്സാമർത്ഥ്യമെല്ലാം തുടങ്ങുന്നോര-
മെല്ലാർക്കും പരിഹാസമല്ലാതെ വരികില്ല.
ഒല്ലാത്ത വാക്കുവന്നു ചൊല്ലുന്ന പുരുഷനെ-
ക്കൊല്ലാതെ കൊല്ലുമുടനില്ലാ മററാജനങ്ങൾ.
വല്ലാത്ത ദുഷിവാക്കു തെല്ലും സഹിച്ചുകൂടാ
തല്ലുകൊണ്ടെന്നാലതു തെല്ലു ദിവസമങ്ങു
ചെല്ലുമ്പോൾ വേദനകളെല്ലാം ശമിച്ചുപോകും;
വല്ലാത്ത വാക്കു ഹൃദി ശല്യം തറച്ചപോലെ
അല്ലൽ വരുത്തുമതിനില്ലങ്ങവസാനമ-
തെല്ലാം വിചാരിക്കുമ്പോൾ ചൊല്ലാനുമെളുതല്ലാ
നല്ല ഗുരുകടാക്ഷമല്ലാതൊരു ശരണ-
മില്ലാ മനുഷ്യർക്കു ചൊല്ലാമൊട്ടുക്കമിനി.
ധരണീസുരകുലമകുടമഹാമണി
ഗുരുനാഥൻ മമ വരമരുളേണം
ധരണിസുരപ്രഭു ചെമ്പകനാടാ-
മരവിന്ദാകര ദിനകരനരശൻ
ധരണീധരനുടെ ചരണാംബുജയുഗ
ശരണീകൃതനിജകരണീയൻ ഗുരു
കരുണാമൃതരസവരുണാലയനതി
തരുണാമിതരുചി പരിണാഹംകൊ-
ണ്ടരുണാമലനവ കിരണാവലിയുടെ
പരിണാമായിതകരുണാകാരൻ
അരുണാംഗുലിനവ ചരണാംഭോരുഹ-
നരുണാപാംഗസ്ഫുരണാനന്ദൻ

ഹരിണാ കനകവിതരണാദിഷു സുര
തരുണാ നീതിഷു ഗുരുണാ ധൈര്യേ
ഗിരിണാ സമഗുണനരുണാ സുമധുര
തരുണീമാനസ ഹരണോചിതനിജ
കരണോന്നതഗുണഭരണോദാരവി-
ഹരണോദാത്തൻ സുരണോദഗ്രൻ
ചരണോന്മുഖജനശരണോന്നിദ്രൻ
ധരണീപാലനശീലൻ നരപതി
ശരണം പരിചൊടു വന്ദിക്കുന്നേൻ
വരണം മമ ഗതി പരിണാമസുഖം.

ഗോഷ്ഠീ സാ വിരളാ ന യത്ര ഘടതേ
സത്താ പുരോഭാഗിനാം
നാരീ സാ ഖലു ദുർല്ലഭാ ന കുസൃതി-
ശ്ലിഷ്ടം യദീയം മനഃ
ദുഷ്പ്രാപഞ്ച തദംബുതീരജരജോ-
രാജിന്ന യദ്ദൃഷ്ടയേ-
ദ്ദുസ്സാധഞ്ച സുഖം തദാവിലയതേ
ദുഃഖാനുവൃത്തിന്ന യൽ.

ഇതിനുടെ പൊരുളു പറഞ്ഞീടാമതു
മതിമാന്മാരറിയേണമിദാനീം:
അതിയായുള്ള ഗുണങ്ങൾ വരുമ്പോ-
ളതിലൊരു ദോഷമകപ്പെട്ടുമല്ലോ:
മുററും നല്ല മഹാജനമെല്ലാം
ചുററും വന്നു നിറഞ്ഞ സഭായാം സഭയിൽ
കുററം നോക്കിപ്പറവാൻ വലിയൊരു
കുററികണക്കിനെ നിൽക്കും ചിലരിഹ;

ദോഷഗ്രാഹികളില്ലാതുള്ളോരു
ദോഷജ്ഞന്മാരുടെ സഭ തുച്ഛം;
വേഷമനോഹരയാകിയ പെണ്ണിന്നു
ദൂഷണമൊന്നുണ്ടതുമുരചെയ്യാം:
പല്ലവമെന്നതുപോലേ ദേഹം
പല്ലും ചുണ്ടുമതെത്ര മനോജ്ഞം
നല്ല കടാക്ഷം നല്ലോരു ഭാവം
സല്ലാപങ്ങളുമാനന്ദകരം
എല്ലാമിങ്ങനെ മംഗലമെങ്കില-
മല്ലാതുണ്ടൊരു ദോഷമവൾക്കും
കല്ലുകണക്കെ കഠിനം ഹൃദയമ-
തല്ലാതുള്ളവൾ ദുർല്ലഭമല്ലോ;
ചാരുതയുള്ളൊരു സലിലത്തിന്നൊരു
നീരസമുണ്ടതു ബോധിക്കേണം,
തീരത്തുള്ളൊരു പൊടിപടലം ബത
ചേരുന്നേരമതൊന്നു കലങ്ങും.
എന്നതുപോലേ നല്ല സുഖത്തിന്നു-
മൊന്നു വിരുദ്ധം ദുഃഖാഗമനം
അന്നന്നോരോ ദുഃഖാനുഭവം
വന്നിടകൂടാതുള്ള സുഖം ബഹു
ദുർല്ലഭമെന്നു ധരിച്ചീടേണം
നല്ല ബുധന്മാരഖിലമിദാനീം
ചൊല്ലിയ പദ്യത്തിന്റെ പൊരുളിതു
വല്ലഭമോടു ഗ്രഹിച്ചീടേണം.
ദൂഷണവാക്കുകൾ ചൊല്ലുകയത്രേ
ഭൂഷണമെന്നു നടിച്ചു നടക്കും

ഭോഷന്മാർ പലരുണ്ടതിനാലി-
ബ്ഭാഷാകവിത മഹാവൈഷമ്യം.
ശ്രുകപുരമമരും പരമശിവൻ മമ
സുകവിത വരുവാൻ വരമരുളേണം;
തകഴിയിലമരും ഹരിഹരസുതനും
സകലഗുണങ്ങൾ നമുക്കു തരേണം;
നഗവരനന്ദിനി മാത്തൂരമരും
ഭഗവതി സതതം കാത്തരുളേണം;
വിഗതകളങ്കം കവികളരപ്പാൻ
മികവു നമുക്കു ലഭിപ്പിയ്ക്കേണം;
അംബരതടിനീനിലയനിലീനമൊ-
രംബുജനയനം നയനാനന്ദം
കംബുകശാപരിശോഭിതമാകിന
ബിംബമെനിയ്ക്കവലംബനമേകം.

ഉലകു ജയിച്ചു ജയശ്രീകൾക്കൊരു
കുലഗൃഹമാകിന കുവലയനയനൻ,
ഉലകുടെ പെരുമാളവനീപതികുല
തിലകമതാകിന മന്നരിൽമന്നൻ,
വലരിപുസന്നിഭനംബുധികാഞ്ചീ
വലയിതമാകിന വസുധാചക്രം
കുല,ബല,ധന,ജന,പൌരുഷശാലീ
നലമേ വാണു വസിയ്ക്കുംകാലം
പാരിൽ ദ്രവ്യവിഭൂതി പെരുത്തു
ദാരിദ്ര്യം ബത കേൾപ്പാനില്ലാ
ചാരുസ്ത്രീകുലപാലികമാരുടെ
ചാരിത്രത്തിനു ഭംഗവുമില്ലാ

ദുർമ്മദമില്ലാ ദൂഷണമില്ലാ
ദുർമ്മുഖമുള്ള ജനങ്ങളുമില്ലാ,
കല്മഷമില്ലാ കശ്മലരില്ലാ
കർമ്മങ്ങൾക്കൊരു ബാധകളില്ലാ,
വഞ്ചനമില്ലാ വൈരമതില്ലാ
വാഞ്ഛിതമൊന്നു വരായ്കയുമില്ലാ,
ചഞ്ചലമില്ലാ ചാപലമില്ലാ
ചഞ്ചലമിഴിമാർക്കല്ലലുമില്ലാ,
നിന്ദകളില്ലാ നിഷ്ഠുരമില്ലാ
നിന്ന നിലയ്ക്കൊരിളക്കവുമില്ലാ,
മന്ദതയില്ലാ മത്സരമില്ലാ
മന്ദിരഭൃതിവിനാശമതില്ലാ,
ഭീഷണിയില്ലാ ഭീതിയുമില്ലാ
ഭീഷണഭാഷണഘോഷണമില്ലാ,
ഏഷണിയില്ലാ എതിർപ്പടയില്ലാ
ഏഷണദോഷവിശേഷമതില്ലാ
മോഷണമില്ലാ മോഹവുമില്ലാ
മോഷ്ടാവെന്നൊരു നാമവുമില്ലാ,
കുണ്ഠിതമില്ലാ കുടിലതയില്ലാ
കുണ്ഠഭുജാബലഭടജനമില്ലാ,
ശണ്ഠകളില്ലാ ശഠതകളില്ലാ
ചണ്ഡികളാകിന മാനുഷരില്ലാ,
സങ്കടമില്ലാ സംഭ്രമമില്ലാ
സംഘവിരോധമൊരുത്തനുമില്ലാ
സങ്കരമില്ലാ സാഹസമില്ലാ
സംഗരഭീതിപരാഭവമില്ലാ,

വ്യാകുലമില്ലാ വ്യാധികളില്ലാ
വ്യാകരണം പഠിയാത്തവരില്ലാ,
ലാഘവമില്ലാ ലാലസമില്ലാ
രാഘവസേവകരല്ലാതില്ലാ,
വിഷഭയമില്ലാ വിഷമമതില്ലാ
വിഷയഭ്രാന്തു പിടിച്ചവരില്ലാ
പിഴകളുമില്ലാ പീഡകളില്ലാ
പിഴകില്ലേപ്പോയ ജനങ്ങളുമില്ലാ
കണ്ടകനില്ലാ കക്ശനില്ലാ
കണ്ടാലഴകില്ലാത്തവനില്ലാ
കാതരനില്ലാ കപടമതില്ലാ
കാതരമിഴിമാക്കൊരു വിനയില്ലാ.
ധമ്മപ്പെരുമാറം പണ്ടു നടന്നൊരു
ധമ്മത്തിന്നൊരു പിഴകൂടാതെ
തന്മകനതിലൊരു പത്തുമടങ്ങു സ്വ-
ധമ്മസമൃദ്ധി വരുത്തി വസിച്ചാൻ.
നെല്ലും പണവും പാത്രങ്ങളുമിവ-
യെല്ലാമനവധി വദ്ധിച്ചതിനാൽ
ഇല്ലങ്ങളിലൊരു ദിക്കുമൊഴിഞ്ഞി-
ട്ടില്ലെന്നായിതു വിപ്രന്മാക്കും.
വിത്തും നെല്ലും വാരിക്കോരി-
പ്പത്തായങ്ങറം നിറച്ചൊരു ശേഷം
പത്തായിരമിനിയുണ്ടതിനാലാ-
പത്തായെന്നു ഗൃഹസ്ഥനു ഭാവം.
പെരുവഴിപോക്കക്ക്ഷ്ടികൊടുപ്പാ-
നൊരുവനുമില്ലൊരു ദുർമ്മുഖലേശം;

LIBRARY. 2455



ഒരുനാഴിക പുലരുന്നതിൽമുമ്പേ
അരിയും കറിയും വെച്ചുളവാക്കി
പെരുവഴിപോക്കർ വരാഞ്ഞിട്ടവരുടെ
പെരുവഴിനോക്കിയിരിയ്ക്കും സരസൻ.
അരമനതന്നിൽ വരും പഥികന്മാ-
ക്കൊരു വൈഷമ്യമൊരിയ്ക്കലുമില്ലാ.
നിരുപിയ്ക്കുമ്പോൾ കൊററു കഴിയ്ക്കാ-
മൊരുകുറിയല്ലത്ര രായും പകലും
കുറിയരിവെച്ചു വെളുത്തൊരു ചോറും
കറികളുമാജ്യം ദധിയും കൂട്ടി
നിറയെക്കൊററുകഴിക്കും പരിഷകൾ
കുറയല്ലെമ്പതുലക്ഷം ദിനവും.
പട്ടന്മാക്കിഹ ചോറുകൊടുപ്പാ-
നൊട്ടല്ലാദരമുലകുടെ മന്നന്.
വട്ടം പലവക പപ്പടി കിച്ചടി
ചട്ടററീടിന ചാറു പരിപ്പും
വണ്ണൻപഴവും പപ്പടവും പല
കണ്ണൻപഴവും കറികളു നാലും
തിണ്ണം ദധി മധു പാലും ഗുളവുമി-
വണ്ണം പ്രാതലിനള്ളൊരു ഘോഷം.
അത്താഴത്തിനു കാച്ചിയ മോരും
പുത്തൻമാങ്ങാ നാരങ്ങാക്കറി
മത്തങ്ങാക്കറി മററും പലവക
നിത്യവുമിങ്ങനെ ഭോജന ദാനം
കൂത്തുണ്ടൊരു ദിശി പാട്ടുണ്ടൊരു ദിശി
ഓത്തുണ്ടൊരു ദിശി കീർത്തനമൊരു ദിശി

ആട്ടമൊരേടത്തഭ്യാസികളുടെ
ചാട്ടമൊരേടത്തായുധവിദ്യാ
കൊട്ടും കോലടി ചെപ്പടി തപ്പടി
തട്ടമ്മേൽക്കളി തകിലും മുരശും
നാടകനാടനം നർമ്മവിനോദം
പാഠകപാഠനം പാവക്കൂത്തും
മാടണിമുലമാർമോഹിനിയാട്ടം
പാടവമേറിന പലപല മേളം;
ചന്തം തടവിന ചതുരംഗങ്ങളു-
മന്തരഹീനം പകിടക്കളിയും
പന്തടി വീണാ വേണു മൃദംഗം
ചിന്തും പേരണി പോരണിവിധവും
അന്തണവരരുടെ ശാസ്ത്രവിചാരം
ഗ്രന്ഥികളുടെ പടുമത്സരവാദം
സന്ധിതുടങ്ങിന നയശാസ്ത്രങ്ങളു-
മെന്തിതു ചൊന്നാലില്ലവസാനം.
ദന്തികളനവധി കാലാളുകളും
പന്തി നിറഞ്ഞൊരു കുതിരപ്പടയും
ലന്തത്തോക്കു പറങ്കിത്തോക്കുകൾ
കുന്തം ചവളം വില്ലും ശരവും
ആയുധവാഹനവിഭവം പാവാ-
നായിരമാനനമുള്ളവനും പണി.

മായവിതന്നുടെ മകനാം മന്നവ-
നായതനയനൻ വാണൊരു കാലം
നായന്മാരുടെ വീടുകൾതോറും
മായാഭഗവതി വിളയാടുന്നു.

കായസ്ഥന്മാരച്ചന്മാക്കൊരു
കായക്ലേശവുമില്ലക്കാലം
അഞ്ചുപറയ്ക്കുള്ളൊരു കണ്ടത്തിൽ
പുഞ്ചവിതച്ചു വിളഞ്ഞതു കൊയ്താൽ
അഞ്ചുജനത്തിന്ന ചെലവു കഴിയ്ക്കാ-
മഞ്ചുമൊരേഴും മാസം മുഴവൻ
തൻചിലവുകളും വിത്തും കൂലിയു-
മഞ്ചാതേ കണ്ടങ്ങു കഴിച്ചാൽ
അഞ്ചോ പത്തോ വാശ്ശു കൊട്ടപ്പാൻ
വാഞ്ഛരിച്ചാലതുമതിലുണ്ടാവും,
കണ്ടങ്ങളിലുഴവെന്നതു കൂടാ-
തുണ്ടാമനവധി നെല്ലതുകാലം.
കണ്ടങ്ങളിലുളവാം വിളവളവേ
കണ്ടവരില്ല കൃഷിക്കാരന്മാർ.
പ്രജകളെ രക്ഷിപ്പാൻ വിരുതുള്ളോ-
രെജമാനന്മാരതിസരസന്മാർ,
ദ്വിജവരഭക്തിയുമെത്ര വിശേഷം
വിജയസമർത്ഥന്മാരവരെല്ലാം.
നാരികളോട്ടു വിചാരിച്ചിട്ടൊരു
കാര്യക്ലേശവുമന്നില്ലേതും
നേരല്ലാതൊരു സംസാരങ്ങളി-
ലാരംഭങ്ങളുമില്ലക്കാലം.
അപരാധികളോടർത്ഥം വാങ്ങീ-
ട്ടപരാധത്തെ മറയ്ക്കയുമില്ലാ,
ഉപകാരം ചെയ്യവരെത്തന്നോ
കൃപകൂടാതെ ചതിയ്ക്കയുമില്ലാ,

ദൂഷണമുള്ളതു ധനവാനെങ്കിൽ
ഭൂഷണമെന്നൊരു ഭാവവുമില്ലാ
ഏഷണികേട്ടിട്ടെജമാനൻ ചില
ഭീഷണികാട്ടുകയില്ലതുകാലം,
ജാതിസ്സൎഹതയില്ലാത്തുള്ളതു
ചെയ്തീടുന്ന ജനങ്ങളുമില്ലാ:
കോട്ടക്കച്ച മണപ്പാടൻ വക
കോട്ടാറൻ പല തുപ്പട്ടുകളും
കട്ടിക്കവണികൾ പട്ടുതരങ്ങളു-
മെട്ടുമുഴം പല സോമൻമുറിയും
കെട്ടിക്കാച്ചിയ മുണ്ടുകളെന്നിവ
കെട്ടിയെടുക്കും പട്ടന്മാർ ചിലർ
നാട്ടിൽ നടന്നൊരു വാണിഭമെന്നതു
കേട്ടിട്ടില്ലക്കാലത്തിങ്കൽ;
ഏഴവെളുപ്പിന്നേററു കുളിച്ചൊരു
പാഴവരാതെ കഴിയ്ക്കും നിയമം.
താഴകയില്ലൊരുദിക്കിലുമെന്നാ-
ലൂഴിയിലുള്ള മഹാവിപ്രന്മാർ.

ഉലകിനിവണ്ണം പൊലിമവരുത്തി-
ക്കുലബലഭൂഷണമുലകുടെ പെരുമാൾ
പലപല മന്ത്രികളോടിടകൂടി-
പ്പുലസുഖസമ്മുഖം വാണരുളുന്നാൾ,
ഒരുദിനമരചൻ നരവരസഭയിൽ
പരിചൊടു മണിസിംഹാസനമേറി
പ്പരിണതരാകിന മന്ത്രികളോടൊ-
ന്നരുളിച്ചെയ്താനമിതോത്സാഹൻ:-

“മധുരയിൽമന്നവനെന്നൊട്ടു ചെയ്തോരു
മതികപടങ്ങളശേഷമിദാനീം
മതിമാന്മാരാം മന്ത്രിവരന്മാർ
മതിയിൽ മറന്നിഹ മരുവീടുകയോ?
മതിയാകില്ലവനെക്കൊലചെയ്വാ-
നിതിലൊരു പുരുഷനുമെന്നൊരു മതമോ?
മതിമതിയെന്തിനനത്ഥമിതെന്നൊരു
മതിമാന്ദ്യേന വസിച്ചീടുകയോ?
അതിനു തുടന്നാൽ ചെലവിടുവാൻ ഞാൻ
മതിയല്ലെന്നൊരു ദുർബ്ബോധംകൊ-
ണ്ടതിയായിട്ടൊരു സന്നാഹത്തിനു
മതിമാന്മാരു മടിച്ചീടുകയോ?
മാതുലരെവരെ വെട്ടിക്കൊന്നൊരു
പാതകിയാമവനവനി വെടിഞ്ഞഥ-
പ്രേതപുരത്തിലിരിയ്ക്കണമിന്നതി-
നേതുമെനിയ്ക്കൊരു സംശയമില്ലാ,
ക്ഷോണീപതിയെന്നിങ്ങനെയുള്ളൊരു
നാണിയമിങ്ങു നശിച്ചുതുടങ്ങി.
നാണംകെട്ടൊരു കോണിലിരിപ്പാ-
നാണുങ്ങൾക്കതു ഗുണമായ് വരുമോ?
ഊണുമുറക്കവുമെന്ന്യേയൊരുതൊഴിൽ
കാണുന്നീലിഹ യജമാനന്മാ-
ക്കേണവിലോചനമാരെപ്പോലെ
വാണാൽ മതിയൊ മതിമാന്മാരേ?
ഊണുകഴിപ്പാനടവിയിലുടനേ
ന്നൂണു നടക്കും ക്രോഷ്ടാവും മതി,

ആണുങ്ങൾക്കു പിറന്നവനീവിധ-
മൂണുകളൊന്നുമൊരൂണായീലാ,
ക്ഷീണമകന്നുടനരിഭടപടയെ-
ബ്ബാണാൽകൊണ്ടു തകൎത്തവരുടെ
ശോണിതശോണമതാകിന ദേഹം
ക്ഷോണിയിലിട്ടു പിരട്ടി ശ്വാവിനൊ-
രൂണിനു നൽകി സ്വാമിയെ വന്നഥ
താണുവണങ്ങിത്തരസാ കിട്ടുമൊ-
രോണപ്പുടകയുടുത്തുടനുളവാ-
മൂണത്രേ പുനരൂണെന്നറിവിൻ."

ഇത്ഥം നൃപനുടെ വാക്കുകൾ കേട്ടതി
വൃദ്ധനതാകിന മന്ത്രിപ്രവരൻ
സത്വരമെഴുന്നീററടിമലർ കൂപ്പി-
ട്ടുത്തരമിത്തരമൊന്നറിയിച്ചാൻ:—
"അരുളിച്ചെയ്തതു സത്യമിതൊന്നും
നിരൂപിയ്ക്കായ്കയുമല്ലടിയങ്ങൾ,
കുരുസുതരാകിന നൂററുവരെപ്പോ-
ലരുതൊരു സാഹസമെന്നൊരുപക്ഷം
നരപതി ധൎമ്മജനനുജന്മാരും
പരിചൊടു വിപിനേ വാഴുംകാലം
ഉരഗധ്വജനും സഹജന്മാരും
തരസാ തങ്ങടെ വിഭവം കാട്ടാൻ
പെരുകിന പടയും കുടയും തഴയും
കരിതുരഗങ്ങളുമെന്തൊരു ഘോഷം,
നിരുപമപൌരുഷമവിടെച്ചെന്നാർ.
നിരൂപിയ്ക്കാതൊരു നാണക്കേടഥ

വീരവൊട്ട കീൎത്തിത്തലയും താഴ്ത്തീ-
ല്പൂരിപുക്കാരത്തു കേട്ടിട്ടില്ലേ?"
അരുളിച്ചെയ്താനലകുടെ പെരുമാൾ
"അതുമാത്രം ഞാൻ കേട്ടിട്ടില്ല.
പെരുകിന കൌതുകമുണ്ടതു കേൾപ്പാൻ
പരിചൊടു തൽക്കഥ കഥനംചെയ്ക."
അരുളപ്പാടതു കേട്ടൊരു സചിവൻ
കരതളിർക്കൂപ്പിക്കഥനംചെയ്താൻ-
  എങ്കിലൊരുന്നാളരഗദ്ധ്വജനും
ഹുംകൃതിയേറിന ശകുനിയുമുടനേ
പങ്കജലോചനപാദാംബുജമധു
ഭൃംഗമതാകിന ധൎമ്മാത്മജനെ
കള്ളച്ചൂതുകൾകൊണ്ടു ചതിച്ച-
ക്കള്ളന്മാരുടനടവിയിലാക്കി
വെള്ളക്കുടയും പടയും രാജ്യവു-
മുള്ള പദാൎത്ഥമശേഷമടക്കി
ഭള്ളുനടിച്ചു തടിച്ചു മദംകൊ-
ണ്ടുള്ളു നിറഞ്ഞു കവിഞ്ഞീടും മല-
വെള്ളത്തിരപോലിരവും പകലും
തള്ളിയലയ്ക്കും പരിതോഷത്താ-
ലുള്ളത്തിൽപ്പുനരുത്തമപുരുഷരി-
ലെള്ളോളം ബഹുമാനംകൂടാ-
തുള്ള ശഠന്മാരോടിടകൂടി
തള്ളലിയന്നു വസിക്കുംകാലം,
ധൎമ്മതനൂജനുമനുജന്മാരും
പെണ്മണിയാളാം ദ്രൌപദിതാനും

നിൎമ്മലരാകിന വിപ്രന്മാരും
ശൎമ്മദമാകിന ധൎമ്മാരണ്യേ
നിൎമ്മലതീൎത്ഥജലങ്ങളുമാടി-
ധാൎമ്മികരാകിന താപസവരരുടെ
സമ്മാനത്തെ ലഭിച്ചുലഭിച്ചും
കിൎമ്മീരാസുരനിധനാനന്തര-
മന്തരിതാഖില ചിന്താഭാരം
സന്തോഷാംബുധിവൻതിരനീന്തി
ശാന്തന്മാരവരന്തന്നരോടേ
ഹന്ത സുഖിച്ചു നിതാന്തമനോഹര-
കാന്താരേ നിജകാന്താസഹിതം
ക്ലാന്തിവെടിഞ്ഞതികാന്തിയുതന്മാ-
രന്തസ്സുഖമൊടു ചെന്താർമകളുടെ
കാന്തൻതന്നുടെ കാന്തം തിരുവുടൽ
ചിന്തിച്ചധിഗതസന്തതമോദമ-
നന്തദുരന്തനിരന്തരമാം ഭവ-
സിന്ധുതരംഗനിബന്ധനമൻപൊടു
സന്തരണംചെയ്തവിടെ വസിച്ചാർ.

അക്കാലം ദുൎയ്യോധനൻ ചൊല്ലുകൊണ്ടനുജന്മാരും
അൎക്കാത്മജൻ കൎണ്ണനും ധിക്കാരി ശകുനിയും
ഉൾക്കാമ്പിലുള്ള വൈരം ഒക്കെ പ്രകാശിപ്പിച്ചു
തക്കത്തിലൊരുദിക്കിലൊക്കെത്തികഞ്ഞുകൂടി
പൊക്കത്തിലുള്ള പുരി പുക്കാശു ചെന്നിരുന്നു
സൽക്കാരങ്ങളുംചെയ്തു സൽകൌതുകവുംപൂണ്ടു
നില്ക്കുന്ന കൎണ്ണനുടേ കൈയ്യും പിടിച്ചു മെല്ലെ
ചിക്കെന്നു പലപല വാക്കുകളുരചെയ്തു

വെക്കുന്നു സുയോധനൻ ഇക്കണ്ട നമുക്കെല്ലാം
ഇക്കാലം നിരൂപിച്ചതൊക്കെസ്സഫലമായി
ഭോഷ്കല്ല ബോധിയ്ക്കേണം ഓൎക്കുമ്പോളിപ്രയോഗം
ആൎക്കും വരുന്നതല്ലാ; പാൎക്കാതവരെക്കാട്ടി-
ലാക്കാനുള്ളുപദേശമാൎക്കും മാതുലനല്ലാ-
താക്കാനും സാധിയ്ക്കുമോ?
ഊക്കുള്ള ഭീമസേനൻ തോല്ക്കുമെന്നിതുനാളും
ആൎക്കും നിനവില്ലതും ഇക്കാലം സാധിച്ചല്ലോ.

വണ്ണൻവാഴകണക്കു തടിച്ചൊരു
പൊണ്ണൻ മാരുതി മലയുടെ മൂട്ടിൽ
കണ്ണുമയങ്ങി വിശന്നു തളൎന്നൊരു
മണ്ണിൽ മലൎന്നു കിടന്നുഴലുന്നതു
കണ്ണുകൾ കൊണ്ടതു കണ്ടു രസിപ്പാൻ
കണ്ണാ, കൌതുകമിയലുന്നല്ലീ?
കൎണ്ണസുഖം പുനരവരുടെ വാൎത്താ-
കൎണ്ണനമാത്രമതും മതിതാനും.
ഓട്ടന്മാരിലൊരുത്തനെ വിരവൊടു
വിട്ടീടുക നാമെങ്കിലിദാനീം
കാട്ടിൽ ചെന്നവനവരുടെ ഗോഷ്ഠിക-
ളൊട്ടൊഴിയാതെ ഗ്രഹിച്ചു വരേണം;
കാട്ടിൽ നടക്കും കാട്ടുമൃഗത്തെ-
ക്കാട്ടിൽ പരവശഭാവത്തോടെ
പട്ടിണിയിട്ടു നടക്കുന്നവരുടെ
ചട്ടമശേഷം കേട്ടു രസിക്കണ-
മൊട്ടും താമസമരുതരുതതിനിഹ
വട്ടംക്കൂട്ടുക വടിവൊടു കണ്ണാ,

കോട്ടമതില്ലാത്തോട്ടനെയുടന-
ക്കാട്ടിനു പോവാൻ വിട്ടീടുക നീ.
നന്നായ് വകതിരിവുള്ളൊരു പുരുഷനെ-
യിന്നു നിയോഗിച്ചീടണമതിനായ്,
ഒന്നും തിരിയാത്താളുകളുണ്ടിഹ
മന്ദന്മാരവരെന്തിനുകൊള്ളാം?
തിന്നു മുടിപ്പാനല്ലാതവരാ-
ലൊന്നുമെനിക്കൊരു ലാഭമതില്ലാ,
ലൊന്നിനയച്ചാലതു സാധിക്കി-
ല്ലെന്നല്ലമളിയുമൊന്നു വരുത്തും,
തന്നത്താനറിയാത്തൊരു കൂട്ടം
വന്നു നിറഞ്ഞു നമ്മുടെ നാട്ടിൽ
എന്നുടെ മുതലു മുടിപ്പാനെപ്പോഴു-
മെന്നുടെ ഭൃത്യന്മാർ മുതിരുന്നു,
അഷ്ടി കണക്കിനു കൂടാഞ്ഞാലവർ
കുട്ടിപ്പട്ടരെയേത്തമിടീക്കും,
പട്ടിണിയെന്നതു നമ്മുടെ പിള്ള-
ക്കൊട്ടുംതന്നെ സഹിപ്പാൻ മേലാ,
വെട്ടമെടുക്കുംമുമ്പേ യഷ്ടികൾ
ഘട്ടിസ്സാദമെടുത്തു ഭുജിക്കും
കട്ടത്തൈരും കൂട്ടിയുരുട്ടിയ-
തൊട്ടപ്പതുമൊരു പഞ്ചപ്രസ്ഥം,
കൊററു കഴിച്ചോരു തെക്കൻമുണ്ടും
ചുററിയുടുത്തൊരു തൊങ്കലു തൂക്കി
വെററില തിന്നു മുഴപ്പിച്ചുംകൊ-
ണ്ടേററു തിരികും രസികന്മാരായ്.

കററക്കുഴൽമണിമാരുടെ വീടുകൾ
പററിപ്പുകിട പറഞ്ഞു രസിച്ചും,
വെററ പിടുങ്ങിത്തിന്നുടനവരുടെ
കുററമുരച്ചു ചിരിച്ചു തിരിച്ചും,
പകയുള്ളവരെപ്പിഴ ചെയ്യിച്ചൊരു
വകയുണ്ടാക്കും പുകയിലകൊൾവാൻ.
പകലും രാവുമഹങ്കാരത്തിനു
മികവുള്ളവരിവരെന്തൊരു കഷ്ടം!
തിരുവുള്ളക്കാരിവരെന്നോർത്തി-
ട്ടുരിയാട്ടുകയില്ലറിവുള്ളവരും.
തിരിയാത്തവരിവരൊരുവക്കും വഴി
തിരിയാ പെരിയ ജനത്തിനുപോലും
മുടിയന്മാരിവരാകൃതി കണ്ടാൽ
തടിയന്മാരൊരു വേലയെടുപ്പാൻ
മടിയന്മാർ പല ജനമുണ്ടിഹ കൾ-
ക്കുടിയന്മാരവരൊന്നിനുമാകാ.
ചോറു കൊടുക്കും യജമാനങ്കൽ
കൂറുള്ളവരിഹ പാരം കുറയും
മാറുകയില്ല പറഞ്ഞാലെന്നാ-
ല്ലേറുകയേ വരു ദിവസന്തോറും.
ഏറുകൊടുപ്പാൻ തോന്നുമെനിക്കി-
പ്പോറകളുടെ ധിക്കാരം കണ്ടാൽ,
ന്നൂറു ജനത്തിലൊരുത്തനു നേരി-
ല്ലീറ വരുന്നതു പെരുത്തോ കണ്ണാ!
തോണി കടന്നാൽ തുഴ കൊണ്ടെന്തൊരു
നാണിയമുണ്ടതു ഭോഷ്കല്ലേതും,

ഊണു കഴിച്ചു തിരിച്ചാലവരെ-
ക്കാണുകയില്ലൊരു ദിക്കിൽപ്പോലും,
കാണുകയില്ലെന്നില്ല തിരഞ്ഞാ-
ലേണാക്ഷികളുടെ വീട്ടിൽ കാണാം.
അത്താഴത്തിന്നില വെയ്ക്കുമ്പോ-
ളെത്താത്തവരുടെ പുലകൊണ്ടിടാം
ചത്താലും വരുമഷ്ടിയടുത്താ-
ലോത്താലിങ്ങു് വെറുപ്പാകുന്നു.
കൂറില്ലാത്തവരെങ്കിലുമിവരുടെ
ചോറു മുടക്കാൻ മടിയാകുന്നു.
നീറും ക്ഷുത്തു വളർന്നീടുമ്പോ-
ളാരും ഭേദമതില്ലെന്നറിക.
ഈവിധമോരോന്നുരചെയ്യുന്നാൽ
കേവലമതിന്നേ നേരവുമുള്ളൂ,
ദൈവികമുള്ളൊരു ദൂതനെ വിരവൊടു
പോവതിനാശു നിയോഗിച്ചാലും"
അതു കേട്ടമ്പൊടു രാധാതനയൻ
മതിമാനാകുമൊരോട്ടനെ വിരവൊടു
ഹിതമൊടു മെല്ലെ വിളിച്ചു വരുത്തി
ക്ഷിതിപതിശാസനമങ്ങുരചെയ്താൻ.

ഓട്ടൻ വചനമതു കേട്ടമ്പൊടു സരസ-
നൊട്ടും മടികൂടാതെ ഓട്ടം തുടങ്ങിയൊരു
കോട്ടം വരാതെ ചെന്നു കാട്ടിലങ്ങകംപുക്കു
കാട്ടുമൃഗങ്ങളുടേ കൂട്ടത്തെയവനേറ്റും
കൂട്ടാക്കാതെ കണ്ടോരോ കോട്ടിൽ തിരഞ്ഞു മല
മൂട്ടിൽ നടന്നു പല തോട്ടിൽ ചില വലിയ

മേട്ടിന്മുകളിലോരോ കോട്ടിൽ മുനികളുടെ
കൂട്ടത്തെക്കണ്ടു കണ്ടങ്ങൊട്ടുനേരം ചെന്നപ്പോൾ
കേട്ടു ദ്വൈതകമെന്ന കാട്ടിൽ മരുവീടുന്നു
ശ്രേഷ്ഠന്മാരായുള്ള യുധിഷ്ഠിരാദികളെന്നു.

ദ്വൈതേതരസുഖരസികന്മാരായ്
ദ്വൈതവനത്തിൽ വസിച്ചരുളീടും
ശീതകിരണകുലതിലകന്മാരാം
ഭൂതലനുതനച്യുതശരന്മാർ
പാർത്ഥന്മാരവരമിതാനന്ദകൃ-
താർത്ഥന്മാരതിപാവനമാകിന്ന
തീർത്ഥസ്നാനം ചെയ്തു സുഖിച്ചോര-
നർത്ഥം കൂടാതിഹ വിലസുന്നു.
വാർത്തകളിങ്ങനെ ഗൂഢമറിഞ്ഞതി
ധൂർത്തനതാകിന കുരുസുതദൂതൻ
പാർത്തിരിയാതെ തിരിച്ചു നടന്നഥ
പാർത്ഥിവനഗരം പുക്കാനുടനെ
കർണ്ണാദികളോടു കൂടിസ്സഭയിൽ
സ്വർണ്ണാസനവരമേറി വസിക്കും
കർണ്ണജപനാം ധൃതരാഷ്ട്രജനുടെ
കർണ്ണേ ചെന്നു പറഞ്ഞറിയിച്ചാൻ.

ആനന്ദഭൈരവി—ചെമ്പട.

(പല്ലവി)

"കേട്ടാലും വീര കേട്ടാലും
കേട്ടാലും ദുരിതശാന്തി കേവലം നമുക്കുണ്ടാകും
ഗുരുകടാക്ഷപരമഭാഗ്യമുള്ളവനൊരു
ദുരാധിവരികയില്ല മന്നവ, (കേട്ടാലും)

കൌന്തേയന്മാൎക്ക സന്തോഷം
കാന്താരേ വസിക്കുമ്പൊഴും സന്താപമവൎക്കില്ലേതും
കനിവിയന്ന മുനിജനങ്ങളോടവ-
രനിശമേവ ഘനശമെന ചേൎന്നിതു. (കേട്ടാലും)
ദ്വൈതകാരണ്യേ മേവുന്നു,
കൈതവങ്ങളവരൊട്ടു ചെയ്തതേതും ഫലിച്ചീല
കരുണയുള്ള നരകവൈരിതന്നുടെ
ചരണമുണ്ടു ശരണമിന്നവൎക്കിഹ (കേട്ടാലും)
തീൎത്ഥങ്ങൾതോറും പാൎത്ഥന്മാർ
സാൎത്ഥമാക്കി നാലാം പുരുഷാൎത്ഥമവരാത്തമോദം
സരസിജാക്ഷചരിതസാൎത്ഥകീൎത്തന
വിരതമായി ദുരിതമായതൊക്കവെ (കേട്ടാലും)
കാടുകൾതന്നെ വീടുകൾ
തോടുകൾ നദികൾ നല്ല കോട്ടകൾ പലതുമുണ്ടു്
അരുവിയാറുമരികെയുണ്ടു നല്ലൊരു
വരിയിൽ വേണ്ടുമരിയുമുണ്ടു കൊററിന്നു (കേട്ടാലും)
ജന്തുക്കളെല്ലാം ബന്ധുക്കൾ
അന്തിയ്ക്കുമുച്ചയ്ക്കും വന്നോൎക്കത്താഴം പ്രാതലു നൽകും
അടവിവാസമടവു നന്നു നന്നൊരു
കടവുമില്ല തടവുമില്ലവൎക്കിഹ (കേട്ടാലും)
ഉത്സാഹം പൂണ്ടു മേവുന്നു
മത്സരം കൂടാതവൎക്ക വത്സരം പതിനൊന്നായി
വിരവിലിങ്ങു വരുവതിന്നു സംഗതി
വരുമവൎക്ക കരുതി വാണുകൊള്ളുക (കേട്ടാലും)"
ഓട്ടൻ വന്നു പറഞ്ഞൊരു വാക്കുകൾ
കേട്ടു കയൎത്തുരചെയ്തു സുയോധനൻ

“ഒട്ടമകമ്പുറമില്ലാത്തുള്ളൊരു
യഷ്ടി നില്ല നിനക്കെന്തറിയാം?
നിന്നോടവരുടെ ഗുണദോഷങ്ങളി-
ലൊന്നും ഞാനിഹ ക്ലേശിച്ചീലാ
ഒന്നിനയച്ചാലക്കഥമാത്രം
വന്നു പറഞ്ഞീടുകിലതു പോരും.
പോടാ നിന്നുടെ ദുസ്സാമൎത്ഥ്യം
കൂടാ നമ്മൊടു കുടിലകഠോരാ!
പാടവമേറിന പാണ്ഡുസുതന്മാ-
രോടിടകൂടി നടന്നാലും നീ,
നമ്മുടെ ചോർതിന്നുന്നൊരു ദുഷ്ടാ
നമ്മുടെ വൈരികളിൽ ബഹുമാനം
നമ്മുടെ ദോഷവുമവരുടെ ഗുണവും
വെണ്മയിലുരചെയ്തീടിന മൂഢാ
കാട്ടിൽച്ചെന്നുടനവരൊടുകൂടി-
ക്കായ്കനി തിന്നു കിടന്നാലും നീ.
കൂട്ടക്കാരെക്കൂറില്ലാതൊരു
ചേട്ടക്കാരനൊരിടയില്ലേതും
ചോറൊരിടത്തിൽ കൂറൊരിടത്തിൽ
വേറുതിരിച്ചു ഗ്രഹിപ്പാറായി.
ഏറിപ്പോം പറയുമ്പോളിക്കഴ-
വേറിക്കിട്ടു തൊഴിപ്പാൻ തോന്നും.
മാററാരിൽ കനിവേററമതുള്ളൊരു
കൂററാരെക്കാൾ മാററാർ നല്ലൂ
ഉപ്പുപിടിച്ച പദാൎത്ഥത്തെക്കാൾ
ഉപ്പിനു പുളി കുറയും പറയുമ്പോൾ.

അപ്രിയമായ്വരുമതുകൊണ്ടും ഭയ-
മിപ്പരിഷയ്ക്കു തരിമ്പില്ലറിവിൻ.
ഇക്കൂട്ടത്തിൽ പരിചയമുള്ളവ-
നക്കൂട്ടം ചിതമെന്നിഹ തോന്നും.
അക്കൂട്ടത്തിൽ ചെന്നിടപെട്ടാ-
ലിക്കൂട്ടം ചിതമെന്നും തോന്നും
ദുഷ്ക്രരുള്ള മഹാപാപികൾ വ-
ന്നിക്കൂട്ടത്തിൽ നിറഞ്ഞു കഴിഞ്ഞു;
ഭോഷ്കല്ലൊരുവനെ വിശ്വാസം പുന-
രിക്കാലത്തു നമുക്കില്ലേതും
ഇജ്ജനമൊന്നിനിറങ്ങുന്നേരം
ദുർജ്ജനമതിനൊരു ദൂഷണമേശും.
സജ്ജനമെന്നതു പാരം കുറയും
വഞ്ചമനസ്സുകളേറെ സഭായാം.
ഇതു കൊള്ളാമെന്നൊരുവനു പക്ഷം
അതു കൊള്ളാമെന്നപരനു പക്ഷം
ഇതു രണ്ടും ചിതമല്ലെന്നും ചില
മതമുണ്ടായ്വരുമങ്ങനെയുള്ളൂ;
കള്ളച്ചൂതുകൾ മാതുലനുണ്ടെ-
ന്നുള്ളതു ഞാനോ കേട്ടിട്ടില്ലാ,
കള്ളന്മാരുടെ വാർത്തകളെല്ലാം
കള്ളന്മാർക്കേ ബോധമതുള്ളൂ.
ഹേതു കഥിക്കാമന്തകതനയനു
ചൂതുകൾ പൊരുവാൻ വാസനയില്ലാ.
കൌതുകമെന്നതു പാരം താനും
വാതുകൾ പറവാൻ കാരണമതു താൻ.

വാത്തു പറഞ്ഞു കൊടുത്തതശേഷം
മാതുലനിങ്ങു കരസ്ഥമതാക്കി
കൈതവമെന്നതു മാതുലനിവിടെ-
ച്ചെയ്തതിലൊന്നും തോന്നുന്നീലാ.
പണയം തന്നതു വാങ്ങരുതെങ്കിൽ
പണയം പറയുന്നെന്തിനു പാഴിൽ?
പണമെന്നുള്ളതിനോടിടപെട്ടാൽ
പ്രണയംകൊണ്ടൊരു ഫലമില്ലേതും,
ഗുണവാന്മാരൊരബദ്ധം ചെയ്താൽ
തുണചെയ്തവനുമബദ്ധക്കാരൻ
പണമുള്ളവനെപ്പാട്ടിൽവരുത്താൻ
പണിചെയ്യുന്നതു പാൎത്ഥിവധൎമ്മം
ചൂതിൽച്ചെകതി പിണഞ്ഞൊരുനേരം
കൈതവമെന്നൊരു വാൎത്ത നടത്തീ
ഏതും തിരിയാത്തവർ പറയുന്നതി-
ലേതുമെനിക്കൊരു ഭീതിയുമില്ലാ
ഇവനും പുനരതു നേരെന്നോൎത്തി-
ട്ടവരുടെ ഗുണഗണമുരചെയ്യുന്നു.
ഭവതു നമുക്കതിലും ന ഹി ഖേദം
ഇവനല്ലീശ്വരനെന്നൊ വലപ്പാൻ."

ഇത്തരമങ്ങു കയൎത്തുപറഞ്ഞതി-
നുത്തരമവനൊന്നുരചെയ്തീല.
സത്വരമവനിയിൽ വീണു വണങ്ങി
ക്രുദ്ധനു കോപവുമൊന്നു ശമിച്ചു.
ഗാന്ധാരീസുതനുടനേ പുനരപി
ഗാന്ധാരാദികളോടുരചെയ്താൻ

"കൌന്തേയന്മാരവർ പുനരിനിയും
കാന്താരാടനമങ്ങു കഴിഞ്ഞാൽ
മാററാരവരിഹ മറെറാരു കൂട്ടം
ക്രൂററാർ ചിലരെക്കൂട്ടിക്കെട്ടി
ഏററം കോപിച്ചിഹ വന്നൊരു പട-
യേറെറന്നാലിനി നില്പാൻ വിഷമം.
കാററിന്മകനൊരു വൻപുലിപോലെ
ചീററിയണഞ്ഞു പിണങ്ങുന്നേരം
തോററു മടങ്ങുകയില്ലല്ലീ നാം?
ഊററക്കാരവർ പലരുണ്ടല്ലൊ.
ഇക്കൂട്ടത്തിനൊരമളി പിണപ്പാൻ
നോക്കിയിരിക്കുന്നുണ്ടിഹ പലരും
തെക്കു വടക്കു കിഴക്കു പടിഞ്ഞാർ
ദിക്കതുമുള്ളതിൽ വൈരികളേറു
ഇക്കാലം ചില കലശലു കൂട്ടാ-
നൊക്കെക്കൂട്ടി വിചാരിക്കുന്നു.
ഇക്കണ്ടാളുകളൊക്കെ വരുമ്പോ-
ളിക്കഥയൊന്നുമറിഞ്ഞേ പോവൂ"

ദുര്യോധനനുടെ വചനം കേട്ടഥ
വീര്യഗുണാംബുധി കൎണ്ണനുരത്താൻ
"ധൈര്യം പൂണ്ടു വസിച്ചരുളേണം
കാര്യംകൊണ്ടു വിഷാദിക്കേണ്ടാ
നേത്രവരും പരിപന്ഥിജനങ്ങടെ
ധൂൎത്തുകളൊന്നും നമ്മൊടു കൂടാ
ക്രുദ്ധം ശരാവലികൊണ്ടുടനവരുടെ
മൂൎത്തി പിളൎപ്പാൻ ഞാനൊരുവൻ മതി

മറുപക്ഷത്തു വരുന്ന ജനങ്ങളെ-
യറുതിപെടുപ്പാനെന്തിഹ ദണ്ഡം?
കുറുനരി ലക്ഷം കൂട്ടുകിലും ഒരു
ചെറുപുലിയോടു ഫലിക്കില്ലേതും,
അറിവുള്ളവരിഹ നമ്മുടെ വിരുതുക-
ളറിയുമതിന്നൊരു സംശയമില്ലാ,
അറിവില്ലാത്തവർ ദൂഷണവാക്കുകൾ
പറയുന്നതിന്നൊരു സങ്കടമില്ലാ,
കണ്ടാലറിയാത്തുള്ള ശഠന്മാർ
കൊണ്ടാലറിയും കളിയല്ലരശാ
വേണ്ടാത്തതിനു തുടങ്ങരുതാരും
വേണ്ടാതനമൊന്നൊന്നോടു കൂടാ.
ശുണ്ഠികടിച്ചു പടയ്ക്കു വരുന്നൊരു
ചണ്ഡിപ്പരിഷകൾ മണ്ടിയൊളിക്കും.
ശണ്ഠ തുടർന്നാലതിനുമൊരതിശയ-
മുണ്ടു നമുക്കതു ബോധിക്കേണം,
കുണ്ഠന്മാരിനി വന്നിഹ നേർത്താൽ
ചെണ്ടക്കാരെന്നൊരു പേരുണ്ടാം.
പണ്ടക്കാൾ പല വിക്രമപൌരുഷ-
മുണ്ടിപ്പോൾ മമ കൌരവവീരാ"
ശകുനിയുമപ്പോളുരചെയ്താൻ "മരു
മകനേ! മതിമതി ഭീതികളെല്ലാം.
പ്രകൃതിഗഭീരന്മാർക്കും ഞാനൊരു
വികൃതിവരുത്തുവതിന്നു സമർത്ഥൻ.
പാർത്ഥന്മാരിനി വന്നാലുടനേ
തീർത്തുരചെയ്യാമില്ല വിഷാദം

തീൎത്ഥസ്നാനമൊരിരുപത്തു വൎഷം
പാൎത്ഥന്മാൎക്കിനിയും കല്പിക്കാം
പിന്നെ വരുമ്പോൾ പിന്നെയുമുണ്ടാ-
മെന്നുടെ കൌശലമതിലുമൊരധികം
ചേട്ടനുമനുജനുമനുജന്മാരും
ചേട്ടകളെവരുമെല്ലാരുകാലം
കാട്ടിലിരുന്നു പിരിഞ്ഞീടേണം
നാട്ടിൽ കേറാനിനിയെളുതല്ലാ"
ഇങ്ങനെ ശകുനിയുമുരചെയ്തപ്പോൾ
തിങ്ങിന മോദം മനസി ജനിച്ചു
തുംഗമഹാഹംകാരം പൂണ്ടു ഭു-
ജംഗദ്ധ്വജനഥ പുനരുരചെയ്താൻ
"കാട്ടിലിരിക്കും പാൎത്ഥന്മാൎക്കിഹ
കാട്ടീടേണം നമ്മുടെ വിഭവം
കൂട്ടീടേണം ബഹു പുരുഷാരം
കേട്ടീടേണമിതെല്ലാജ്ജനവും.
കൊട്ടീടേണം ഭേരിഢമാരം
ഞെട്ടീടേണം ഭുവനമശേഷം
തട്ടീടേണമകമ്പടി വടിവൊടു
പൊട്ടീടേണം കുലഗിരികുഹരം
ചട്ടകൾ തൊപ്പികളിട്ടു മുറുക്കി-
ച്ചുട്ടററീടിന ചട്ടംകൂട്ടി
തട്ടി നടത്തിക്കൊട്ടി മുഴക്കി-
പ്പെട്ടികളും പല പെട്ടകവും ചില
കുട്ടകമെന്നിവ കെട്ടിയെടുപ്പി-
ച്ചോട്ടകവും ചില പട്ടിക്കുതിരകൾ,

പട്ടാണികൾ പല ചെട്ടികളും കോ-
മട്ടികളും പല പട്ടന്മാരും
വട്ടംകൂട്ടി വനത്തിനു പോവാ-
നൊട്ടും താമസമരുതിനി നമ്മുടെ
പുഷ്ടശ്രീഭരപൌരുഷമവരെ-
ക്കാട്ടുവതിന്നു നമുക്കുത്സാഹം.
നായന്മാരെ വരുത്തീടുവതിനു
പോയാലും ചിലർ വേഗമിദാനീം
ആയുധവാഹനകോപ്പുകളെല്ലാ-
മായതുപോലെ വരുത്തീടേണം.
നാട്ടിലൊരുത്തനിതിന്നു വരാഞ്ഞാൽ
വീട്ടിൽ ചോദ്യം കല്പിക്കേണം,
കേട്ടവർ കേട്ടവർ കൂട്ടത്തോടേ
കോട്ടയിലെത്തി സ്വരൂപിക്കേണം.
എങ്ങു നമ്മുടെ ചന്ത്രക്കാരൻ?
ചങ്ങാതിക്കൊരുണനച്ച്വയുമില്ലാ
അങ്ങാടിത്തെരുവിൽ ചെന്നരിയും
തേങ്ങാ മുളകും വാഴയ്ക്കായും
നായന്മാർക്കിഹ ചോറുകൊടുപ്പാ-
നായതിനുള്ള പദാർത്ഥമശേഷം
വിരവൊടു കൊണ്ടുവരേണമതിന്നാ-
യിരുനൂറു ജനം പോയീടേണം.
പുകയില വെററില കഞ്ചാവും പല
വകയിൽ കള്ളു കറപ്പും വേണം
സകലസമസ്തവുമിങ്ങു വരുത്തി-
സ്സന്നാഹം പല കൂട്ടീടേണം”

എന്നതു കേട്ടോരു രാജഭടന്മാ-
രൊന്നൊഴിയാതെ പദാത്ഥം കൂട്ടി
സന്നദ്ധന്മാർ കല്പന പറവാ-
നൊന്നു മുതിൎന്നു നടന്നുതുടങ്ങി
പുരുഷാരത്തെയറിപ്പാനായി-
പ്പുരുഷന്മാരെയയച്ചുതുടങ്ങീ
വിരുധന്മാരവർ നാട്ടിലശേഷം
നരപതികല്പനയങ്ങു നടത്തി;
കല്പന കേട്ടോരു നായന്മാരും
കെല്പോടു വന്നു നിറഞ്ഞുതുടങ്ങി
അല്പമതല്ലൊരു ജലധികണക്കെ-
ത്തൽപുരസീമ്നി പരന്നു നിരന്നു.
തങ്ങളിലങ്ങു പറഞ്ഞുതുടങ്ങി:-
"സംഗതിയെന്തിതു കേട്ടോ കൂവാ?
ഇങ്ങനെ പുരുഷാരത്തെ വരുത്തി-
ട്ടെങ്ങു പടയ്ക്കു തുടങ്ങീടുന്നു?
കടുവാ പന്നികളെഴ്കം തലമേൽ
വെടികൊണ്ടെങ്ങാൻ വീണിട്ടുണ്ടോ?
ഉടനേ മറുതല നാടുപിടിപ്പാൻ
പടയുംകൂട്ടിയടുക്കുന്നുണ്ടോ?
പടയിൽച്ചെന്നു മരിപ്പാനിങ്ങൊരു
മടികൊണ്ടല്ല പറഞ്ഞീടുന്നു;
കടമുണ്ടെമ്പതു പുത്തനെനിക്കതു
തടവുണ്ടതുകൊണ്ടവസരമില്ലാ.
തുക്കപുകേല തരിമ്പില്ലാഞ്ഞ-
ത്തോക്കൊരുദിക്കിൽ പണയംവെച്ചു

മാക്കോച്ചാരുടെ മരുമകനിന്നൊരു
തോക്കു തരാമെന്നെന്നോടു ചൊല്ലി
ആക്കാനല്ലൊരു തോക്കുംകൊണ്ടു പ-
ടയ്ക്കായ്ച്ചെന്നു മരിച്ചെന്നാകിൽ
തോക്കവർകൊണ്ടു തിരിക്കും വന്നു ക-
ടക്കാർ വീട്ടിൽ പാടുകിടക്കും.
ചേട്ടൻ പണ്ടു പടയ്ക്കു മരിച്ചതു
കേട്ടിട്ടില്ലേ നിങ്ങളിലാരും?
എട്ടു ജനങ്ങളെ വെട്ടിക്കൊന്നൊരു
കോട്ട പിടിച്ചേപ്പിന്നെ മരിച്ചു.
മണ്ടുന്നേരം പിടരിക്കൊരു വെടി
കൊണ്ടു മരിച്ചെന്നുണ്ടൊരു കേളി;
വാളില്ലെന്നാല്ലെന്നുടെ വീട്ടിലൊ-
രാളില്ലിന്നതുകൊണ്ടു നടപ്പാൻ
കാളകൃഷിക്കു നടക്കയിതെന്ന്യേ
കേളച്ചാർക്കൊരു തൊഴിലില്ലിപ്പോൾ.
നായന്മാരായ്വന്നു പിറന്നാ-
ലായുധമൊന്നു തനിക്കായ് വേണം
ആയതിനൊരുവകയില്ലാത്തവനുടെ
കായംകൊണ്ടൊരു ഫലമില്ലറിവിൻ.
നെല്ലും പണവും മോഹിച്ചെന്നുടെ
വില്ലും കണയും പണയം വച്ചു
നല്ല ചിതക്കാരൻ ഞാൻ താനിന്നി-
യില്ലം വിററു കറപ്പും തിന്നും
ഇല്ലെന്നാല്ലിതു മുടിയന്മാരുടെ
ഇല്ലന്നില്ല നശിച്ചേ നിൽപ്പൂ

വല്ലാതുള്ള വിശപ്പു വരുമ്പോൾ
വല്ലതു വിററം കൊററു കഴിക്കാം;
ഇക്കഥയെല്ലാം മതിമതി നാമിനി
വെക്കം ചെന്നു മുഖം കാട്ടേണം.
നോക്കെട നമ്മുടെ യജമാനന്മാർ
വക്കാണിക്കുമതോർത്തീടേണം.
രാവും പകലും കല്പനകേൾക്കും
നായന്മാർക്കൊരു കാശു കൊടുപ്പാ-
നീ യജമാനന്മാർക്കു മനസ്സി-
ല്ലായതുചൊന്നാൽ കുററവുമുണ്ടാം.
ഇഷ്ടം ചെന്നു പറഞ്ഞു മറിപ്പാൻ
ഒട്ടം മടിയില്ലാത്ത സമർത്ഥനു
കിട്ടും പലകുറി പട്ടും വളയും;
വെട്ടും കൂട്ടമനിഷ്ടമുരത്താൽ.
പണമുള്ളവരെപ്പാട്ടിൽ വരുത്തി-
ഗ്ഗുണദോഷങ്ങൾ പറഞ്ഞു പതുക്കെ
പണമെപ്പേരും കൈക്കലുമാക്കും
ക്ഷണമവനെത്തൻ വീട്ടിലുമാക്കും;
അമ്മാവൻ കൃഷികൊണ്ടു നടന്നാ-
ന്നമ്മാനില്ലെന്നറിയുന്നീലാ
നമ്മുടെ കാലത്തതിനും പിന്നെ-
ജ്ജന്മാന്തരമായ് ചെല്ലുന്നീല;
ഇപ്പോൾ നമ്മുടെ കണ്ടമെടുപ്പാൻ
കല്പന വന്നെന്നൊരുവഴി കേട്ടു
കല്പന പറയുന്നാൾക്കൊരു കാശു കൊ-
ടുപ്പാനിങ്ങൊരു വകയില്ലിപ്പോൾ.

പണ്ടു പ്രവൃത്തി നടത്തിയ പരിഷ്കക-
ളുണ്ടെന്നാലിതു വരികില്ലനിയാ,
കണ്ടച്ചാരുടെ കണ്ടമെട്ടത്തതു
കണ്ടെന്നീ വരവുണ്ടെന്നോർത്തു
കണ്ടം പോയതുകൊണ്ടു നമുക്കൊരു
കുണ്ഠിതമില്ലിനിയുണ്ടാമൊരുനാൾ;
കണ്ഠംപോയാലുണ്ടാകില്ലതു
കൊണ്ടു കുറഞ്ഞൊന്നുണ്ടു വിഷാദം.
കണ്ടാലറിയാം കണ്ടവർ ക്രൂട്ട-
ന്നുണ്ടിതിനേഷണി ചെണ്ടപിണപ്പാൻ.
ഷണ്ടികൾ പലരുമുരുണ്ടു കരേറി-
ക്കൊണ്ടു മറിക്കുന്നുണ്ടിഹ നാട്ടിൽ"

ഇങ്ങനെ പല പല വാക്കുകൾ ഘോഷി-
ച്ചങ്ങനെ വന്നിടകൂടി ഭടന്മാർ.
തിങ്ങിന പടയുടെ സംഖ്യ ഗണിപ്പാ-
നെങ്ങനെ കുശലത മതിയാകുന്നു?
തോക്കുള്ളവർ പുനരൊക്കെച്ചെന്നു വെ-
ടിക്കോട്ടയ്ക്കൽ പാർക്കണമുടനേ
ആക്കംപൂണ്ടു വെടിക്കു മരുന്നു കൊ-
ടുക്കുന്നുണ്ടു തിടുക്കമനേകം.
തിക്കും വലിയ തിരക്കും പലപല
വാക്കും ചിലരുടെ മുഷ്ക്കും ചുടുമിഴി-
നോക്കും വിരവൊടു വായ്ക്കും വികൃതിക-
ളാർക്കും പറവതിനാക്കം പോരാ.
ഇത്തരമൊരുദിശി ഘോഷം പലവിധ-
മെത്രയുമത്ഭുതമെന്നുരചെയ്യാം.

ഹസ്തിരഥാദികൾ വസ്തു സമസ്തം
ഹസ്തിനപുരമതിലെത്തി നിറഞ്ഞു
നായന്മാക്കിലവച്ചുതുടങ്ങി
ആയതു പറവാനവസരമില്ലാ.
ആയിരമായിരമോരോ കൊട്ടിലി-
ലായുധപാണികളിലവെപ്പിപ്പാൻ,
പന്തിനിരത്തിയിരുത്തുവതിനായ്
മന്ത്രികൾ പലരും കൂടിയിറങ്ങി
ഉന്തിയലച്ചു പിടിച്ചു വലിച്ചൊരു
പന്തി പരാക്രമമൊക്കെയെടുത്തു
പാലുകുടിച്ചു തടിച്ച ജനത്തിന
നാലുപദം വെക്കുമ്പൊൾ വിയക്കും
വെയിലും കാററും കൊള്ളാതുള്ളവർ
പോലുമിതിന്നു ശ്രമിച്ചേ പോവൂ,
ഇലവച്ചുങ്ങു നിരന്നുതുടങ്ങി
വലിയരിവച്ചു വെള്ളത്തൊരു ചോറും,
പലപല കറിയും പഴവും നെയ്യും
നലമൊടു വളരെ വിളമ്പീടുന്നു.
വട്ടഞ്ചാരെ ചേത്തു കലക്കി-
ച്ചുട്ടം കൂട്ടിന തേങ്ങാപ്പാലും
ഒട്ടല്ലുണ്ണിന വട്ടം പലവിധ-
മിഷ്ടമറിഞ്ഞു കൊടുത്തീടുന്നു.
കടൽവാഴയ്ക്കാക്കറിയുണ്ടൊരുവക
ഭടഭോജനമതു കൂടാതില്ല.
വടിവൊടു ഭക്ഷണമങ്ങു പിരിഞ്ഞഥ
പടഹമടിച്ചു വിളിച്ചൊരുമിച്ചു

കുരുപതിസുതനാം ദുൎയ്യോധനനഥ
തരസാ തന്നുടെ സഹജന്മാരെ
പരിചൊടു ചെന്നു വിളിപ്പിച്ചപ്പോൾ
തെരുതെരെയവരും വരവുതുടങ്ങി.
ദുശ്ശാസനനും, ദുൎദ്ധൎഷണനും.
ദുശ്ശേശ്വരനും, ദുൎമ്മൎഷണനും.
ദുൎമ്മുഖനും ദുഷ്കൎണ്ണനുമഥ ദു-
ൎമ്മേധാവും ദുഷ്പ്രസഹൻതാനും,
ദുൎമ്മതിയും ജലസന്ധൻ കൎണ്ണൻ
ദുൎബ്ബുദ്ധിയുമഥ ദുൎബ്ബോധകനും.
ചിത്രൻ വികടൻ ചിത്രരഥൻതാൻ
ചിത്രധ്വജനും കനകധ്വജനും
ചിത്രശരാസന ചിത്രകനും സുവി-
ചിത്രൻ പിന്നെച്ചിത്രാംഗദനും.
നന്ദൻ പുനരുപനന്ദൻ പിന്നേ
കുണ്ഡോദരനും ദൃഢവൎമ്മാവും
കുണ്ഡൻ പിന്നെ മഹാകുണ്ഡൻതാൻ
കുണ്ഡവിഭേദിയുമപരാജിതനും
ദീൎഘഭുജൻതാൻ ദീൎഘധ്വജനും
ദൎഘൻ ദീൎഘരഥൻ ദീൎഘാക്ഷൻ
ദീൎഘഹനുസ്സും, വ്യൂഢോരസ്കൻ,
ദീൎഘായുസ്സും, ബഹ്വാശനനും,
ഭീമരഥൻ, ദൃഢഹസ്തൻ ഭീമൻ
ഭീമപരാക്രമനഭയൻതാനും
എന്നുതുടങ്ങീട്ടുള്ളനുജന്മാർ
തൊണ്ണൂറെറാൻപത്തു പേരും വന്നാർ.

വീരവൊട്ട ഭോജനമങ്ങു കഴിച്ചവർ
പരിചൊട്ട കോപ്പുകളിട്ടു തുടങ്ങി
പരിമളമേറിന കളഭമിഴക്കി-
ച്ചുരികുഴൽ മാലകൾകൊണ്ടു മുറുക്കി
പെരുകിന കുറി തിലകങ്ങളൊരുക്കി-
ത്തരമൊട്ട തലമുടി ചിക്കി മിനുക്കി
തരിവള ചിരിവള കാഞ്ചി പതക്കം
വിരുതുകൾ പലവക വിരൽമോതിരവും
അരമണി കുടമണി തുടർമണി കങ്കണ-
മരഞ്ഞാണം ചില തോൾപ്പൂട്ടുകളും,
മകുടം, കടകം, മണികുണ്ഡലവും
വികടകിരീടം വിദ്രുമഹാരം
വികസിതസുരഭില മലർമാലകളും
സകലമണിഞ്ഞു ഞെളിഞ്ഞു നടന്നാർ.
പട്ടുകൾ പലതും കെട്ടിയുടുത്തുട-
നെട്ടുമുഴം ചില ചേലകൾ ചുററി
പട്ടുറുമാലും തലയിൽ കെട്ടി-
ത്തട്ടുപുഴുകുമഥ നാടൻപുഴുകും
തൊട്ടു മുഖത്തിനു ഭംഗി വരുത്തി-
ച്ചുട്ടും പലവക കൂട്ടിത്തരസാ
പെട്ടികൾ പെട്ടകമെന്നിവ പലതിൽ
ചട്ടററീടിന കനകപ്പൊടികളു-
മിട്ടു നിറച്ചതു കെട്ടിയെടുപ്പി-
ച്ചെട്ടു ദിഗന്തം പൊട്ടുംപടി പല
കൊട്ടും, വെടിയും തട്ടിമുഴക്കി-
ത്തട്ടിനടത്തി നടന്നുതുടങ്ങി.

ഉച്ചത്തിലുള്ള ഘോഷം മെച്ചത്തിൽ കേട്ടനേരം
അച്ചിമാരൊക്കെക്കൂടി കാഴ്ചയ്ക്കു പുറപ്പെട്ടു.
നിച്ചിരിയത്തി നിൻെറ കൊച്ചിനെയെവിടത്തിൽ
വച്ചേച്ചു പുറപ്പെട്ടു കാഴ്ചയ്ക്കു താനേ തന്നെ?
അച്ചന്റെ ചെവി വെടിവച്ചാലും കേട്ടുകൂടാ
ഉച്ചയ്ക്കുപോലും കിഴവച്ചാർക്കു കണ്ണുകാണാ
കൊച്ചിനേ നാ കേറി കടിച്ചെങ്കിലീ മുതുക്ക-
നൊച്ചപോലും കേശക്കില്ലെന്നാച്ചിമാരുടെ ഘോഷം
എന്തൊരു പുറപ്പാടെന്നോതാനും ബോധിച്ചോ നീ?
എന്തെൻെറ ചേട്ടത്തീ ഞാനേതുമേ ബോധിച്ചീല
ഇപ്പോഠം തിരുമാടം പുറപ്പാടെന്നൊൻെറ പക്ഷം,
ഇപ്പോളല്ലതു പണ്ടു കെല്ലോട്ടു കഴിഞ്ഞല്ലൊ.
മൂപ്പുവാഴ്ചയ്ക്കുള്ളൊരു കോപ്പുകഠം കൂട്ടുകയോ
മൂപ്പു ധൃതരാഷ്ട്രരിപ്പൊണ്ടു മരിച്ചില്ലാ
എങ്കിൽ പടയ്ക്കുള്ളൊരു സന്നാഹമെന്നു വരും
ശങ്കയില്ലെനിക്കതു സംഗതിയിപ്പോളില്ലാ
ബാണങ്ങഠം പടക്കങ്ങഠം ചേണാന്ന പൂക്കുററികഠം
എണാക്ഷിമാരും ചില വീണക്കാർ പാട്ടുകാരും
വേണമോ പടയ്ക്കായി പോണെങ്കിലെൻെറ തോഴി
കാണാം നമുക്കു വെക്കം പോണം പുറപ്പെട്ടാലും.

അങ്ങേക്കൂററവുള്ളച്ചികളെല്ലാ-
മങ്ങു നടന്നിതു കാഴ്ചകഠം കാണ്മാൻ.
“നിങ്ങഠം ചമഞ്ഞും ചന്തം നോക്കിയു-
മിങ്ങനെ തന്നിതു പിരികേയുള്ളൂ.
ഘോഷമതെല്ലാം പിരിയുന്നേരം
ഭോഷികളവിടെച്ചെന്നിഹ ചാടും

ഭാഷിപ്പാൻ വിരുതുള്ള ജനത്തിന
ശേഷിയതാമൊരു കൂട്ടമശേഷം.
ചിററമ്മയ്ക്കിതു പത്തു പിറന്നു
മറെറാരു പൂതരുമില്ലെൻവീട്ടിൽ
പെറെറന്നാകിലൊരമളിയതാസ്സതു-
മീററില്ലത്തിലിരുന്നേ പോവൂ."

മറെറാരു നാരി പറഞ്ഞാളപ്പോൾ
"മറെറാരു ചിന്ത നമുക്കില്ലേതും
മറെറാരു പുരുഷൻ വീട്ടിൽ വരുമ്പോ-
ളേററം നമ്മുടെ നായർ കലമ്പും;
കുററം വാശ്ശതുമൊന്നുണ്ടാക്കി-
ക്കൊററു മുടക്കാൻ മടിയില്ലവനും
പെററമ്മയ്ക്കിട്ടടി കൂട്ടുന്നവർ
മററുള്ളവരൊട്ടു നേരാസ്സതുമോ?
മുള്ളില്ലാതൊരു വാക്കില്ലങ്ങേ-
ക്കുള്ളിൽ കൂറെന്നുള്ളതുമില്ലാ
ഉള്ളൊരു നെല്ലും പണവും പാടേ
കള്ളു കുടിച്ചുകുടിച്ചു മുടിച്ചു.
കഞ്ഞി കുടിപ്പാനില്ലാഞ്ഞെന്നുടെ
കുഞ്ഞുകളേററു നടക്കാതായി.
ഇങ്ങനെ തലയിലെഴുത്തെന്നാകില-
തെങ്ങനെ ഞാനതൊഴിച്ചീടേണ്ടു?"

അതു കേട്ടപ്പൊളൊരച്ചി പറഞ്ഞാൾ
"ഇതു കേട്ടാലും കൊച്ചനിയത്തി,
അതിയായിട്ടൊരു വീട്ടു പുലത്താൻ
മതിയായിട്ടൊരു നായരെ നിർത്താൻ

അമ്മയ്ക്കാഗ്രഹമുണ്ടായപ്പോ-
ളമ്മാവിയ്ക്കതു സമ്മതമല്ലാ,
അമ്മാവൻെറ മനസ്സു മറിപ്പാ-
നമ്മാപാപിക്കെത്ര വിശേഷം!
വല്ലാതൊരു ഭോഷച്ചാർ നമ്മെ
ഇല്ലത്തേക്കും കൊണ്ടുതിരിച്ചാൻ.
നെല്ലുകൊട്ടത്തു കരപ്പും തിന്നൊരു
കല്ലുകണക്കിനു കുത്തിയിരിക്കും.
കണ്ണു തുറക്കെന്നുള്ളതുമില്ലി-
പ്പൊണ്ണച്ചാക്കൊരു ബോധവുമില്ലാ.
കിണ്ണം കിണ്ടിയുമിത്യാദികളിലൊ-
രെണ്ണം കണികാണ്മാനില്ലാതായ്
അരിയും കറിയും വച്ചുകൊടുപ്പാ-
നരുതാതായി നമുക്കും പിന്നെ.
ഒരു സുഖമെന്നതു ഞാനറിയുന്നി-
ല്ലൊരു കൂററാരുമെനിക്കില്ലിപ്പോൾ
അങ്ങേക്കൂററുള്ളച്ചികളെല്ലാ-
മിങ്ങോട്ടേക്കു വിരോധംതന്നെ
ഉരിയരിപോലും ചോദിച്ചാലവർ
തരികില്ലെന്നല്ലാനകളിക്കും,
തിരിയാത്തവരൊട്ടു ഞാനുമൊരക്ഷര-
മുരിയാടാറില്ലെന്തിനു പാഴിൽ?
പരിഹാസത്തിനു വകയില്ലാഞ്ഞവർ
പെരുവഴി നോക്കിയിരുന്നീടുന്നു"

ഇങ്ങനെയോരോ വാക്കു പറഞ്ഞുട-
നംഗനമാരും വന്നു നിറഞ്ഞു.

അങ്ങാടികളിലുമാൽത്തറമേലും
ഭംഗ്യാ നിന്നിതു ഘോഷം കാണ്മാൻ.
കുരുപതിതനയനുമനുജന്മാരും
പെരുകിന പടകളുമിളകി മെല്ലെ
പെരിയോരു വിരുതുകളറിയിച്ചെങ്ങും
പെരുവഴി തിങ്ങി വിങ്ങി നടന്നീടുന്നു.
തുടിപറകിട്ടുമുടപടഹങ്ങളും
പൊട്ടുപൊടെ വെടികളുമുടമയൊടേ
ഇടിപൊടി തകരുമൊരരവുടനെ
വടിവൊടു നടന്നിതു പടകളെല്ലാം.
കടലുടെ വടിവൊരു കലശലഹോ
പടലുടനടവികളിടിഞ്ഞുടനേ
പൊടിയുടെ പടലവുമുലകിലെല്ലാം
പടുതരമുയരുന്നു പലവഴിയിൽ.
കുട തഴ കൊടികളുമിടകലരും
ഭടജനപടകടെ നടനവിധൌ
തടമുല തടവിന തരുണികളും
മടുമലർ മലരവൽ ചൊരിഞ്ഞീടുന്നു.
അനവധി കുതിരകളതിനിടയിൽ
ഘനരുചി കരികളുമളവില്ലേതും.
ധനജനവിഭവങ്ങളിവണ്ണം കണ്ടാൽ
ധനപതി ഭയപ്പെട്ടങ്ങൊളിച്ചു മണ്ടും.
കനകമണിഞ്ഞൊരു കരിവരകണ്ഠേ
കനിവൊടു കേറിയിരുന്നാൻ കുരുപതി.
പനിമതി സമമൊരു വെള്ളക്കുടയും
കനകാഞ്ചിതമാം വെൺചാമരവും

അനവധി തഴയും മുത്തുക്കുടയും
ധനവിഭവങ്ങളനേകമനേകം.
അനുജന്മാരുടെ മോടിയുമെന്നിവ
മനുജന്മാൎക്കു മനോഹരമെല്ലാം.
ആടുകയും ചിലർ പാടുകയും ചില-
രോടുകയും ചിലർ ചാടുകയും ചിലർ
വാടുകയും ചിലർ തേടുകയും ചിലർ
ചോടുകൾ വച്ചിടകൂടുകയും ചിലർ
വീടുകളും പല നാടുകളും പല-
തോടുകളും പല കോടുകളും പല
കാടുകളും പല മാടുകളും മല-
മൂടുകളും മലർവാടികളും പല
മേടുകളും പല വേടുകളും പല
പാടവമോടു കടന്നു കടന്നവ-
രാടലകന്നു തകൎത്തു തിമിൎത്തു മ-
ഹാടവി പുക്കു ഗമിക്കുന്നേരം
ബന്ധൂകദ്യുതിബന്ധുരമാകിന
സന്ധ്യാസമയം വന്നിടകൂടി.
അന്ധമതാകിന തിമിരം വന്നനു-
ബന്ധിച്ചുടവിതടങ്ങൾ നിറഞ്ഞു
ഗന്ധൎവ്വന്മാൎക്കുള്ളൊരു സമയം
ചന്തമൊടവിടെസ്സംഗതമായി
ഗന്ധൎവ്വന്മാരതിസുഖമോടേ
പന്തണിമുലമാരോടിടകൂടി
കാന്താരത്തിലിറങ്ങിക്കനിവൊടു
ചെന്താമരമലർവാപികൾതോറും

സന്തോഷേണ ജലക്രീഡാദി നി-
താന്താനന്ദമിയന്നാ ദശായാം
കുന്തീതനയന്മാർ മരുവീടിന
കാന്താരാന്തികഭൂമൌ ചെന്നാർ.
ഗാന്ധാരീതനയന്മാർ പടയും
ഗാന്ധാരേശ്വരനംഗാധിപനും
വഞ്ചനശീലനതാകിന കുരുപതി
പുഞ്ചിരിപൂണ്ടു പറഞ്ഞാനുടനേ
നെഞ്ചിൽ നമുക്കൊരുപായം തോന്നി
കിഞ്ചിൽ ഗുണമതിനുണ്ടാമിപ്പോൾ
നഞ്ചു കലക്കണമിവിടത്തിൽ പല
വഞ്ചോലകളിലെ വാരിയിലെല്ലാം
ചഞ്ചലമിന്നിഹ പാണ്ഡുസുതന്മാ-
രഞ്ചു ജനങ്ങളുമതികുടിലന്മാർ
പാഞ്ചാലിയുമുടനംബു കുടിച്ചിഹ
പഞ്ചതയെ പ്രാപിച്ചീടേണം.
നഞ്ചു കലക്കുവിനെന്നീവണ്ണം
പഞ്ചമഹാപാപി പറഞ്ഞപ്പോൾ
പാപികളൊരുവക രാജഭടന്മാർ
വാപികതന്നിൽ മരുന്നു കലക്കി
കോപികളായവർ കാട്ടിയതെല്ലാം
പാപത്തിന്നൊരു വഴിയായ്വരുമേ.

വൃത്രനെക്കൊന്നവൻെറ മിത്രമായ് മരുവുന്ന
ചിത്രസേനഗന്ധർവ്വൻ ധാത്രിയിലങ്ങിറങ്ങി
രാത്രിയിൽ തൻെറ ചാരുഗാത്രിമാരോടുംകൂടി.
തത്ര വന്നൊരു ശതപത്രിണീതോയംതന്നിൽ

ചിത്രമാം കേളികൾക്കു പാത്രമാമവനപ്പോൾ
മാത്രാധികാനന്ദവിചിത്രം വിഹരിയ്ക്കുമ്പോൾ
വെള്ളപ്പളുങ്കിനൊത്ത വെള്ളത്തിൽ നഞ്ചിട്ടവാ-
നുള്ള കുതുകംകൊണ്ടു തള്ളിവരുന്ന ചില
കള്ളന്മാരെക്കണ്ടപ്പോളുള്ളം കയൎത്തു ബല-
മുള്ള ചിത്രസേനൻതാൻ വെള്ളത്തിൽനിന്നു കേറി
"കള്ളക്കുടിലന്മാരേ, കൊള്ളാമിക്കാട്ടുതന്നി-
ലുള്ള മുനികളുടേ വെള്ളത്തിൽ നഞ്ചിട്ടവാ-
നുള്ളോരുത്സാഹമിപ്പോൾ.
കള്ളു കുടിച്ചു വന്നു ഭള്ളു നടിക്കും നിങ്ങൾ
തുള്ളുന്നതെല്ലാമിത്രേയുള്ളൂ എന്നിങ്ങുറച്ചു;
കൊള്ളും പ്രഹരമതിനുള്ള വഴികൾ വീണു
കൊള്ളിവാക്കുകൾകൊണ്ടു തുള്ളിയ്ക്കുന്നുണ്ടു പിന്നെ
കൊള്ളിയ്ക്കുന്നുണ്ടു ബാണം കൊള്ളിക്കും ബഹുമാന-
മെള്ളോളമില്ലെന്നോൎപ്പിൻ.

കുരുകുലമൂഢന്മാരേ നിങ്ങടെ
പരമാൎത്ഥം ഞാനഖിലമറിഞ്ഞേൻ,
തരമില്ലിങ്ങനെ ചതിയും കൊതിയും
തരസാ മനമതിലേറെ മുഴുത്താൽ,
പൌരവകുലമതിലഴകേറീടിന
വീരന്മാരാം പാൎത്ഥന്മാരൊടു
വൈരം മനസി മുഴുത്തതിനാൽ നിജ
പൌരുഷമവരെക്കാട്ടുവതിന്നായ്
പൌരന്മാരും പടയും കുടയും
വാരണഘടയും കൂട്ടിക്കെട്ടി

പാരിടമൊക്കെ മുഴക്കി വരുന്നതു
നേരായ് വരികില്ലധമന്മാരേ!
അഞ്ചിതമാകിന ശുദ്ധജലങ്ങളിൽ
നഞ്ചിടുവാനായ് വന്നൊരു നിങ്ങടെ
നെഞ്ചകമെന്നതു കല്ലോ ശിവശിവ
പഞ്ചമഹാപാതകിമാർ നിങ്ങൾ
നേരേ നിന്നു പ്രയോഗിപ്പാനായ്
ഭീരുക്കൾക്കൊരു വൈഭവമില്ലാ
നേരല്ലാതെ ചതിപ്പാൻ പെരുവഴി-
യോരോന്നിങ്ങനെ നോക്കി നടന്നാൽ
സ്വൈരക്കേടുകൾ വളരെ വരുമ്പോ-
ളാരുമൊരാശ്രയമില്ലാതാകും.
നീരസമല്ലാതുള്ള പ്രയോഗം
പാരം കുറയും നിങ്ങൾക്കിപ്പോൾ
തന്നെക്കാൾ ബലവിക്രമമുള്ളൊരു
ധന്യന്മാരൊടു ചെന്നിഹ നേർത്താൽ
ഒന്നും തരമായ് വരികില്ലതുകൊ-
ണ്ടെന്നും തീരാ ദുഷ്കീർത്തികളും;
ആണുങ്ങൾക്കു പിറന്നവരെങ്കിൽ
പ്രാണൻ കളവിൻ നമ്മുടെ നേരെ
ബാണംകൊണ്ടു സഹിക്കാഞ്ഞുടനേ
നാണംകെട്ടു നടക്കും നിങ്ങൾ
ഇക്കൂട്ടത്തിനു ബലമില്ലെന്നൊരു
ധിക്കാരംകൊണ്ടിവിടെ വരുന്നു
വക്കാണത്തിനടുക്കുന്നേരം
കൈക്കാണം ഞാൻ വാങ്ങുകയില്ലാ.

വാക്കിന്ന വാക്കും വമ്പിന്ന വമ്പും
മുഷ്കിന്ന മുഷ്കും മുള്ളിന്ന മുള്ളും
നോക്കിന്ന നോക്കും തല്ലിന്ന തല്ലും
ഭോഷ്കിന്ന ഭോഷ്കുമെന്നിയ്ക്കുണ്ടറിവിൻ.
കള്ളന്മാരാം നിങ്ങളെ/ ഞങ്ങൾ-
ക്കെള്ളോളം ബഹുമാനമതില്ലാ,
ഉള്ളംതന്നിലഹംഭാവം കണ-
കൊള്ളുന്നേരമതുദ്ധ്വമതാകും.
പുള്ളിപ്പുലിയുടെ മുന്നിൽ ചെന്നിഹ
തുള്ളിനടക്കും കുറുനരിയെപ്പോൽ
കൊള്ളാം നീയിഹ കൌരവമൂഢാ
കള്ളാ നിന്നുടെ നാശമടുത്തു."

ഇത്തരമുള്ളൊരു ദുഷിവാക്യം ബത
സത്വരമൻപൊടു കേട്ടൊരുനേരം
ക്രുദ്ധനതാകിന ധൃതരാഷ്ട്രാത്മജ-
നത്തരമുദ്ധതമിത്ഥമുരത്താൻ:—
"നില്ലെട മൂഢാ, മതിമതി നിന്നുടെ
വല്ലാതുള്ളൊരു വാക്കുകളെല്ലാം
മല്ലുനടിച്ചു ചൊടിച്ചു പറഞ്ഞാൽ
കൊല്ലുവതിന്നൊരു സംശയമില്ലാ
ജളനാം നിന്നുടെ കരളിലഹംമതി
കളവാൻ വിരവിലഹം മതി ഭോഷാ
വളരെപ്പറവാൻ കുറവില്ലെന്നൊരു
വെളിവുണ്ടുള്ളിൽ നിനക്കതു വിഫലം.
പെണ്ണുങ്ങൾക്കൊരു ബഹുമാനത്തിന്ന
പൊണ്ണൻ പലവുക ജല്പിക്കുന്നു,

വിണ്ണവർനാട്ടിലെ വിരുതുംകൊണ്ടിഹ
വന്നു പറഞ്ഞാലിവിടെപ്ഫലിയാ.
മറുനാട്ടീന്നൊരു വിരുതൻ വന്നിഹ
തിറമൊടു നിന്നു ഫലിപ്പിക്കുന്നതു
കുറയുമതോർത്തു പറഞ്ഞീടുക നീ
കുറവുവരുത്തിയയയ്ക്കും ഞങ്ങൾ.
സംഗതികൂടാതുള്ളൊരു വാക്കുകൾ
നിങ്ങടെ നാട്ടിൽത്തന്നേ നല്ലൂ
ഇങ്ങനെയുള്ളൊരു നല്ല സമക്ഷ-
ത്തെങ്ങും നിങ്ങടെ വിദ്യകളൊക്കാ.
പൊട്ടക്കുളമതു വിട്ടുതിരിച്ചാ-
ലട്ടയ്ക്കൊരു ശരണില്ലെന്നറിക
യഷ്ടികളെബ്ഭയമില്ല കുരയ്ക്കും
പട്ടികടിയ്ക്കില്ലെന്നു പ്രസിദ്ധം.
ഗന്ധർവ്വൻ നീയെങ്കിലുമിങ്ങനെ
ബന്ധംകൂടാതുരചെയ്യേന്നാൽ
ബന്ധുവിഹീനനതാകിന നിന്നൊ-
ബ്ബന്ധിച്ചീടുന്നുണ്ടിഹ ഞങ്ങൾ;
പന്തണിമുലമാരാകുമിവർക്കൊരു
സന്താപത്തിനു സംഗതിയില്ലാ
ചന്തമിയന്നൊരു പുരുഷന്മാർ പലർ
ബന്ധുതചെയ്വാനിവിടെയുമുണ്ടാം.
അഞ്ചാറനുജന്മാരു നമുക്കു-
ണ്ടഞ്ചായുധനെക്കാൾ വിരുതന്മാർ
അഞ്ചാതവരൊടുകൂടി വസിയ്ക്കാം
കഞ്ചത്താർമിഴിമാരേ വരുവിൻ.

കണ്ടകനാമിക്കണ്ണവൻ കേറി-
ശ്ശുണ്ഠയിടുന്നതു ശങ്കിക്കേണ്ടാ,
ശ്ശുണ്ഠികടിച്ചാൽ ഫലമില്ലവനതു
കണ്ടൊരു കോണിലിരിക്കേയുള്ളൂ,
നടുമിററത്തൊരു കുററി തറച്ചൊരു
നെടുപാശം കൊണ്ടരയിൽ മുറുക്കി
തടിയനെയതിനൊടു ബന്ധിയ്ക്കുന്നു-
ണ്ടുടനൊരു മൃത്തകരങ്ങതുപോലെ;
വാടാ നിന്നുടെ വിരുതുകളെന്നൊടു
കൂടാ മൂഢാ കുടിലകുശീലാ
പാടവമോടിഹ പട പൊരുതീടുക
നാടകമല്ലിതു വീരവിനോദം.
കണ്ണാ നീയിതു കേൾക്കുന്നീലെ
കണ്ണാരുന്തുദമിവനുടെ വചനം?
കണ്ണാകൃഷ്ടമതാക്കുക ചാപം
കീർണ്ണമതാക്കണമിവനുടെ ഗാത്രം
ഘോരശരങ്ങളെടുത്തു തൊടുത്തൊരു
മാരികണക്കിനെ വർഷിച്ചാലും
വടിവൊടു ഖേചരഖേടൻതന്നുട-
ലടിമുടി പൊടിയാക്കീടുക കണ്ണാ.
ദുശ്ശാസനനും ദുർമ്മുഖനും പുന-
രിശ്ശാസനമനമാനിച്ചാലും,
വാശ്ശത്തുമെന്നൊരുപേക്ഷ കണക്ക-
ല്ലിശ്ശരനെക്കൊലചെയ്തേ പോവൂ.
നമ്മുടെ നേരേ വന്നൊരു കൂട്ടം
നിർമ്മരിയാദം ജല്പിക്കുന്നൊരു

ദുർമ്മതിയാമിവനുള്ളിലിരിയ്ക്കുമ-
ഹമ്മതിയിന്നു ശമിപ്പിക്കേണം.
രണ്ടു ശരങ്ങൾ കണക്കിനു കൊണ്ടാൽ
മണ്ടും വിരവൊടു മറുതലവീരൻ
തൊണ്ടന്മാരിവർ പടയെന്നുള്ളൊരു
രണ്ടക്ഷരമതു കേട്ടിട്ടില്ലാ.
ശണ്ഠയിടാനല്ലാതൊരുവസ്തു
ചെണ്ടക്കാരർ ഗ്രഹിച്ചിട്ടില്ലാ,
ചണ്ടികൾ പറയുന്നതിനെക്കൂടെ-
ക്കൊണ്ടാടാൻ ചില മൂഢരുമുണ്ടു്.

അടുക്ക വിരവൊടു തടുക്ക ചിലർ ചെന്നു
പിടിക്ക ശരവരമെടുക്ക പരിചൊടു
തൊടുക്കയിവനുടെ മിടുക്കുകൊണ്ടുതന്നൊ
നടക്കുമെന്ന രുചി മടക്കുവതിനിന്നു
മടിക്കരുതു ഗതി മുടക്കി മദഭര-
മടക്കിയുടനതി പടുക്കളൊരുവക
പടയ്ക്കു തുടരുക പൊടുക്കന്നിവനുടെ
മിടുക്കു ഫലിക്കാഞ്ഞു നടക്കുമല്ലെന്നാകി-
ലടക്കുമതുകൊണ്ടു നടുക്കമെനിക്കില്ലാ
പടുക്കളിവരെല്ലാമൊടുക്കം തോററുമണ്ടും."

ഇങ്ങനെയുള്ളൊരു ദുർഭാഷണമവർ
തങ്ങളിലങ്ങു പറഞ്ഞൊരുശേഷം
സംഗരമാശു തുടങ്ങി പ്രകടശ-
രങ്ങൾ ചൊരിഞ്ഞു മറഞ്ഞിതു ഗഗനം.
ചൊല്ലേറീടിന ഗന്ധർവ്വൻ നിജ
വില്ലു വലിച്ചു ചെവിക്കിടചേർത്തു

നല്ല ശരങ്ങളുതിൎത്തുതുടങ്ങി
നല്ലൊരു സമരമതെന്നോൎവേണ്ടു;
ഊററക്കാരവർ നൂററുവരെല്ലാ-
മേററം ചാടിയടുത്തുതുടങ്ങി,
കാററുകൾ തട്ടിക്കരപററീടുമൊ-
രാററിലെ വെള്ളത്തിരകൾകണക്കെ
കേററം പാരമതാരംഭേ പുന-
രേററം പേടിയുമുടനേ കൂടി
തോററു തിരിച്ചുതുടങ്ങി പതുക്കെ-
പ്പാററകൾപോലെ പടജ്ജനമെല്ലാം.
മാററലർബാണഗണങ്ങളുമുടനുട-
നേററു മുറിഞ്ഞു മറിഞ്ഞഥ വീണും,
ഏററുതിരിപ്പാനെളുതല്ലാഞ്ഞവ-
രേററം ഭൂമിയിൽ വീണുമുരുണ്ടും,
പേടികലൎന്നൊരു നായന്മാര-
ങ്ങോടിച്ചെന്നു മരങ്ങടെ മൂട്ടിൽ
കൂടിക്കരിയിലകൊണ്ടു ശരീരം
മൂടിയൊളിച്ചു ശയിച്ചാരുടനെ.
നായന്മാരുടനോട്ടന്നേര-
ത്തായുധമെല്ലാം വഴിയിൽ പോയി.
ആയതു പിന്നെയുമുണ്ടാക്കീടാം
കായം കിട്ടുകിലതു ബഹുലാഭം.
മലയുടെ ഗുഹയിൽ ചെന്നു കിടന്നാർ
ചിലരന്നേരം പ്രാണഭയത്താൽ
വലിയൊരു പുലി വന്നടിയുംകൂടി-
ത്തലയുംകൊണ്ടു തിരിച്ചാനപ്പോൾ;

കലയും മാനും വരുമൊരു മാൎഗ്ഗേ
വലയും കെട്ടിക്കാട്ടാളന്മാർ
മലയിലൊളിച്ചിരിഹ പാൎക്കുന്നേരം
വലയിൽ ചെന്നു വലഞ്ഞാനൊരുവൻ;
വലയിൽ പെട്ടതു കണ്ടൊരു വേടൻ
കലയെന്നോൎത്തൊരു ബാണമയച്ചാൻ
തലയിൽക്കൊണ്ടു തറച്ചതു കണ്ടാ
മലയൻ വന്നിഹ നോക്കുന്നേരം
കലയല്ലിവനൊരു വലിയൊരു തടിയൻ
മലയാളത്തിലെ മാനുഷനൊരുവൻ.
വലയീന്നങ്ങു വലിച്ചു പതുക്കെ-
ത്തലയീന്നമ്പു പറിച്ചാൻ വേടൻ.
പേടിത്തൊണ്ടൻ മറ്റൊരു മാനുഷ-
നോടിപ്പോംവഴിയറിയാറാക്കി
കാട്ടതകത്തൊരു വാരിക്കുഴിയിൽ
ചാടിയൊളിച്ചു കിടന്നാനപ്പോൾ;
ഉള്ളത്തിൽ ഭയമേറുകമൂലം
വെള്ളത്തിൽ ചിലർ ചാടിയൊളിച്ചു,
വള്ളിക്കെട്ടുകൾതോറും ചെന്നതി-
നുള്ളിൽ പുക്കിതു പല ജനമപ്പോൾ,
മണ്ണിൽ പലപല കുഴിയുണ്ടാക്കി-
പ്പൊണ്ണന്മാർ ചിലരവിടെയൊളിച്ചു,
കണ്ണുമടച്ചു പുതച്ചു കിടന്നൊരു-
വണ്ണമുറക്കവുമങ്ങു തുടങ്ങി;
കൊമ്പു കുഴൽക്കാർ ചെണ്ടക്കാരരു-
മമ്പു ഭയപ്പെട്ടോടി നടന്നാർ

കൊമ്പന്മാരുടെ കൊമ്പു മരത്തിൻ-
കൊമ്പു തടഞ്ഞുടനമ്പതു കഷണം
മദ്ദളമരയില്പറപ്പിച്ചീടിന
വിദ്വാനോട്ടക പാരം ദണ്ഡം,
മദ്ദളമങ്ങൊരു കാട്ടിലെറിഞ്ഞി-
ട്ടൂട്ടിക്കീന്നഥ ധാവതിചെയ്തു.
ഒരുഭാഗത്തൊരുത്താലു വിളന്നി-
ട്ടൊരുവൻ ചെണ്ടയ്ക്കകമേ പുക്കാൻ,
പെരുവഴിതന്നിലുരുണ്ടു തിരിച്ചാൻ
പെരുതായുള്ളൊരു ചെണ്ടക്കാരൻ.

ഉടുക്കും കൊട്ടിക്കൊണ്ടഗ്രേ നടക്കുന്ന മേളക്കാരൻ
ഉടുക്കും മുണ്ടും കളഞ്ഞു മിടുക്കും ഭാവിച്ചു മണ്ടി
തിടുക്കം പൂണ്ടൊരു വീട്ടില്പുക്കടപ്പാൻ ഭാവിക്കുന്നേരം
കടുത്ത നായർതാൻവന്നു തടുത്താനത്രയുമല്ലാ
മുടിക്കും പിടിച്ചു നാലഞ്ചടിക്കുന്ന ഘോഷം കേട്ടു
പൊടുക്കെന്നു കാട്ടില്പുക്കു കിടക്കുന്ന നായന്മാർ വ-
ന്നടുക്കുന്ന കോലാഹലം കടുക്കുന്നുണ്ടൊരുദിക്കിൽ.:
പടയ്ക്കു തോററു മണ്ടുന്ന ഭടന്മാർ വന്നു കേറുമ്പോൾ
പടിക്കൽ കാവലുംവെച്ചു കടപ്പാനെളുതല്ലെന്നും
വനത്തിൽ നിന്നോടിവന്ന ജനത്തിന്റെ ഭാവംകണ്ടു
മനത്തിൽ നിന്ദിക്കും നാരീജനത്തിന്റെ വാക്കുണ്ടായി:
"വമ്പന്മാരായ മീശക്കൊമ്പന്മാരെല്ലാമോരോരോ
വമ്പും പറഞ്ഞു വില്ലുമമ്പുമെടുത്തുംകൊണ്ടു്
തമ്പുരാന്മാൎക്കു തിരുമുമ്പിലകമ്പടിയ്ക്കു-
അമ്പം കലൎന്നുചൊന്നു വമ്പിച്ച കാനനത്തിൽ
ഗന്ധൎവ്വന്മാരെപ്പേടിച്ചന്ധന്മാരായ നിങ്ങ-

ളെന്തിപ്പോളോടിപ്പോരാൻ ബന്ധമെൻ ഭോഷന്മാരേ!
ചന്തം പെരിയ തൊങ്കൽക്കന്തം കളഞ്ഞു വീണു
ദന്തങ്ങളും തകൎന്നു എന്തൊരു സാഹസങ്ങൾ!
തോല്ക്കുന്ന കൂട്ടം നിങ്ങൾ തോക്കും കളഞ്ഞു പോന്നാ-
താൎക്കുമടുത്തതല്ലിതോൎക്കുമ്പോൾ ചിരിയാകും,
നേൎക്കും മാററാരൊടു പോരേല്ക്കുന്നനേരം പല
ചാക്കും മുറിവും പുനരാൎക്കും വരാത്തതല്ലാ;
ചാട്ടം പിഴച്ച് കപിക്കൂട്ടംകണക്കെ നിങ്ങൾ
കൂട്ടം പിരിഞ്ഞു പാരം കോട്ടം പിണഞ്ഞമൂലം
ഓട്ടം തുടങ്ങിയതു വാട്ടം വരുവാൻതന്നെ
കേട്ടാലുടനെതന്നെ നാട്ടാർ പരിഹസിക്കും;
കാട്ടിൽനിന്നോടിപ്പോന്നു വീട്ടില്പുക്കൊളിക്കയേ-
ക്കാട്ടിൽ മരിക്ക നല്ലു കേട്ടീലേ നായന്മാരേ?
ഗോഷ്ഠികൾ പതിനേഴു നാട്ടിലും കേൾക്കുമയ്യോ
കാട്ടിയ കൎമ്മമേതും പാട്ടിലായതുമില്ലാ"
പെണ്ണുങ്ങളുടെ വാക്കീവണ്ണം കേൾക്കുന്ന ചില
പെണ്ണന്മാർ വീടുകളിൽ കണ്ണുമടച്ചിരുന്നാർ
കൎണ്ണൻ ദുൎയ്യോധനൻ വികൎണ്ണൻ ദുശ്ശാസനനും
കൎണ്ണം ചുവത്തിച്ചാപദണ്ഡം കുലച്ചുംകൊണ്ട്
ചണ്ഡമായുള്ള ശരഷണ്ഡമുതിൎത്തുംകൊണ്ട്
തത്ര വന്നടുക്കുന്ന ചിത്രസേനന്റെ കൂട്ട-
മെത്ര വളരെയുണ്ടു മിത്രന്മാരവരോടു
യുദ്ധം തുടങ്ങിയവരിത്ഥം പറഞ്ഞീടുന്നു
ക്രുദ്ധന്മാരായ കുരുവൃദ്ധന്റെ നന്ദനന്മാർ.
"ഗന്ധൎവ്വന്മാരാകിന നിങ്ങളെ
ഗന്ധംപോലും നാസ്തിയതാമൊരു

ബന്ധംകൂടാതിങ്ങനെ നേപ്പാ-
നെന്തൊരു കാരണമധമന്മാരേ?
അംബരചാരികളാകിന നിങ്ങടെ
ഡംബരമിന്നു ശമിക്കുമശേഷം
സംഗരമിവിടെച്ചെയ്യതിന്നുള്ളൊരു
സംഗതി വന്നിതു നന്നിതു കാലം.
അംഗമഹീപതി കൎണ്ണൻ ഞാനതു
നിങ്ങളറിഞ്ഞീലെങ്കിലിതറിവിൻ,
അംഗങ്ങളിലുടനമ്പുകൾകൊണ്ടിഹ
ഭംഗം വരുമളവറിയാമെല്ലാം;
നിങ്ങടെ വിരുതുകളൊന്നുമിദാനീം
ഞങ്ങടെ നേരെ ഫലിക്കയുമില്ല,
കുരുകുലതിലകൻ ദുൎയ്യോധനനൃപ-
നരികുലശലഭദവാനലസാരൻ
കരബലശാലികളനുജന്മാരും
പരബലമാശു തകൎക്കുമശേഷം.
കുംഭീന്ദ്രപ്രൌഢകുംഭസ്ഥലദലനകലാ-
ചണ്ഡദോർദ്ദണ്ഡസാരാൻ
ഗംഭീരാരാവഘോരാൻ കിമു ശശനികര-
സ്സംഹരേൽസിംഹവീരാൻ?
കിം ഭോ ഗന്ധൎവ്വവൃന്ദം സകലമപി സമം
സംഗതം സംഗരാന്തേ
ഡംഭോപേതം വിജേതും പ്രഭവതി വിമതോ-
ല്ലൂത്തനാൻ ധാൎത്തരാഷ്ട്രാൻ?
ശ്ലോകംകൊണ്ടു പറഞ്ഞാലറിവാ-
നാകുലതമെങ്കിൽ പൊരുളും ചൊല്ലാം.

ലോകരശേഷം ബോധിക്കേണം
ലൌകികമിതു കഥനംചെയ്യുന്നു.
ആനത്തലവന്മാരുടെ മസ്തക-
മാശു പിളൎന്നു കിളൎന്നൊരു രുധിരം
പാനംചെയ്തു മദിച്ചു നടക്കും
പരുഷമതാകിന സിംഹകുലത്തെ
താനേ ചെന്നൊരുക്കൂട്ടം മുയലുകൾ
താഡിച്ചാശു വധിപ്പാൻ മതിയോ?
അതുപോലെ ബഹു ഗന്ധൎവന്മാ-
രതുലപരാക്രമശാലികളാകും
ധൃതരാഷ്ട്രാത്മജരോടമർചെയ്വാൻ
മതിയാമോ ബത ശിവശിവ മോഹം!
കൂടലർകുലബലമറുതിപെടുക്കും
കൂട്ടം കുരുകുലമെന്നു ധരിപ്പിൻ
ആടലശേഷമകന്നു പടയ്ക്കുതി-
പാടവമേറിന കൎണ്ണാദികളൊട്ടു
കൂടാ നിങ്ങടെ നികൃതികളൊന്നും
വാടാ ഖേചരമൂഢാ രണഭുവി
വാടാ ഞങ്ങളിലൊരുവൻ പോരും”
പ്രൌഢാഹംകൃതിഹുംകൃതിയാലതി-
മൂഢന്മാരുടെ വാക്കിതിവണ്ണം
ഗൂഢമതല്ലിഹ പൊരുളിതു കിഞ്ചിൽ.
മിത്രനന്ദനസ്യയോധനവൃന്ദം
തത്ര വന്നുടനടുത്ത ദശായാം
ചിത്രസേനനഥ സേനകളോട-
ങ്ങാൎത്തുകൂടിയവരോടെതിർചെയ്താൻ:—

“നില്ല നില്ലെട സുയോധന കർണ്ണാ
നിങ്ങൾ ചൊന്ന മൊഴി നിന്ദിതമെല്ലാം
വില്ലെടുത്തു വിളയാടിന ഞങ്ങൾ-
ക്കില്ല തെല്ലുമൊരു വാട്ടമിദാനീം.
കൂർത്തുമൂർത്ത ശരമാരികളെല്ലാം
പേർത്തുപേർത്തുടനതിർത്തു തുടർന്നാൽ
ചീർത്ത മൂർത്തികളിലാശു സമസ്തം
കോർത്തുകോർത്തു ശകലീകൃതമാകും.
ധാർത്തരാഷ്ട്ര കുടിലാശയ നിന്റെ
ധൂർത്തുകൊണ്ടു ഫലമില്ലെട മൂഢാ.
ഓർത്തുകൊൾക മമ ബാഹുബലം നീ
നേർത്തുവന്നതതിസാഹസമല്ലൊ.
ഊർദ്ധ്വപോരിവരരോടമർചെയ്താ-
ലൂർദ്ധ്വമാമവനിചാരികളെല്ലാം
മൂർദ്ധഭാഗമതിലന്യകളേററി-
ട്ടൂർദ്ധ്വലോകഗതി വന്നു ഭവിക്കും.
കാട്ടിൽ വന്നു നിജപൌരുഷഭാവം
കാട്ടുവാനിഹ തുടർന്നൊരു കള്ള-
ക്കൂട്ടമിങ്ങനെ തിമർത്തുമൂലം
കോട്ടമിന്നു വരുവാൻ വഴികൂടി.
നൂററുപേരുമിഹ നിങ്ങളശേഷം
കൂററുകാരുമുടനൻപൊടു പോരിൽ
തോററുപോം ഝടിതിയത്രയുമല്ലാ
കാററുപോലെ ഗൂഢമാശു പറക്കും.

അഷ്ടി കഴിച്ചു തിമർത്തു നടക്കും
യഷ്ടികളൊരുവക ദുർവ്വിനയന്മാർ

നഷ്ടിവരാനൊരു വഴിയും നോക്കി-
ക്കഷ്ടിച്ചങ്ങനെ പടയുംകൂട്ടി
കെട്ടിച്ചുററിയണിഞ്ഞു ഞെളിഞ്ഞിഹ
കൊട്ടിഗ്ഘോഷിച്ചാൎത്തുവിളിച്ചും,
പെട്ടികളും ചില പെട്ടകവും പല
ചട്ടമതിങ്ങനെ വട്ടംകൂട്ടി
ചെട്ടികളും ചില കുട്ടികളും കോ-
മട്ടികളും പല പട്ടന്മാരും
നാട്ടിലിരിക്കും പ്രജകളെയെല്ലാം
കൂട്ടി സ്വരൂപിച്ചെന്തൊരുകാൎയ്യം?
കാട്ടിൽ വരാനിക്കുടിലന്മാരേ,
കാട്ടിയ വിരുതുകളൊക്കെയബദ്ധം,
കാട്ടിലിരിക്കും പാൎത്ഥന്മാരെ-
ക്കാട്ടീടുവതിന്നിങ്ങനെ നിങ്ങടെ
ഗോഷ്ഠികളോൎത്താൽ ചിരിയാകുന്നു
ഗോഷ്ഠവിലോകനമെന്നൊരു കപടം.
പുഷ്ടി നടിക്കും നിങ്ങളെയിപ്പോൾ
പട്ടിക്കും ബഹുമാനം നാസ്തി!
കൊട്ടിക്കൊണ്ടിഹ വരുവാനിങ്ങനെ
സൃഷ്ടിച്ചാനൊരു കുസൃതിക്കാരൻ
രാഷ്ട്രവിനാശത്തിന്നുടനേ ധൃത-
രാഷ്ട്രസുതന്മാർ നിങ്ങൾ പിറന്നു,
നാട്ടിന്നു നാശം നിങ്ങടെ മൂലം,
നാണക്കേടിന്നു നല്ലൊരു മാൎഗ്ഗം
പടയും നിങ്ങടെ പദവികളും പല
കുടയും കൊടിയും തഴ ചാമരവും

പടഹം തുടിപറ കൊമ്പും കുഴലും
പടുതരഘോഷമശേഷവുമിപ്പോൾ
ഝടിതി നശിച്ചിതു ജള്ളരേ നിങ്ങടെ
തടിമാത്രം ശേഷിച്ചിതു സമരേ
തടിയന്മാരേ പടപൊരുതീടുക
മുടിയന്മാരേ മൂഢന്മാരേ
മടിയന്മാരുടെ മദവും മതവും
പടതുടരുമ്പോൾ തീരുമതറിവിൻ".

ഇത്ഥം പറഞ്ഞുംകൊണ്ടു യുദ്ധം തുടങ്ങീ തത്ര
ചിത്രസേനാദികളും ധൎമ്മരാഷ്ട്രാദികളും,
അസ്ത്രങ്ങളനവധി ശസ്ത്രങ്ങൾ പലവിധം
ചിത്രപ്രകാരമതുമാത്രം പറവാൻ വേല.
വെട്ടും തടവും ചില മുട്ടും മുറികൾ പുന-
രൊട്ടും കുറവില്ലാത്ത കൊട്ടും കുഴൽവിളിയും
എട്ടു ദിഗന്തങ്ങളും പൊട്ടുംപ്രകാരം പട-
വെട്ടും കുരുക്കളെമ്പത്തെട്ടും മുപ്പതും നാലു-
മെട്ടും തളൎന്നു വില്ലുമിട്ടും കളഞ്ഞു നല്ല
പട്ടും വെടിഞ്ഞു പിറകോട്ടു തിരിച്ചനേരം
കൂട്ടം കലമ്പിപ്പടക്കൂട്ടം പല വഴിക്കും
ഓട്ടംതുടങ്ങിപ്പല കോട്ടങ്ങൾ കണ്ടുനില്ക്കും
ധീരൻ ചിത്രസേനൻ ഗഭീരൻ ഗന്ധൎവ്വരാജ-
വീരൻ നൂററുപേരുടെ നേരേ പാഞ്ഞടുത്താശു
"രേരേ മൂഢരേ നിങ്ങളാരെക്കാണ്മാനോടുന്നു?
പോരാടുവാൻ മിടുക്കു പോരാഞ്ഞു നിങ്ങളിപ്പോൾ
ആരുചൊല്ലിത്തങ്ങടെ പൌരുഷം കാട്ടാൻ വന്നു?
നില്പിൻ തരിമ്പെങ്കിലും കെല്പില്ലാത്തവർ നിങ്ങൾ

ജല്പിപ്പാൻമാത്രം കൊള്ളാം അല്പന്മാരയ്യോ കഷ്ടം!
ചൊല്ലൊങ്ങും ദേവരാജൻ കല്പിച്ചു വന്നു ഞങ്ങൾ
സർപ്പധ്വജന്റെ കൂട്ടമെപ്പേരുമിന്നുതന്നെ
സ്വർഗ്ഗത്തിൽ വന്നീടേണം ഭർഗ്ഗല്ലാ പറയുന്നു
പട്ടും വളയുമെല്ലാം കിട്ടുമത്രയുമല്ലാ
വീരശൃംഖ നിങ്ങൾക്കോരോന്നു കൈയ്യ്ക്കു പോടും
പാരാതെ പോന്നുകൊൾവിൻ വീരാളിപ്പട്ടും കിട്ടും”.

ഇത്തരം മൊഴി പറഞ്ഞു സമത്ഥൻ
ചിത്രസേനനതിവേഗമടുത്തു,
തോററു ദൂരമഥ ധാവതിചെയ്യും
നൂററുപേരെയുമടുത്തു തടുത്തു,
വാറുകൊണ്ടുടനടിച്ചു പിടിച്ച-
ക്കേറുകൊണ്ടുടൽ വരിഞ്ഞഥ കെട്ടി
തേരിലെക്കൊടിമരത്തൊടുകൂടി-
ച്ചേതമാറു പല കെട്ടു മുറുക്കി
ക്ഷിപ്രമംബരതലത്തിലുയന്നാ-
നപ്രമേയബലനാകിന ദിവ്യൻ.

ധാത്തരാഷ്ട്രശതവും പുനരപ്പോ-
ളാത്തരായി മുറയിട്ടുതുടങ്ങി:—
“ധൂത്തരാമരികൾ ഞങ്ങളെയെല്ലാം
തേത്തടത്തിലുടനിട്ടു വരിഞ്ഞു
ഊദ്ധ്വദിക്കിനിഹ കൊണ്ടുതിരിച്ചു
പാത്ഥകാണ്ക മമ ധമ്മതനൂജാ,
പാത്ഥ ഹാ നകുല ഹാ സഹദേവാ
കാത്തുകൊൾക കനിവോടതിവേഗാൽ.

ഭീമസേന വരികാശു തരിമ്പും
താമസിക്കരുതു നിങ്ങളിദാനീം,
സീമയില്ല മമ സങ്കടമയ്യോ
ധീമതാം വര യുധിഷ്ഠിരവീര.

തടിച്ചോരു ഗന്ധർവ്വൻ മഹാ കശ്മലൻ അടിച്ചു
പിടിച്ചുകെട്ടിക്കൊണ്ടു തിരിച്ചു ശിവശിവ!!
ഒരുത്തൻ വരുത്തുന്നൊരനർത്ഥങ്ങളാൽ
കരത്തിന്നൊരു കരുത്തുമില്ലാഞങ്ങൾ കനക്കെ തരംകെട്ടു.
വലഞ്ഞു് വശംകെട്ടു വയം കേവലം വലയ്ക്കകത്തു
പതിച്ച മൃഗങ്ങളെക്കണക്കെ ശിവശിവ!
സഖേ ധർമ്മജ വീര സമീരാത്മജ സരസ പാർത്ഥ
നകുല സഹദേവ വരിക വിരവൊടെ.
നിരാധാരരായുള്ള ജനങ്ങൾക്കഹോ നിങ്ങളെ-
ന്നിയേ മറെറാരു ജനമില്ല ശരണമതു ദൃഢം.
കുരുക്കൾക്കു വന്നീടും തരക്കേടഹൊ കുലത്തി-
ലുള്ള ജനങ്ങൾക്കൊക്കത്തന്നെ സമമെന്നറികെടൊ"

ഇത്തരമുള്ളൊരു മുറവിളികൊണ്ടഥ
പത്തു ദിഗന്തരമൊക്കെ മുഴങ്ങീ.
സത്വരമതുകേട്ടധികദയാനിധി
സത്വഗുണാംബുധി ധർമ്മതനൂജൻ
ഗന്ധവഹാത്മജനോടരുൾചെയ്തു:—
"ഗന്ധർവ്വന്മാർ വന്നിഹ നമ്മുടെ
ബന്ധുജനങ്ങളെയെല്ലാം വിരവൊടു
ബന്ധിച്ചുംകൊണ്ടങ്ങു തിരിച്ചു
ബന്ധംക്രൂടാതിങ്ങനെ ചെയ്വതി-
നന്ധതതാനൊരു കാരണമിപ്പോൾ.

അന്ധൻ ജനകനാമിക്കഥ കേട്ടാ-
ലന്തസ്താപംകൊണ്ടു മരിയ്ക്കും,
എന്തെങ്കിലുമുടനനുജന്മാരുടെ
സന്താപങ്ങളൊഴിക്കണമിപ്പോൾ,
അന്തരമില്ലതു ചെയ്തീലെന്നാ-
ലെന്തിനു നമ്മുടെ ധർമ്മവിചാരം?
ദുര്യോധനനും ദുശ്ശാസനനും
ദൂഷണമനവധി ചെയ്യുവരെങ്കിലു-
മയ്യോ ഞങ്ങൾ വലഞ്ഞതിനിങ്ങനെ
കയ്യും മെയ്യും വശമല്ലാഞ്ഞവർ
നമ്മെ വിളിച്ചു കരഞ്ഞതു കേട്ടിഹ
ചുമ്മയിരിപ്പതു ചിതമോ സോദര?
ധർമ്മം നൃപതിയ്ക്കാശ്രിതരക്ഷണ-
കർമ്മമതല്ലോ സഹജന്മാരേ;
ദുർമ്മദമിപ്പോളരുതരുതുരുതര
ദുരിതം വരുമതിനനവധി മേലിൽ"

അഗ്രജവചനം കേട്ടൊരുനേരമു-
ദഗ്രപരാക്രമിയാകിയ ഭീമൻ
അഗ്രേ നിന്നു പറഞ്ഞുതുടങ്ങി സ-
മഗ്രാഹംകൃതിശാലി ഗഭീരൻ:—
"അടിയങ്ങൾക്കിഹ നാലു ജനത്തിനു-
മരുളിച്ചെയ്തോരു കല്പനകേൾപ്പാൻ
മടിയെന്നുള്ളതുമില്ലിഹ ധർമ്മം
പിടിപാടില്ലാത്താളുകളല്ലാ;
കള്ളച്ചൂതുകൾകൊണ്ടു ചതിച്ചോരു
കള്ളന്മാരുടെ കപടമതോർത്താൽ

ഉള്ളംതന്നിലൊരല്പം കനിവെ-
ന്നുള്ളതു സമ്പ്രതി തോന്നുന്നീലാ;
തള്ളലുമവരുടെ തുള്ളലുമൊരുവക
ഭള്ളും പെരുകിന കള്ളവുമോൎത്താൽ
കൊള്ളാമിത്തൊഴിൽ താനേ വന്നതു
കോലാഹലമെന്നൊന്നുടെ പക്ഷം;
ഗന്ധൎവ്വന്മാർ സരസന്മാരവ-
രെന്തെന്നില്ലാത്താളുകളല്ലവർ
ബന്ധംകൂടാതല്ലവരിവരെ-
ബ്ബന്ധിച്ചങ്ങനെ കൊണ്ടുതിരിച്ചു.
പാലു കുടിച്ചു തടിച്ചൊരുകൂട്ടം
വാലില്ലാത്ത കുരങ്ങച്ചന്മാർ
നാലഞ്ചല്ലൊരു നൂറു ജളന്മാർ
നാടുമുടിപ്പാൻ വന്നു പിറന്നു;
ചന്തം കാട്ടി നടക്കുന്നവരുടെ
ദന്തം തല്ലിയുതിൎപ്പാൻ നല്ലൊരു
ബന്ധം കാണാഞ്ഞങ്ങു വസിക്കും
ഗന്ധൎവ്വന്മാൎക്കിന്നു കണക്കിൽ
ബന്ധിപ്പാനൊരു സംഗതി വന്നതു
സന്ധിക്കാതവർ വിടുകയുമില്ല.
എന്തെങ്കിലുമൊന്നാരംഭിച്ചാ-
ലന്തരമില്ലതു ചെയ്തേ നില്ലൂ.
വിണ്ണവർനാട്ടിലിരിയ്ക്കും വേശ്യ-
പ്പെണ്ണുങ്ങടെ നടുമുററമടിപ്പാൻ
പൊണ്ണന്മാരിവർ കൊള്ളാമവരുടെ
പെണ്ണുങ്ങടെ വിടുപണി ചെയ്യിക്കാം.

കാളിപ്പെണ്ണു കളിയ്ക്കുന്നേരം
താളിപതയ്പ്പാനൊരുവൻ കൊള്ളാം,
നീലിപ്പെണ്ണിന്നു നിദ്രാസമയേ
കാലിണ ഞെക്കാനപരൻ കൊള്ളാം,
ഉൎവ്വശിതന്റെ പടിക്കമെടുപ്പാ-
ന്നൎവ്വിയിലുള്ളവരിവർ ചിലർ കൊള്ളാം,
അരുവയർമൌലി തിലോത്തമതന്നുടെ
പുരമറി തൂപ്പാനൊരുവൻ കൊള്ളാം,
സ്വൎഗ്ഗസ്ത്രീകടെ വൃഷലികൾവേലയെ-
ടുക്കേണ്ടുന്നതിന്നിവരെക്കൊള്ളാം.
പച്ചിലയുള്ളൊരു പദവിക്കൊരുടെ-
യെച്ചിലെടുപ്പാനിവർ ചിലർ കൊള്ളാം.
ചന്ത്രക്കാരനു വെററ തെരുപ്പാൻ
ചന്തക്കാരിലൊരുത്തൻ കൊള്ളാം,
കുട്ടിപ്പട്ടന്മാരുടെ ചുമടുകൾ
കെട്ടിപ്പേററാനൊരുവക കൊള്ളാം,
കല്പകവൃക്ഷം കാപ്പാനുള്ളൊരു
കല്പന കേൾപ്പാനൊരുവക കൊള്ളാം,
ആമ്പടി കൂട്ടുന്നവരുടെ വീട്ടിൽ
തൂമ്പ കിളപ്പാനും ചിലർ കൊള്ളാം,
ഗോക്കളെ മേപ്പാനും ചിലർ കൊള്ളാം
ശ്വാക്കളെ നോക്കാനും ചിലർ കൊള്ളാം,
കാക്ക വരുമ്പോൾ വക്കാണിപ്പാ-
നാക്കണമെങ്കിലതിവരെക്കൊള്ളാം,
ഈവക വിടുപണി ചെയ്യിപ്പാനിഹ
ദേവകൾ ചൊല്ലാൽ ഗന്ധൎവ്വന്മാർ

ഇവരെക്കെട്ടിക്കൊണ്ടു തിരിപ്പാ-
നവകാശമിതെന്നടിയനു തോന്നി.
മറെറാരു കാൎയ്യക്ലേശം ചെയ്വാൻ
നൂററിലൊരുത്തനുമില്ലിഹ നൂനം,
മാററികളെപ്പുനരെന്തിനു നാമിഹ
മാററിക്കൊൾവാൻ പണിചെയ്യുന്നു?
കുരുടച്ചാരുടെ മക്കളെയൊക്കെ-
ത്തെരുതെരെ മമ ഗദകൊണ്ടടികൂട്ടി
പരിചൊടു കൊന്നു മുടിപ്പാനായി-
പ്പലകുറിയടിയൻ ഭാവിച്ചപ്പോൾ
അരുതരുതെന്നിഹ ജ്യേഷ്ഠൻ നമ്മോടു
തിരുവുള്ളക്കേടായതുമൂലം
കുററം വരുമെന്നോൎത്തടനടിയൻ
മുററുമടങ്ങിപ്പാൎക്കുന്നിപ്പോൾ,
മറെറാരു കൂട്ടക്കാർ വന്നിപ്പോൾ
നൂററുവരെയുംകൊണ്ടു തിരിച്ചു
മാററുന്നെന്തിനു നല്ല കണക്കിലി-
തേററതൊഴിപ്പാനെന്താവശ്യം?
താനൊന്നിനു കല്പിക്കയുമില്ലിഹ
താനേ വന്നതുമൊക്കെ മുടക്കും;
ജ്ഞാനികളാകിന നിങ്ങടെ മദ്ധ്യേ
ഞാനിങ്ങനെയൊരു മൂഢൻ തീൎന്നു.
ജ്യേഷ്ഠനുമനുജന്മാരും കൂടി-
ക്കാട്ടിലിരുന്നു തപം ചെയ്താലും
ശാന്തന്മാരൊടുകൂടിയിരിപ്പതു
താന്തോന്നിയ്ക്കിഹ തരമല്ലിപ്പോൾ.

തടിയൻ ഭീമൻ ഞാനിനി നിങ്ങടെ-
യിടയിലിരുന്നു തരങ്ങൾ കെടാതെ
വാശ്ശോരു ദിക്കിനു പോകേയുള്ളു
വാച്ചൊരു പരിഭവമൊഴിയണമുടനേ.
ഗദയും കയ്യിലെടുത്തൊരു പൊണ്ണൻ
ഉദയേ കുളിയും പുഷ്പാഞ്ജലിയും
ഉപവാസങ്ങളുമുപരി തുടന്നാ-
ലപവാദങ്ങൾ നമുക്കു ഭവിയ്ക്കും.
ചേട്ടനുമനുജന്മാരും ചെന്നാ-
ച്ചെണ്ടക്കാരുടെ ദീനമൊഴിച്ചുട-
നവരുടെ ദിക്കിനയയ്ക്കേ വേണ്ടു.
ഭവനേ ചെന്നവർ കേരംമുമ്പേ
കാററിന്മകനുടനവിടെച്ചെന്നിഹ
നൂററിനെയും പൊടിഭസ്മമതാക്കി.
കാലത്തിങ്ങു വരുന്നുണ്ടവരെ-
ക്കാലപുരത്തിൽ ചെന്നാൽ കാണാം."

കടുത്തവാക്കുകളുരത്തു ഭീമൻ
കരത്തിലഗ്ഗദയെടുത്തു വെക്കം
നടപ്പതിന്നഥ തുടന്നനേര-
ത്തിടയ്ക്കു നരപതി കഥിച്ചിതേവം
"കടുപ്പമായുരുമടക്കമില്ലാ
കടുത്ത സോദര തുടങ്ങൊലാ നീ,
പൊടുക്കനെക്കഥയൊടുക്കുകെന്നതു
നടക്കയില്ലിഹ മിടുക്കനെങ്കിലു-
മൊടുക്കമെമ്പൊടു മടക്കവും ചില-
മുടക്കവും വരുമടക്കമേ ശുഭ-

മീടയ്ക്കു സോദര പടയ്ക്കു കാലമ-
ത്തടക്കമന്നിതു നടക്കമായതു
തടുക്കയില്ലഹമെടുക്കിലും ഗദ
മുടിക്കിലും പുനരടിയ്ക്കിലും പൊടി-
പെടുക്കിലും പുരമടക്കിലും പഥി
വടക്കു തെക്കിഹ നടക്കിലും തവ
മതം നമുക്കന്നുമതം വൃകോദര,
ഹിതം പറഞ്ഞതു ചിതം ഗ്രഹിയ്ക്കു നീ.
കുരുകുലമതിലിഹ ജാതന്മാരവ-
രൊരുന്നൂറും നാമൈവരുമെല്ലാം,
ഒരുമ നമുക്കുമവൎക്കും തങ്ങളിൽ
വരുവാൻ വിഷമമതെങ്കിലുമിപ്പോൾ
മാററാർ വന്നു വിരോധിക്കുമ്പോൾ
നൂററഞ്ചും പുനരൊന്നെന്നേ വരൂ.
ഊററക്കാൎക്കും വരുമൊരബദ്ധം
ക്രൂററാർ വേന്നമൊഴിപ്പതിനപ്പോൾ,
ക്രൂററാരൊരുവരുമില്ലാത്തൊരു ദിശി
മാററാരെങ്കിലുമുപകൃതി ചെയ്യാം.
കാററിന്മകനേ, മടിയാതവർകളെ
മാററിക്കൊണ്ടിഹ വരിക കുമാര;
പണ്ടൊരു പൂച്ചയുമെലിയും തങ്ങളി-
ലുണ്ടായ് വന്ന സഖിത്വമൊരുന്നാൾ
മലയുടെ മൂട്ടിൽ കാട്ടാളന്മാർ
വലയും കെട്ടിയുറപ്പിച്ചങ്ങനെ
കലയും മാനും പുലിയും വന്നതിൽ
വലയുന്നേരം കൊലചെയ്യാനായ്

ഒരു ദിശി പാൎത്തിതു പകൽ കഴിവോളം
ഒരു മൃഗമന്നിഹ വന്നതുമില്ല.
വരുമിനി രാത്രിയിൽ നാളെ വെള്ളത്താൽ
വിരവൊടു വന്നു വധിക്കാമെന്നവർ
കരുതിത്തങ്ങടെ ഭവനേ ചെന്നട-
നൊരുമിച്ചവിടെയുറക്കവുമായി.
ഒരു മാൎജ്ജാരൻ വന്നട്ടവി രാത്രിയി-
ലിരയും തെണ്ടി നടക്കുന്നേരം
തരസാ ചെന്നൊരു വലയിൽ ചാടി-
ക്കരവും കാലുമിളക്കാൻ മേലാ.
പരവശനപ്പോൾ ങ്യാവൂങ്യാവൂ
കരവൂതും ചെയ്തവിടെ വലഞ്ഞു.
അരികേയുണ്ടൊരു പോട്ടിലിരിയ്ക്കും
പെരുതായുള്ളൊരു മൂഷികനപ്പോൾ
അരിയായുള്ളൊരു പൂച്ചത്തടിയൻ
കരയുന്നതു കേട്ടൊന്നു വിരണ്ടു,
ഉരിയാടാതെ മുഖം കാട്ടുന്നതു-
മൊരുകുറി കണ്ടാൻ പൂച്ചയുമപ്പോൾ,
സരസതയോടു വിളിച്ചാനവനെ-
"പ്പരവശനായ് ഞാൻ മൂഷികവീര,
വലയിൽച്ചാടി വലഞ്ഞൊരു ഞാനൊരു
ഫലമില്ലാതെ മരിപ്പാറായി
കലമാൻ പന്നികൾ വന്നു പതിച്ചാൽ
മലയന്മാൎക്കതു തിന്മാൻ കൊള്ളാം.
വിലപിടിയാത്തൊരു പൂച്ച ലഭിച്ചാൽ
മലയന്മായതു തിന്മാനാകാ.

തലയിലെഴുത്തിൻ ബലമതുകൊണ്ടിഹ
വലയിൽപ്പെട്ടു വലഞ്ഞു സഖേ ഞാൻ.
എലിയും പൂച്ചയുമന്യോന്യം ബഹു
കലഹികളെന്നൊരു ചൊല്ലതു കൊള്ളാം;
കലഹമെനിയ്ക്കു ഭവാനോടില്ലതു
നലമൊടു നീയിഹ ബോധിയ്ക്കേണം.
വലയുടെ ചരടു കടിച്ചു മുറിപ്പാൻ
പലപല കൌശലമങ്ങുണ്ടല്ലോ.
മലയൻ പോന്നു വരുന്നതിൽമുമ്പേ
വല കണ്ടിപ്പാൻ കനിവിയലേണം.
വലയുന്നവരുടെ പാലനമല്ലോ
വലിയ ജനങ്ങടെ ധൎമ്മമതറിക.
എലിയെന്നല്ല ഭവാനൊരു ദശയിൽ
പുലിയെക്കാളതി വൻപനതാകും."

പലവിധമിങ്ങനെ മാൎജ്ജാരകനുടെ
പരവശവാക്കുകൾ കേട്ടൊരുനേരം
എലിയതു ബോധിച്ചരികെച്ചെന്നഥ
വല കണ്ടിപ്പാൻ ചട്ടംകൂട്ടി.
ഓരോ ചരടു കടിച്ചു മുറിപ്പാ-
നോരോ നാഴികനേരം വേണം;
തെരുതെരെയങ്ങു കടിച്ചു മുറിച്ചാൽ
തരമല്ലെന്നുണ്ടെലിയുടെ ഹൃദയേ,
മെച്ചമിവന്നതു ചെയ്യാനെന്നതു
പൂച്ചയറിഞ്ഞാലുപകാരത്തിനു
താഴ്ച വരാനുണ്ടെന്നു കനക്കെ-
ക്കാഴ്ചയവന്നുണ്ടെന്നതുമൂലം

താമസമായതു കണ്ടൊരു പൂച്ച-
യ്ക്കാമയമേറീ ക്ലേശവുമേറി.
"തെരുതെരെ വേണമതല്ലെന്നാലിഹ
വരുമതിദുഷ്ടൻ മലയപ്പാഴൻ
പുലരുന്നേരം മലയന്മാരും
പലരും കലശല കൂട്ടമുമ്പേ
വല കണ്ടിച്ചു വിടേണം നീയേ"-
ന്നൊലിയൊടു പൂച്ച പറഞ്ഞുതുടങ്ങി.
വെട്ടമടുത്തൊരു സമയേ മൂഷിക-
നൊട്ടും താമസിയാതേ വലയും
പൊട്ടിച്ചൻപൊടു പോട്ടിലൊളിച്ചു,
ധൃഷ്ടൻ പൂച്ചയുമങ്ങു നടന്നു.
ഒട്ടുദിനങ്ങൾ കഴിഞ്ഞൊരുദിവസം
കിട്ടീലെങ്ങുമൊരേടത്തശനം;
അഷ്ടിക്കെന്തൊരു വകയുള്ളെന്നിഹ
കാട്ടിൽ നടന്നപ്പൂച്ചത്തടിയൻ
കൂട്ടസഖിത്വം ഭാവിച്ചെലിയുടെ
പോട്ടിന്നരികെച്ചെന്നു വിളിച്ചാൻ.
"പണ്ടുപകാരം ചെയ്തൊരു മൂഷിക-
നുണ്ടോ സുഷിരംതന്നിലിദാനീം?"
എലിയതു കേട്ടു വിലത്തിന്നുള്ളിൽ
തലകാട്ടാതെ വസിച്ചു പറഞ്ഞാൻ:—
"കാര്യാർത്ഥമാവയോഃ സഖ്യം തസ്മിന്നവസിതേ പുനഃ
മാർജ്ജാരസ്ത്വം ഹി മാർജ്ജാരോ മൂഷികോഹഞ്ച മൂഷികഃ"
കാര്യംകൊണ്ടിഹ നീയും ഞാനും
കനിവോടു സഖ്യം ചെയ്തിതു മുന്നം

കാൎയ്യമതാര കഴിഞ്ഞു പിരിഞ്ഞു
വൈരമതിനിയും മുന്നെപ്പോലെ,
പൂശകനാം നീ പൂശകനിനി മേൽ
മൂഷികനാം ഞാൻ മൂഷികനിനിമേൽ,
ഇനി നാം തങ്ങളിലെത്തുന്നേരം
കനിവുമതില്ലൊരു ചേൎച്ചയുമില്ലാ"

ഇങ്ങനെയുള്ളൊരു ശ്ലോകം ചൊല്ലീ-
ട്ടങ്ങു നടന്നിതു മൂഷികനുടനേ.
എന്നതുകൊണ്ടു പറഞ്ഞു വൃകോദര,
നന്നിതു മാൎഗ്ഗം നയശാലികളാൽ
നിന്ദിതമല്ലിതു നന്ദിതമത്രേ.
ചെന്നുടനവരുടെ മോചനമുചിതം.
ഇന്നിസ്സങ്കടമവൊട്ടു തീൎത്താൽ
പിന്നെ നടത്തെപ്പോലെതന്നെ,
കൌന്തേയന്മാർ കൌന്തേയന്മാർ
കൌരവ്യന്മാർ കൌരവ്യന്മാർ."
"ആൎയ്യനിദാനീമരുളിച്ചെയ്തതു
കാൎയ്യമിതെ"ന്നുരചെയ്തിതു നകുലൻ.
"ഏഷണി പറവാൻ വിരുതു പെരുത്തവ-
നേഷ സുയോധനനനുജന്മാരും
ദൂഷണമിങ്ങനെ വരുവാനൊക്കയു-
മേഷണിദോഷമിതെന്നറിയേണം.

പുരാ കശ്ചന ഗോമായുർദ്ദുരാഗ്രഹവശംവദഃ
പരാൻ വിനാശയൻ ഭൂയോ ദുരാപദമുപേയിവാൻ.

പണ്ടൊരു കുറുനരി തിന്മാനുള്ളതു
തെണ്ടിനടന്നു മനസ്സും മുട്ടി

കണ്ടകമുള്ള വനങ്ങളിലെല്ലാം
മണ്ടിനടന്നു തളൎന്നു ശരീരം
കണ്ടാനൊരുദിശി നല്ല കരിമ്പുക-
ളുണ്ടാക്കിപ്പല വേലികൾ കെട്ടി-
ക്കാത്തുകിടപ്പാൻ പുരയും കെട്ടി-
പ്പാൎത്തീടുന്നൊരു നായരുമുണ്ട്.
കേളച്ചാരെന്നവനുടെ പേരും
കേട്ടു ഗ്രഹിച്ചാൻ കുറുനരിയൊരുനാൾ
കേളച്ചാരൊടു ചെന്നു പറഞ്ഞു
"കേളച്ചാ ഞാനുരചെയ്യുന്നതു
നാളെപ്പുത്തുവെളുപ്പിനു മുമ്പേ
കോളല്ലാതൊരു ദൂഷണമുണ്ടാം.
കാട്ടിൽ നടക്കുമൊരാനത്തലവൻ
കേട്ടു കരിമ്പുകളുള്ള വിശേഷം
രക്ഷിച്ചിവിടെ വളൎത്ത കരിമ്പുകൾ
ഭക്ഷിപ്പാനായ്വരുമത്തടിയൻ.
രക്ഷിക്കുന്നൊരു തന്നെക്കൂടെ-
ബ്ഭക്ഷിക്കാതെയടങ്ങുകയില്ല"
അതുകേട്ടപ്പോൾ നേരെനോൎത്തൊരു
മൂത്തുകേളച്ചാരൊന്നു വിരണ്ടു.
"കുറുതായുള്ളൊരു കൌശലമുണ്ടിഹ
കുറുനരി ഞാനതു ബോധിപ്പിക്കാം
അമ്പുകൾ ചുട്ടു പഴുപ്പിച്ചെയ്താൽ
കുംഭിത്തടിയനെയിന്നു വധിക്കാം.
ചെറുവു വഴക്കൊരു പൊക്കം പെരുകിന
പുറനിന്നരികെച്ചെല്ലുന്ന പത്തുക്കെ

പററിക്കൊണ്ടാലമ്പുകളവന്റെ
നെററിയ്ക്കിട്ടു പ്രയോഗിച്ചീടാം,
പത്തുവെളുപ്പിനുമുമ്പായവിടെ-
യ്ക്കെത്തിക്കൊണ്ടാലതു സാധിയ്ക്കും”
എന്നതു കേട്ടഥ കേളച്ചാരതു
നന്നെന്നോൎത്തുടനവിടെപ്പാൎത്താൻ.
കുറുനരിചെന്നാഗ്ഗജവരനോട-
ങ്ങറിയിച്ചാനതു സമയേതന്നെ
“കരിമ്പു തിന്മാൻ കരിവരനിപ്പോൾ
തരിമ്പു മോഹമതുണ്ടെന്നാകിൽ,
തരം വരുത്താം പത്തു വെളുപ്പിനു
വരമ്പിനുള്ളിൽ ചെന്നാലവിടെ
കരിമ്പു കാണാമായതു തുമ്പി-
ക്കരത്തിലാക്കിത്തിന്നു മുടിപ്പാ-
നൊരുമ്പെടേണം നീയിഹ ഞാനു-
ണ്ടകമ്പടിയ്ക്കായ് മുന്നിൽ നടപ്പാൻ”
ഇത്തരമുരചെയ്തീടിന കുറുനരി
ചിത്താമോദമൊടിത്ഥം കരുതി
‘മത്തഗജത്തെക്കൊണ്ടു വരുമ്പോൾ
പത്തമ്പതു ദിവസത്തിനു ഭക്ഷണ-
മത്തടിയന്റെ ശരീരം മതിയാ-
മിത്തൊഴിൽ നല്ല കണക്കിനുകൂടി.
കേളച്ചാരുടെ തടികൊണ്ടിന്നും
നാളേയ്ക്കും തടവില്ല ഭുജിപ്പാൻ.’
എന്നു വിചാരിച്ചവനും തെളിവൊടു
ചെന്നൊരു ദിക്കിലൊളിച്ചഥ നിന്നാൻ

വന്നുടനാന കരിമ്പു തകൎത്തഥ
തിന്നു തുടന്നൊരു സമയേ കേളൻ.
ചുട്ട പഴുത്തൊരു ശരവും വില്ലും
വട്ടംകൂട്ടിപ്പാതിരനേരം
പുററിന്മേലൊരു കാലും വെച്ചഥ
തെറെറന്നക്കണവിട്ടൊരുനേരം
മസ്തകഭാഗേ ബാണംകൊണ്ടൊരു
മത്തകരീന്ദ്രൻ ചത്തു മറിഞ്ഞു.
വമ്പനതാകിന കേളച്ചാരെ-
പ്പാമ്പു കടിച്ചുടനവനും ചത്തു.
പത്തിപ്പുറമേൽ വില്ലിൻമുനയതു
കുത്തുകയാലപ്പാമ്പും ചത്തു.
ഒക്കെച്ചത്തതു കണ്ടു പ്രസാദി-
ച്ചക്കുറുനരിയരികെച്ചെന്നുടനെ,
അക്കലെ വില്ലിൻ മുനമേലുള്ളൊരു
രക്തം ചെന്നഥ നക്കുന്നേരം
പല്ലുകൾ തട്ടിമുറിഞ്ഞിതു ഞാണും
വില്ലു നിവൎന്നുടനവനുടെ വായിൽ
കൊണ്ടു കരേറിക്കുറുനരിഭോഷൻ
രണ്ടു പിളൎന്നുടനവനും ചത്തു.
ഏഷണിയുള്ളവനങ്ങനെ വരുമതു
ദോഷങ്ങളിലതിദോഷം നിയതം.
ഭോഷന്മാൎക്കതുകാരണമിപ്പരി-
വേഷണമിങ്ങനെ സംഗതിവന്നു”
അഥ പുനരഗ്രജനരുളിച്ചെയ്തു:—
“കഥകൾ പറഞ്ഞഥ കാലം പോയാൽ

രഥമതിലധുനാ യന്ത്രിതരാമവ-
രതിദൂരം ഗതരായെന്നും വരും;
വിരയെപ്പോക വൃകോദര വീരാ
ഹരിസുത, നീയുംകൂടിച്ചെല്ലുക
ഇരുവരുമൊരുമിച്ചംബരചരരെ-
പ്പരിചൊടു ചെന്നു ജയിച്ചുംകൊണ്ടഥ
കുരുസുതശതവും വീണ്ടുംകൊണ്ടിഹ
വരിക തരിമ്പു വിചാരം വേണ്ടാ."
ഗുരുശാസനമതു കേട്ടങ്ങിരുവരു-
മുരുതരവേഗം ചെന്നു വിളിച്ചു.
"ഗഗനചരമൂഢരേ ഗന്ധൎവ്വകീടരേ
ഗമനമിതു വിരവിനൊടു വിഫലതരമാക്കുവൻ
വിരുതുകളിതൊക്കവേ വിരതതരമാക്കുവൻ,
വരിക യുധി പൊരുവതിനു പെരിക മദശീലരേ.
കുരുകുലമഹീശരോടരുതരുതു സാഹസം
കരികളൊടുപൊരുവതിനു കുറുനരികൾപോരുമോ?
ഹരിതനയനൎജ്ജുനൻ പരിശമിതദുൎജ്ജനൻ
പരുഷതരശരനികരനിരകൾ ചൊരിയുംവിധൌ
ഝടിതി പൊടിഭസ്മമാം കുടിലകുലമൊക്കവേ
പടപൊരുകിലുടലുടയ മുടവുമുടനേ വരും
പടയിലധികാദരൻ പടുമതി വൃകോദരൻ
കഠിനതരഗദയുടയ കരുമനകൾകൊണ്ടുടൻ
അടി തുടരുമാഹവേ പൊടിസുമുടനാകവേ
അടിമുടികളഖിലമപി തിലതുലിതമായ്‌വരും."
ഇത്ഥം പറഞ്ഞുംകൊണ്ടു യുദ്ധം തുടങ്ങീ പാൎത്ഥൻ
ഊൎദ്ധ്വപ്രദേശങ്ങളിൽ കൂൎത്തുള്ള സായകങ്ങൾ

ചേൎത്തു പ്രയോഗിച്ചതു നേൎത്തു പോകാതെകൊണ്ടു
കോൎത്തു ഗന്ധൎവ്വന്മാൎക്കു പാൎത്തുകൂടാതെയാക്കി-
ത്തീൎത്തു വിജയനിനി ധൂൎത്തു ഫലിക്കയില്ലെ-
ന്നോൎത്തു ചിത്രസേനനുമാൎത്തുവിളിച്ചടുത്തു.
മാരികണക്കേ വീരന്മാരിലസ്ത്രങ്ങളങ്ങു
വാരിച്ചൊരിഞ്ഞു വ്യോമചാരി ഗന്ധൎവ്വരാജൻ,
പോരിലുടനെ വലവൈരിതനയനപ്പോൾ
ഭൂരിശസ്ത്രങ്ങൾകൊണ്ടു ദൂരീകരിച്ചു ഗൎവ്വം.
ദിവ്യൻ പലവിധത്തിൽ ദിവ്യാസ്ത്രം പ്രയോഗിച്ചു
സവ്യസാചി താനതു സൎവ്വം തടുത്തുനിന്നു.
വന്മുള്ളൎജ്ജുനനുടെ അമ്പു തടുപ്പാനും ത-
രിമ്പു ശക്തിയില്ലാഞ്ഞു കമ്പംതുടങ്ങീ ദിവ്യൻ
വിട്ടുപോവാനും വഴി കിട്ടുന്നതില്ലാ പട
വെട്ടുവതിന്നു പുനരൊട്ടുമെളുതുമല്ലാ
പെട്ടെന്നു നാമിവിടെ പെട്ടുപോമെന്നുറച്ചു
കൊട്ടും ഘോഷവും നിൎത്തി ഒട്ടും താമസിയ്ക്കാതെ
തേരും പടയും നൂറുപേരും താനും ഭൂമിയിൽ
ചേരുവാൻ വന്നിറങ്ങി ചാരുഗന്ധൎവ്വരാജൻ.
മാരുതാത്മജനതുനേരം പറഞ്ഞു "പാൎത്ഥാ
പോരും കലഹമിനി ചേരുകതന്നെ വേണ്ടു.
പാരം വലഞ്ഞു നിന്റെ ക്രൂരമ്പുകൊണ്ടിക്കൂട്ടം
വൈരം വെടിഞ്ഞിവരെ സ്വൈരം സംഭാവിക്കേണം"
ഭീമസേനന്റെ വാക്കു കേട്ടൊരു സവ്യസാചി
താമസംകൂടാതെകണ്ടായുധമങ്ങു വച്ചു;
"ഭൂമിയിലിറങ്ങുക വൈകാതെ ചിത്രസേന!
നാമിരുവരും തമ്മിലേതും കലഹമില്ലാ."

ഗന്ധവഹാത്മജവിജയന്മാരൊടു
ഗന്ധർവ്വാധിപനിദമുരചെയ്തു;
"ഞന്ധപ്രീതിബലംകൊണ്ടിവരെ-
ബ്ബന്ധിപ്പതിനിഹ ബന്ധം വന്നു
ഒരുവകയും പിടിപാടില്ലാത്തൊരു
കുരുസുതമൂഢന്മാരിവർ നൂറും.
നിരുപണമില്ല ജളപ്രഭുഭാവം
പെരുതായ്വന്നു ശിരസ്സിൽ കേറി
മുററും നമ്മുടെ വിദ്യകൾ ഭദ്രം,
മററുള്ളവരുടെ നിന്ദിതമെന്നും,
ഏററം മദഭരമുള്ളതശേഷം
മാററണമെന്നിട്ടഹമിതു ചെയ്തു.
വീരവൃകോദര വരിക ധനഞ്ജയ,
വൈരം നമ്മൊടു കരുതീടൊല്ലാ.
വൈരിജനങ്ങടെ ബന്ധനമോക്ഷം
വിരവൊടു ചെയ്ക വൃകോദര വീര"
എന്നതു കേട്ടു വൃകോദരനുടനേ
സ്യന്ദനമേറിച്ചെന്നു പതുക്കെ-
ക്കെട്ടുകളൊക്കെയഴിപ്പാൻ രഥമതി-
ലിട്ടു പിരട്ടിയുരുട്ടിച്ചിലരുടെ
കുടുമ പിടിച്ചു വലിച്ചും ചിലരുടെ
പിടരി പിടിച്ചു തിരിച്ചും ചിലരുടെ
താടി പറിച്ചും മീശ മുറിച്ചും
മോടി കുറച്ചും തട്ടി മറിച്ചും,
കെട്ടഴിയാഞ്ഞതു പൊട്ടിച്ചും പണി
പ്പെട്ടു രഥത്തേൽനിന്നു നിലത്തേ-

യ്ക്കീട്ടുതുടങ്ങി മടങ്ങാതെ തല
തൊട്ടെണ്ണി സ്വരുപിച്ചങ്ങൊരുദിശി.
“ദുര്യോധനനും ദുശ്ശാസനനും
ദുർമ്മുഖനും ദുശ്ശേശ്വരനിവനും
ദുർമ്മർഷണനും ദുർമ്മേധാവും
ദുർദ്ധർഷണനും ദുർഭാഷണനും
ദുഷ്കർഷണനും ദുഷ്കണ്ടകനും
ദുശ്ശീലൻ ദുർബ്ബുദ്ധി ദുരീശൻ
എണ്ണം നൂറുമിതൊപ്പിപ്പാൻ ബഹു
ദണ്ഡമെനിക്കിഹ കൈ തളരുന്നു.
ഉണ്ണി വരിക ധനഞ്ജയ നീയിനി-
യെണ്ണിയൊരിയ്ക്കൽ സൂക്ഷിയ്ക്കേണം
അണ്ണൻ തമ്പിയുമവനുടെ തമ്പിയു-
മെണ്ണത്തിൽ പിഴക്കൂടാതെണ്ണുക.
കണ്ണില്ലാത്തൊരു ജനകനിന്നിത്തൊ-
ട്ടെണ്ണിയൊരേടത്താക്കുന്നേരം
തൊണ്ണൂറെറാൻപതിലേററം കണ്ടി-
ലെന്നുള്ളമളി വരാതെയിരിപ്പാൻ
ധൂർത്തന്മാരെയൊരോലയിലൊക്കെ-
ച്ചാർത്തിവിടാഞ്ഞാൽ ദൂഷണമുണ്ടാം.
കാണുന്നീല കണക്കപ്പിള്ളകൾ
മേനോക്ക്യച്ചന്മാരുമതില്ലാ.
നല്ല ചിതത്തിൽക്കൂടി നമുക്കെള്ള-
തല്ലിനിയിവരുടെ വേരുതിരിപ്പാൻ”
എന്നു പറഞ്ഞു ചിരിച്ചു വൃകോദര-
നൊന്നൊഴിയാതിഹ നൂററുവരേയും

കെട്ടമഴിച്ചഥ വിട്ട പതുക്കെ-
ത്തൊട്ട തലോടിക്കൊണ്ടുരചെയ്താൻ.
"ദുര്യോധന ശൃണു വചനം നിന്നുടെ
ദുര്യോഗംകൊണ്ടിങ്ങനെ സംഗതി-
വന്നുഭവിച്ചതു, നന്നായ് വരുമിനി
നിന്നുടെ ദുർമ്മദമൊട്ടു ശമിയ്ക്കും.
ആയതു വരുവാൻ വിഷമം നിങ്ങടെ
മായമതുണ്ടോ മാററീടുന്നു?
നായുടെ വാലൊരു പന്തീരാണ്ടു-
യ്ക്കായതമാകിന കുഴലതിലാക്കി,
പിന്നെയെടുത്തതു നോക്കുന്നേരം
മുന്നെപ്പോലെ വളഞ്ഞേ കാണ്മൂ.
വെണ്മതികുലമതിലീശ്വരനാകിന
ധർമ്മാത്മജനുടെ ചരണസമീപേ
ചെന്നു വണങ്ങിക്കരവും കൂപ്പി
മൂന്നു വലത്തുംവച്ചു പതുക്കെ
പൊയ്ക്കൊണ്ടാലും ഹസ്തിനപുരമതി-
ലിക്കണ്ടനുജന്മാരൊടുകൂടെ"

ഇങ്ങനെയുള്ള വൃകോദരവചനം
തിങ്ങിന നാണംകൊണ്ടു മുഖത്തെ
താഴ്ത്തിക്കൊണ്ടഥ കേട്ടു മനസ്സിലൊ-
രാർത്തി മുഴുത്തു സുയോധനനുടനേ
ഉത്തരമുരിയാടാതേതന്നേ
സത്വരമനുജന്മാരൊടുകൂടി
ഹസ്തിനപുരവഴി നോക്കി നടന്നാ-
നസ്ഥിരമതിയാമതിശയകുടില്ലൻ.

വീരവൊട്ട വീരൻ വായുതന്തുജൻ
നരനൊട്ടക്കൂടെച്ചെന്നു വനാന്തേ
നരപതികുലപതിയാകിന തങ്ങടെ
ഗുരുവരനാകിന ധൎമ്മാത്മജനുടെ
ചരണസമീപേ ചെന്നു വണങ്ങി-
പ്പരമാനന്ദമയാകൃതിയാകിന 1890
മുരരിപുഭഗവാൻതന്നുടെ കൃപ-
സ്സരണംചെയ്തു വസിച്ചിതു ഭദ്രം.
ചിത്രസേനനും വൃന്ദവുമെല്ലാം
ചിത്തസമ്മതംപൂണ്ടു ഗമിച്ചു
വൃത്രവൈരിയെച്ചെന്നു വണങ്ങി-
ത്തത്ര മേവിനാരതു മതി ഭദ്രം. 1896

ഘോഷയാത്ര ഓട്ടൻ തുള്ളൽ
അവസാനിച്ചു.

---

# ചില ചോദ്യങ്ങൾ

i. "ശൈലികളെക്കൊണ്ട് അർത്ഥപുഷ്ടിയും പഴഞ്ചൊല്ലുകളെക്കൊണ്ട് ചമൽകാരഭംഗിയും വരുത്തുവാൻ കുഞ്ചൻനമ്പ്യാക്കുള്ള സാമർത്ഥ്യം അന്യാദൃശമാണ്." ഓരോന്നിനും മുമ്മൂന്നുദാഹരണങ്ങൾ എടുത്തുകാണിച്ച് ഈ അഭിപ്രായം സമർത്ഥിക്കുക. (1936)

ii കവിതാവഴിയായി സാമുദായിക ജീവിതത്തിലെ ന്യൂനതകൾ വെളിപ്പെടുത്തുന്നതിൽ നമ്പ്യാക്കുള്ള പാടവം ഉദാഹരണങ്ങൾകൊണ്ട് തെളിയിക്കുക. (1935)

iii "കുഞ്ചൻനമ്പ്യാർ തൻെറ കാലത്തും രാജ്യത്തും ജീവിച്ച മനുഷ്യരെ മാതൃകയാക്കിയായിരുന്നു തുള്ളൽക്കവിതകളിൽ പുരാണപുരുഷന്മാരെ വിവരിച്ചത്." ഘോഷയാത്രയിൽനിന്ന് ഈ കാര്യം വിശദമാക്കുക. (1939)

iv. "നമ്പ്യാരുടെ കവിതയുടെ ജീവൻ നല്ലനർമ്മ ഫലിതമാണ്" വിവരിക്കുക. (1936)

v. കുഞ്ചൻനമ്പ്യാരുടെ കവിതയുടെള്ള പ്രത്യേകതകൾ വിവരിച്ചു ഘോഷയാത്രയിൽനിന്നും ഓരോന്നിനും ഉദാഹരണം പറയുക. (1933)

vi. ചാക്യാരുമായുള്ള രസക്കേടിൽനിന്നാണ് തുള്ളൽ രീതി ആവിർഭവിച്ചത് എന്ന ഐതിഹ്യം എത്രമാത്രം വിശ്വസനീയമാണെന്നു യുക്തിപൂർവ്വം പരിശോധിക്ക. (1940)

vii. "സമുദായ ശരീരത്തിൽ പിടിപെട്ടിരുന്ന പലതരത്തിലുള്ള ദുരാചാരരോഗങ്ങളെ ചികിത്സിച്ചു മാററുന്നതിനായിട്ടാണ് നമ്പ്യാർ പരിഹാസശസ്ത്രം കൈയിലെടുത്തത്." ഈ അഭിപ്രായം യുക്തിപൂർവ്വം സമർത്ഥിക്കുക. (1940)

viii. കഥാപാത്രങ്ങളുടെ സ്വഭാവവിവരണത്തിലും മററും നമ്പ്യാരുടെ അനുഭവജ്ഞാനം ധാരാളം പ്രേരകത്വം വഹിച്ചിട്ടുണ്ടെന്നു ഘോഷയാത്രയിൽനിന്നു തെളിയിക്കുക. (1938)

ix. "കവിതയിൽ ചുററുപാടുകളെ പ്രതിഫലിപ്പിക്കുന്ന വിഷയത്തിൽ സന്നദ്ധത കാണിച്ചിട്ടുള്ള ഒരൊററ പ്രാചീനകവി കുഞ്ചൻ നമ്പ്യാർ മാത്രമാകുന്നു." ഈ അഭിപ്രായത്തിൻെറ സാധുത്വത്തെ പരിശോധിക്കുക. (1842)

x. 'നമ്പ്യാരുടെ കേരളീയത്വം അദ്ദേഹത്തിൻെറ എല്ലാ കൃതികളിലും തെളിഞ്ഞുകാണാം.' ഉദാഹരണപൂർവ്വം സമർത്ഥിക്കുക. (1935)

xi. തുള്ളൽരീതി നിർമ്മിക്കുന്നതിൽ കുഞ്ചൻനമ്പ്യാൎക്കുണ്ടായ മനോധർമ്മവൈഭവത്തെ പ്രത്യക്ഷപ്പെടുത്തുക. (1927)

xii. കുഞ്ചൻനമ്പ്യാരുടെ കവിതാചാതുൎയ്യം ഘോഷയാത്രയിൽ എത്രത്തോളം പ്രതിഫലിച്ചിരിക്കുന്നു എന്നു പൎയ്യാലോചിക്കുക. (1935)

xiii. തുള്ളൽ പ്രസ്ഥാനത്തിനു് ഇത്ര അധികം പ്രചാരം സിദ്ധിക്കുവാൻ കാരണമെന്തായിരിക്കാം? (1933)

xiv. പരിഹാസരസികനായ ഒരു സ്വതന്ത്രകവിയാണു് കുഞ്ചൻ നമ്പ്യാർ എന്നു തെളിയിക്കുക. (1929)

xv. 'കുഞ്ചൻ നമ്പ്യാൎക്കു് ഏതു തുള്ളലിലും കേരളത്തിലെ കാൎയ്യങ്ങൾ പ്രസ്താവിച്ചേ തീരൂ.' ഈ അഭിപ്രായത്തിൻെറ സാധുത്വം ഘോഷയാത്രയെ ആസ്പദമാക്കി സമർത്ഥിക്കുക. (1945)

xvi. കുഞ്ചൻനമ്പ്യാരെക്കൊണ്ടു മലയാളഭാഷയ്ക്കു് സിദ്ധിച്ചിട്ടുള്ള ഉൽക്കർഷത്തെ പ്രതിപാദിക്കുക. (1940)

xvii. ഘോഷയാത്രയിൽനിന്നും മനസ്സിലാക്കാവുന്ന സാരോപദേശങ്ങളും ലോകതത്വങ്ങളുമെന്തെല്ലാം? (1943)

xviii. ഘോഷയാത്രയെ അടിസ്ഥാനപ്പെടുത്തി കുഞ്ചൻ നമ്പ്യാർ സാമാന്യജനങ്ങളുടെ കവിയായിരുന്നു എന്നു് തെളിയിക്കുക. (1944)

xix. "ചുററുപാടുകളെ വിസ്മരിച്ചു കവിതയെഴുതാൻ കുഞ്ചൻനമ്പ്യാൎക്കു സാധിച്ചിരുന്നില്ല." സമർത്ഥിക്കുക. (1939)

xx. ഘോഷയാത്രയിൽ കുഞ്ചൻനമ്പ്യാർ പ്രതിഫലിപ്പിച്ചിട്ടുള്ള കേരളീയത്വം വിശദമാക്കുക. (1945)

xxi· ഘോഷയാത്രയിൽനിന്നു നമ്പ്യാരുടെ ഔചിത്യബോധവും ഫലിതവും ഉദാഹരണസഹിതം തെളിയിക്കുക. (1943)

xxii ഘോഷയാത്രയിൽനിന്നു് അക്കാലത്തെ സാമുദായികവും രാഷ്ട്രീയവുമായ സ്ഥിതിഗതികളെപ്പററി എന്തെല്ലാം മനസ്സിലാക്കാം? (1942)

xxiii· കുഞ്ചൻനമ്പ്യാരുടെ പരിഹാസകവനപാടവം ഘോഷയാത്രയിൽനിന്നും ഉദാഹരണങ്ങളുദ്ധരിച്ചു സ്പഷ്ടമാക്കുക. (1942)

xxiv· ഗന്ധർവന്മാരോടു യുദ്ധംചെയ്തു തോറേറാടുന്ന കൗരവഭടന്മാരുടെ വൈഷമ്യങ്ങൾ വിവരിക്കുക. (1942)

xxv· ഘോഷയാത്രയിൽ ഏതെല്ലാം സമുദായവൈകല്യങ്ങളാണു് കവി പ്രധാനമായി ചിത്രീകരിച്ചിരിക്കുന്നതു്? (1946)

---

# XIX-ാം ചോദ്യത്തിനുത്തരം

നമ്മുടെ കവികളിൽ അധികംപേരും ഭാവനാലോകത്തിൽ സഞ്ചരിക്കുന്നവരത്രെ. ലോകത്തിൽ സാധാരണമായി കാണാത്തവരും ഒരോവിഷയത്തിലും മാതൃകാഭൂതന്മാരുമായ ഒരുതരം കഥാപാത്രങ്ങളെ സൃഷ്ടിച്ചു് അവരെക്കൊണ്ടു പ്രവർത്തിപ്പിക്കുന്നതാണു് കവികൾക്കു് കൂടുതൽ ഇഷ്ടം. അടുത്തകാലംവരേ കേരളത്തിലെ കവിതാരീതിയും ഇത്തരത്തിലുള്ള ഒന്നായിരുന്നു. പുരാണകഥകളെ തിരിച്ചുംമറിച്ചും പ്രതിപാദിച്ചു കവിതയെഴുതി പരിചയിച്ച പാരമ്പര്യത്തിൽനിന്നു സിദ്ധിച്ചതായിരിക്കാം ഈ സ്വഭാവം. അതെങ്ങനെയായാലും, തങ്ങളുടെ ചുററുപാടുകളെ തീരെ വിസ്മരിച്ചോ അവഗണിച്ചോ സങ്കല്പലോകത്തിൽ യഥേഷ്ടം വിഹരിക്കുന്നതിൽ അവർ കാണിച്ച പാടവം അസാധാരണമായിരുന്നു എന്നു സമ്മതിച്ചേ തീരൂ.

ഈ അടുത്തകാലത്തുമാത്രമാണ് ആ രീതിക്ക് ഒരു മാററം വന്നത്. തങ്ങരം ജീവിക്കുന്ന യഥാത്ഥലോകത്തെ വിസ്മരിച്ച് സങ്കല്പസൃഷ്ടമായ ഭാവനാലോകത്തിൽമാത്രം വിഹരിക്കുന്നത്—ദരിദ്രരും ദുഃഖിതരും പീഡിതരുമായ അനവധി ആളുകരം തങ്ങളുടെ ചുററും സജീവരായി വത്തിക്കുമ്പോരം അവരെ തീരെവിസ്മരിച്ച് ആരും എങ്ങും കാണാത്ത ഒരുതരം സുഖലോലുപന്മാരെ കഥാപാത്രങ്ങളായി സ്വീകരിക്കുന്നത് — ഒരുതരം അസ്വാഭാവികമായ പ്രവൃത്തിയാണെന്നുള്ള ബോധം ചിലകവികരംക്കുണ്ടായതിൻെറ ഫലമായിട്ടാണ് ഈ മാററം സംഭവിച്ചത്. ധീരോദാത്തന്മാരായ രാജാക്കന്മാരെ മാത്രമേ നായകന്മാരായി സ്വീകരിച്ചുകൂട എന്നുള്ള ആലങ്കാരികനിയമം മുറുകെ പിടിച്ചുകൊണ്ടിരിക്കുന്ന ചില പഴമക്കാർ, ദരിദ്രരേയും ദുഃഖിതരേയും നായകസ്ഥാനത്ത് അവരോധിച്ചുകൊണ്ടുള്ള ഈ പുതിയ സാഹിത്യസൃഷ്ടിയെ ഇന്നും കഠിനമായി എതിൎത്തുകൊണ്ടിരിക്കുന്നുണ്ട്. ചുററുപാടുകരംക്കു കവിതയിൽ യാതൊരുസ്ഥാനവും കല്പിക്കേണ്ട ആവശ്യമില്ലെന്നാണ് അവരുടെ വാദം. വിദേശീയ സാഹിത്യത്തിൻെറ കോളിളക്കം കൊട്ടുമ്പിരിക്കൊണ്ടിരിക്കുന്ന ഈ ഇരുപതാം നൂററാണ്ടിൽപോലും നമ്മുടെ സാഹിത്യകാരന്മാർ ഇത്ര യാഥാസ്ഥിതികന്മാരായി കാണപ്പെടുന്നുണ്ടെങ്കിൽ, ഒന്നുരണ്ടു നൂററാണ്ടുകരംക്കു മുൻപിലുണ്ടായിരുന്നസ്ഥിതിഎന്തായിരുന്നിരിക്കണമെന്നു നമുക്ക് എളുപ്പത്തിൽ ഊഹിക്കാം. അങ്ങനെയുള്ള ഒരുകാലത്ത്–സാഹിത്യലോകത്തിൽ യാഥാസ്ഥിതികന്മാരുടെ പ്രാബല്യവും പ്രാമാണ്യവും നിർബാധം വിഹരിച്ചിരുന്ന ഒരു കാലത്ത്—ആവക പഴയസാഹിത്യനിയമങ്ങളെ വെല്ലുവിളിച്ചുകൊണ്ട് തൻെറ ചുററുപാടുകളെ കവിതയിൽ പ്രതിഫലിപ്പിക്കുവാൻ ധൈര്യപ്പെട്ട കുഞ്ചൻനമ്പിയാർ സാഹിത്യത്തിൽ ഒരു വലിയ പരിവത്തനം തന്നെയാണുണ്ടാക്കിയത് എന്നുള്ളതിനു സംശയമില്ല. പക്ഷേ,പുരാണകഥകളെ ഉപേക്ഷിക്കാൻ അദ്ദേഹവും ധൈൎയ്യപ്പെട്ടില്ല. ജനസാമാന്യം പുരാണങ്ങളുമായി താദാത്മ്യം പ്രാപിച്ചിരുന്നസ്ഥിതിക്ക് അക്കാൎയ്യത്തിൽ പെട്ടെന്ന് ഒരു സമൂലപരി

വൎത്തനത്തിനു പുറപ്പെടുന്നതു് പരാജയത്തിനു കാരണമായിത്തീരുമെന്നു് ഭയപ്പെട്ടിരുന്നതുകൊണ്ടായിരിക്കാം അദ്ദേഹം അതിനു പുറപ്പെടാതിരുന്നതു്. പുരാണകഥകളുടെ പശ്ചാത്തലത്തിൽ കേരളീയ ജനസമുദായത്തിൻെറ ചിത്രം വരയ്ക്കുകയാണു് നമ്പ്യാർ വാസ്തവത്തിൽ ചെയ്തിട്ടുള്ളതെന്നു തുള്ളലുകളുമായി അല്പമെങ്കിലും പരിചയപ്പെട്ടിട്ടുള്ളവരോടു പ്രത്യേകം പറഞ്ഞറിയിക്കേണ്ടതായിട്ടില്ല. ഇങ്ങനെ എല്ലാംകൊണ്ടും നിരങ്കുശനായി സാഹിത്യനിൎമ്മിതി നിൎവ്വഹിച്ച കുഞ്ചൻനമ്പ്യാരെ വാനോളം പുകഴ്ത്തുന്ന ആളുകൾ തന്നെ, ഇന്നത്തെ യുവകവികൾ ചില സ്വാതന്ത്ര്യങ്ങൾ പ്രയോഗിക്കാൻ പുറപ്പെട്ടാൽ അതിനെ കൎക്കശമായി നിരൂപണംചെയ്യാൻ പുറപ്പെടുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഇന്നത്തെ സാഹിത്യകാരന്മാർ ഏതുദ്ദേശത്തോടു കൂടിയാണോ ചുററുപാടുകളെ സാഹിത്യത്തിൽ ചിത്രീകരിക്കുന്നതു്, അതേ ഉദ്ദേശം തന്നെയാണു്—സമുദായ പരിഷ്കരണമെന്ന അതേ ഉദ്ദേശം തന്നെയാണു്—നമ്പ്യാൎക്കും ഉണ്ടായിരുന്നതെന്നുള്ളതും ഈ അവസരത്തിൽ സ്മരിക്കേണ്ടതായിട്ടുണ്ടു്.

ചുററുപാടുകളെ കവിതയിൽ ചിത്രീകരിക്കുന്നതിൽ കുഞ്ചൻനമ്പ്യാർ പ്രയോഗിച്ച സ്വാതന്ത്ര്യം അത്ര നിസ്സാരമാണെന്നു പറയാനും നിവൃത്തിയില്ല. ദേശലംഘനം, കാലലംഘനം, സമുദായാചാരലംഘനം, എന്നു തുടങ്ങിയ പേരുകളിൽ ഓരോ കവിതാദോഷങ്ങളായി സാഹിത്യാചാൎയ്യന്മാർ കണക്കാക്കിട്ടുള്ള പല വൎണ്ണനകളും നമ്പ്യാരുടെ തുള്ളലുകളിൽ സുലഭങ്ങളത്രെ. ദ്വാരകയോ കുണ്ഡിനമോ, സ്വൎഗ്ഗമോ നരകമോ, എന്തുതന്നെയായാലുംകൊള്ളാം നമ്പ്യാർ വൎണ്ണിച്ചാൽ അതിനു കേരളത്തിൻെറ ഒരു ഛായ വന്നുചേരാതിരിക്കയില്ല. കഞ്ചാവും പുകയിലയും വാങ്ങാൻ തോക്കും തുമ്പയും പണയം വെക്കുന്ന നായന്മാരാണു് കൗരവസൈന്യത്തിലും യാദവസൈന്യത്തിലുംഉള്ളതു്. ദ്വാരകയിൽ ശ്രീകൃഷ്ണൻെറ അംഗരക്ഷകന്മാരും, കാലപുരിയിൽ യമൻെറ അനുചരന്മാരും, നായന്മാർതന്നെ. നളൻെറ അടുക്കൽനിന്നു വിദൎഭത്തി

ലേക്കുപറന്നുപോകുന്ന ഹംസം;അച്ചികളോടുകലമ്പി കലമുടച്ചുക ളയുന്ന നായന്മാരെയാണു വഴിയിൽ മുഴുവൻ കാണുന്നതു്. ഘോഷ യാത്രയിൽ ദുര്യോധനാദികളൊന്നിച്ചു കാട്ടിലേക്കു പുറപ്പെട്ട കൗര വസൈന്യത്തിലും നായന്മാർ ധാരാളമുണ്ടായിരുന്നു. അന്നു് കാട്ടി ൽ വല കെട്ടിയിരുന്ന വേടന്മാർ പിറെറദിവസം രാവിലെ ചെ ന്നു നോക്കിയപ്പോഠം വലയിലകപ്പെട്ടു കിടക്കുന്നതായി കണ്ട തു് 'മലയാളത്തിലെ ഒരു മാനുഷ'നേയാണത്രെ!

നമ്പ്യാർ വർണ്ണിക്കുന്ന ഓരോ രാജധാനിയിലും കുടിപ്പട്ട ന്മാരുണ്ടായിരിക്കും. കുടിപ്പട്ടരെന്ദേത്തമിടീക്കുന്ന സാപ്പാട്ടുരാ മന്മാരെപ്പററി ധ്രുവചരിതത്തിൽ സുരുചി ആവലാതിപ്പെടുന്നു ണ്ടു്. ദുര്യോധനനും കുട്ടിപ്പട്ടരെപ്പററി ആക്ഷേപം പുറപ്പെടു വിച്ചു കാണുന്നുണ്ടു്. കോട്ടാറൻകവണിയും പട്ടും തുപ്പട്ടാവും വിററു നടക്കുന്ന പട്ടന്മാർ ഹസ്തിന നഗരിയിൽ ധാരാളം ഉണ്ടാ യിരുന്നുവെന്നാണ് നമ്പ്യാർ പറയുന്നതു്. കൂടുതൽ പലിശയ്ക്കു പണം കടം കൊടുക്കുന്ന പട്ടന്മാരുമായി ധ്രുവചരിതത്തിലെ നാരദനു നല്ല പരിചയമാണത്രേ. നായന്മാക്കു പുറമേ "പട്ടാ ണികളും ചെട്ടികളും കോമട്ടികളും പല പട്ടന്മാരും വട്ടംകൂടി വ നത്തിനു പോവാൻ" തയ്യാറായി വരണമെന്നാണ് ഘോഷ യാത്രയ്ക്കു പുറപ്പെട്ട ദുര്യോധനൻെറ കല്പന.

കാമിനിമാരെ പ്രീണിപ്പിക്കാൻ വേണ്ടി കാമുകന്മാർ ഓണ ച്ചരക്കെട്ടുകുന്നതും ഗൃഹനായകന്മാർ വിഷുക്കൈനേട്ടം കൊടു ക്കുന്നതും മററും ദ്വാരകയിലെ നാരദനു നല്ലപോലെ അറിയാം. ഉത്താനപാദൻെറ രാജധാനിയിൽ ചെണ്ടമേളവും പാഠകവും ചാക്യാർക്കൂത്തും നടന്നിരുന്നു. എരിശ്ശേരിയും പുളിശ്ശേരിയും ഓലനും കാളനുമാണ് ഹസ്തിനപുരിയിലെ സദ്യയ്ക്കുള്ള വട്ടങ്ങ ളിൽ പ്രധാനം. നാരങ്ങാക്കറിയും ഉണ്ടായിരുന്നുവത്രെ. 'ക ടൽവാഴയ്ക്കാക്കറിയില്ലാത്ത ഭടഭോജനം' വളരെ കുറവായിരുന്നു വെന്നും, ദുര്യോധനൻെറ സൈന്യങ്ങഠംക്കു പ്രത്യേകിച്ചും അതു

വളരെ പത്ഥ്യമായിരുന്നു എന്നും നമ്പ്യാക്കറിയാം. തുള്ളലുകളിലെ വിവാഹച്ചടങ്ങുകളും മററും തനി കേരളീയംതന്നെയായിരിക്കും. നമ്പ്യാരുടെ ചില സ്വയംവരവൎണ്ണനകൾ വായിച്ചാൽ അമ്പലപ്പുഴയോ തിരുവനന്തപുരത്തോ നടക്കുന്ന 'തൃത്താലിച്ചാത്തു'വൎണ്ണനയാണെന്നേ വായനക്കാക്കു തോന്നുകയുള്ളു.

ഏതു കഥയിലും, ദേശകാലഭേദമെന്ന്യേ, കേരളത്തെ ചിത്രീകരിക്കയാണ് നമ്പ്യാർ ചെയ്തിട്ടുള്ളതെന്നുള്ളതിന്നു് ഇനിയും ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ആചാരം വിചാരം, വേഷം, ഭാഷ മുതലായ ഓരോ ഇനത്തിലും നമ്പ്യാരുടെ കഥാപാത്രങ്ങളിൽ കേരളീയത്വം പ്രത്യക്ഷപ്പെടാത്ത സന്ദൎഭങ്ങൾ വളരെ ചുരുക്കമാണ്. നമ്പ്യാക്കു പരിചയപ്പെട്ട സമുദായങ്ങളിലും വൎഗ്ഗങ്ങളിലും പെട്ട വ്യക്തികളുടെ ഛായ, അറിഞ്ഞോ അറിയാതേയോ അദ്ദേഹത്തിൻെറ കഥാപാത്രങ്ങളിലും പകൎന്നിട്ടുണ്ട്. വൎണ്ണനയ്ക്കു വിഷയമായ ദേശകാലാദികൾ ഏതൊക്കെയായാലും, നമ്പ്യാക്കു പരിചയപ്പെട്ട ദേശവും കാലവുമായിട്ടാണ് അതു തുള്ളലുകളിൽ രൂപമെടുത്തിട്ടുള്ളതു്. ചുററുപാടുകളെ വിസ്മരിച്ചു് കവിതയെഴുതാൻ നമ്പ്യാക്ക് ഒരിക്കലും സാധിച്ചിരുന്നില്ലെന്നാണല്ലോ ഇതിൽ നിന്നൊക്കെ തെളിയുന്നതു്.

# IV-ാം ചോദ്യത്തിനുത്തരം

ഹാസ്യരസത്തോടു മനുഷ്യക്കുള്ള പ്രതിപത്തി സുപ്രസിദ്ധമാണ്. ശൃംഗാരത്തിലോ വീരത്തിലോ രസിക്കാൻ സാധിക്കാത്ത ഗൗരവസ്വഭാവക്കാർ പോലും ഹാസ്യരസത്തിൽ മയങ്ങിപ്പോകുന്നു. ഒന്നിലും കുലുങ്ങാത്ത ചില കനത്ത സ്വഭാവക്കാർ നമ്മുടെ ഇടയിലുണ്ടല്ലോ. അത്തരക്കാർപോലും നല്ല ഫലിതം കേട്ടാൽ ഒന്നു പുഞ്ചിരിതൂകുകയെങ്കിലും ചെയ്യാതിരിക്കയില്ല. കാളിദാസാ

ദി മഹാകവികാംപോലും ഈ തത്വം മനസ്സിലാക്കിയതിൻെറ ഫലമായിട്ടാണ് അവരുടെ നാടകങ്ങളിൽ, രാജാക്കന്മാരുടെ നമ്മസചിവന്മാർ എന്ന പേരിൽ, ചില വിദൂഷകന്മാർ കടന്നുകൂടിയതു്. ഇങ്ങനെ ഫലിതത്തിനു പണ്ഡിതന്മാരെപ്പോലും ആകർഷിക്കാൻ ശക്തിയുണ്ടെങ്കിൽ, പാമരന്മാരുടെ ഇടയിൽ അതിനുള്ള സ്വാധീനശക്തി എത്രമാത്രമായിരിക്കുമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. ഈ രഹസ്യം മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ചാക്യാന്മാർ കൂത്തു പറയുമ്പോാം സന്ദർഭോചിതമായി ഫലിതം പ്രയോഗിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കാറുള്ളതു്. ഫലിതം പറയാൻ സമത്ഥനായ ചാക്യാർ കൂത്തുപറയുന്നു എന്നുകേട്ടാൽ, ഈ ഇരുപതാംനൂററാണ്ടിൽപോലും ആളുകാം കൂത്തുകോംക്കാൻ തടിച്ചുകൂട്ടുക പതിവാണ്.

ചാക്യാർകൂത്തുമായി ധാരാളം അടുത്തു പരിചയിക്കാൻ അവസരം കിട്ടിയ കുഞ്ചൻനമ്പ്യാർ ഫലിതത്തിനുള്ള ഈ വശ്യശക്തി നല്ലപോലെ മനസ്സിലാക്കിയിരുന്നു. പാമരന്മാരെക്കൂടി വശീകരിക്കുന്നതിനായി സംസ്കൃതപദങ്ങളെ അകററിനിത്തി ലളിതമായ മലയാളംകൊണ്ടുമാത്രം പെരുമാറുന്നതിൽ നമ്പ്യാർ കാണിച്ച മനശ്ശാസ്ത്രപരിജ്ഞാനം, കുറേക്കൂടി ഔചിത്യത്തോടുകൂടി ഫലിതപ്രയോഗവിഷയത്തിലും അദ്ദേഹം പ്രദശിപ്പിച്ചിട്ടുണ്ട്.

"ചിരിക്കുന്ന കഥകേട്ടാലിരിക്കുമായതല്ലെങ്കിൽ
തിരിക്കുമങ്ങനേ ഭാവിച്ചിരിക്കുന്ന ഭടന്മാരെ
ചിരിക്കാതേ രസിപ്പിക്കാനൊരിക്കലുമെളുതല്ല"

എന്നിങ്ങനെ ഫലിതപ്രയോഗത്തിൻെറ വശീകരണശക്തിയെ നമ്പ്യാർ തുറന്നു സമ്മതിച്ചിട്ടുണ്ട്. സന്ദശ്കന്മാരെ ധാരാളമായി ആകർഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി നമ്പ്യാർ തുള്ളലിൽ മനഃപൂവ്വമായി ഫലിതം പ്രയോഗിക്കയാണ് ചെയ്തതെന്നു് ഇതിൽനിന്നു മനസ്സിലാക്കാം. തുള്ളൽ ഇക്കാലത്തും ജനങ്ങളെ

ആകഷിച്ചുകൊണ്ടിരിക്കുന്നതു ഫലിതത്തിൻെറ ശക്തികൊണ്ടു തന്നെയാണ്.

ഫലിതം, കേട്ടു രസിക്കുക എളുപ്പമാണെങ്കിലും, പറഞ്ഞു ഫലിപ്പിക്കുക അത്ര എളുപ്പമല്ല. അതിനു ജന്മസിദ്ധമായ ഒരു വാസനതന്നെവേണം. നമ്പ്യാക്ക് ഈ വാസന വേണ്ടുവോളമുണ്ടായിരുന്നു; ചാക്യാരുമായുള്ള സഹവാസംനിമിത്തം അതു വേണ്ടപോലെ വികസിക്കുകയും ചെയ്തിരുന്നു. സമുദായ പരിഷ്കരണത്തേയും സദാചാരപ്രചരണത്തേയുമാണ് ചാക്യാരെപ്പോലെ തന്നെ നമ്പ്യാരും പ്രധാനമായി ഉദ്ദേശിച്ചിരുന്നതു്. ഈ ഉദ്ദേശസാദ്ധ്യത്തിന് അവർ സ്വീകരിച്ചിരുന്ന ആയുധം പരിഹാസമാണ്. പരിഹാസംകൊണ്ടുമാത്രം പെരുമാറാൻ തുടങ്ങിയാൽ ഈ ഉദ്ദേശം സാധിക്കയില്ലെന്നുമാത്രമല്ല, വിപരീതഫലം ഉണ്ടാകാനിടയുണ്ടുതാനും. അതു കൂടാതെ കഴിക്കണമെങ്കിൽ പരിഹാസം ഫലിതത്തിൽ പൊതിയേണ്ടതു് അത്യാവശ്യമാണ്. അങ്ങനെയായാൽ പരിഹാസത്തിൻെറ കയ്പ് ഫലിതത്തിൻെറ മാധുര്യത്തിൽ മറഞ്ഞുപോകുമല്ലൊ. നമ്പ്യാർ തുള്ളലുകളിൽ പലരേയും കഠിനമായി ആക്ഷേപിക്കുന്നുണ്ടെങ്കിലും, ഫലിതപ്രയോഗത്തിൻെറ ശക്തിനിമിത്തമാണ് അതു മുഴച്ചുകാണാത്തതു്. വലിയ ശസ്ത്രക്രിയകൾക്കു മുൻപ് ഡാക്ടർമാർ മയക്കമരുന്നുകൊടുത്തു രോഗികളെ മോഹാലസ്യപ്പെടുത്താറുണ്ടല്ലൊ. അതുപോലെതന്നെ, മമ്മഭേദിയായ പരിഹാസംനിമിത്തം ആളുകൾക്കു തൻെറനേരെ വെറുപ്പുതോന്നാതിരിക്കുന്നതിനുവേണ്ടി നമ്പ്യാർ പ്രയോഗിച്ച ഒരുതരം മയക്കമരുന്നാണ് ഫലിതമെന്നു പറയാം.

ഘോഷയാത്രയിലും ഇത്തരത്തിലുള്ള ഫലിതപ്രയോഗം ധാരാളമുണ്ട്. 'വണ്ണൻ വാഴകണക്കു തടിച്ച പൊണ്ണനായ മാരുതി കണ്ണുമയങ്ങി വിശന്നു തളന്ന് മണ്ണിൽ മലന്നു കഷ്ടപ്പെടുന്ന' ചിത്രം കാണികളിൽ പുഞ്ചിരി ജനിപ്പിക്കാൻ മതിയായ ഒന്നാണല്ലൊ. പാണ്ഡവന്മാരുടെ തൽക്കാലസ്ഥിതി അറിഞ്ഞുവരുന്നതിന് ഒരു ചാരനെ തിരഞ്ഞെടുക്കുന്ന കാര്യത്തെപ്പററി പറയു

ന്ന ഘട്ടത്തിൽ തന്റെ ഭൃത്യജനങ്ങളുടെ സ്വഭാവം ദുര്യോധനൻ പൊതുവേ ഒന്നു നിരൂപണം ചെയ്യുന്നുണ്ട്. ആ ഭാഗത്തിലും ഫലിതം ഒട്ടും കുറവല്ല. 'അഷ്ടി കണക്കിനു കിട്ടാതെ വന്നാൽ കുട്ടിപ്പട്ടരെക്കൊണ്ട് ഏത്തമിടീക്കുന്ന' ഭോജനപ്രിയന്മാരാണത്രെ ആ ഭൃത്യന്മാരിൽ അധികം പേരും. നേരം വെളുക്കുന്നതിനു മുൻപു കട്ടത്തൈരുകൂട്ടി കുഴച്ച കട്ടിച്ചോറ് അഞ്ചിടങ്ങഴി വീതം ഓരോ ഭൃത്യനും സാപ്പിട്ടിരുന്നു എന്നാണ് ദുര്യോധനൻ പറയുന്നതു്. മാത്രമോ, അതു കഴിഞ്ഞാൽ അവരുടെ പുറപ്പാട് 'കററക്കുഴൽമണി'മാരുടെ വീടുകളിലേക്കായിരിക്കുമത്രേ.

ഊണുകഴിച്ചു തിരിച്ചാലവരെ–
ക്കാണുകയില്ലൊരു ദിക്കിൽപോലും;
കാണുകയില്ലെന്നില്ല, തിരഞ്ഞാ–
ലേണാക്ഷികളുടെ വീട്ടിൽ കാണാം.
അത്താഴത്തിന്നിലവെക്കുമ്പോ–
ളെത്താത്തവരുടെ പുലകൊണ്ടീടാം.
ചത്താലും വരുമഷ്ടിയടുത്താ–
ലോർത്താലിങ്ങു വെറുപ്പാകുന്നു.

എന്നു പറയുന്ന ദിക്കിൽ, കൃത്യനിർവ്വഹണത്തിൽ അലസരായി സാപ്പാടും സ്ത്രീസേവയും കൊണ്ടു കാലം കഴിക്കുന്ന ഭൃത്യവർഗ്ഗത്തെ പരിഹസിക്കയാണ് പ്രധാനമായ ഉദ്ദേശമെങ്കിലും, ആ പരിഹാസം നേരിയ ഫലിതത്തിൽ പൊതിഞ്ഞിട്ടാണ് പ്രയോഗിച്ചിട്ടുള്ളതെന്നു സൂക്ഷ്മമായി നോക്കിയാൽ കാണാം.

കൗരവന്മാരുടെ പുറപ്പാടു കണ്ടു വല്ല യുദ്ധത്തിനുമുള്ള ഒരുക്കമാണോ എന്നു സംശയിച്ചുപോയ ഒരു പൗരൻ, പലതും സംസാരിക്കുന്ന കൂട്ടത്തിൽ പടയിൽ ചെന്നു മരിക്കുന്നതിനു തനിക്കു ഒട്ടും മടിയില്ലെന്നും, പുകയില വാങ്ങുന്നതിനുവേണ്ടി പണയം വെച്ച തോക്ക് തിരികെ എടുത്തിട്ടില്ലെന്നും, വല്ലവരുടേയും തോക്കു കടം വാങ്ങി യുദ്ധത്തിനുപോയി മരിച്ചാൽ തോക്കു ശത്രുക്കൾ പിടിച്ചെടുക്കാനും കടക്കാർ വീട്ടിൽവന്നു പാടുകിടക്കുവാ

നും ഇടയാകുമെന്നും പറയുന്ന ഭാഗത്തിലും ഭീരുക്കളായ ഭടന്മാരെ കളിയാക്കുകയാണ് നമ്പ്യാർ ചെയ്തിട്ടുള്ളത്. ഈ പരിഹാസം,

ചേട്ടൻ പണ്ടു പടയ്ക്കു മരിച്ചതു
കേട്ടിട്ടില്ലേ നിങ്ങളിലാരും?
എട്ടു ജനങ്ങളെ വെട്ടിക്കൊന്നൊരു
കോട്ട പിടിച്ചെപ്പിന്നെ മരിച്ചു;
മണ്ടുന്നേരം പിടരിക്കൊരു വെടി
കൊണ്ടു മരിച്ചെന്നുണ്ടൊരു കേളി.

എന്ന വരികളിലെത്തിയപ്പോഠം വ്യക്തമായ ഫലിതമായിത്രൂപം കൈക്കൊണ്ടിരിക്കുന്നതു നോക്കുക.

ഗന്ധർവ്വന്മാരെ പോരിനു വിളിക്കുന്ന ദുര്യോധനൻ കൂട്ടത്തിൽ അപ്സരസ്ത്രീകളോടായി പറയുന്ന വാക്കുകളും ഫലിതം തുളുമ്പുന്നവയത്രെ. ചിത്രസേനനേ അരയിൽ കയറിട്ടു കെട്ടി മൂത്ത കുരങ്ങിനെപ്പോലെ നട്ടമിററത്തു ബന്ധിച്ചിട്ടേക്കാം എന്നും, അയാഠം പറയുന്നതൊന്നും വിശ്വസിക്കാതെ തങ്ങളുടെ കൂട്ടത്തിൽ വരികയാണ് നല്ലതെന്നും, "അഞ്ചേട്ടനുജന്മാർ" തനിക്കുള്ളതുകൊണ്ട് അവരോടുകൂടി സുഖിച്ചിരിക്കാമെന്നും മററുമാണല്ലോ ദുര്യോധനൻ ആ ദിവ്യവനിതമാരോടു പറയുന്നത്.

യുദ്ധത്തിൽ തോററു നാലു ദിക്കിലേക്കും ഓടുന്ന കൗരവഭടന്മാർ കാണിച്ച സംഭ്രമം ഫലിതമയമായിട്ടാണ് നമ്പ്യർ വർണ്ണിച്ചിട്ടുള്ളത്. ചിലർ മരങ്ങളുടെ മൂട്ടിൽ ചെന്നു കരിയിലകൊണ്ടു ശരീരം മൂടിക്കിടന്നുവത്രെ! മലയുടെ ഗുഹയിൽ ചെന്നു ഒളിച്ചു കിടന്നവരുടെ തല ഒരു പുലി വന്നു തട്ടിക്കൊണ്ടുപോയിപോലും! വേറെ ചിലർ, മൃഗങ്ങളെ പിടിക്കാൻ വേടന്മാർ കെട്ടിവച്ചിരുന്ന വലയിലാണ് ചെന്നു ചാടിയത്. ഒരു ചെണ്ടക്കാരൻ ഒരു ഭാഗത്തെ തോലു പിളന്നു ചെണ്ടയ്ക്കുള്ളിൽ കടന്ന് പെരുവഴിയിൽ ഉരുണ്ടു നടന്നുപോലും! ഈ വക ഭാഗങ്ങഠം ചിരിക്കാതെ വായിക്കാൻ സാധാരണന്മാരെക്കൊണ്ടു സാധിക്കുമെന്നു തോന്നുന്നില്ല.

തങ്ങളെ വിളിച്ചു വിലപിക്കുന്ന ദുര്യോധനാദികളെ രക്ഷിക്കാൻ ധർമ്മപുത്രൻ കല്പിച്ചതു കേട്ടു കയക്കുന്ന ഭീമസേനൻ പറയുന്ന വാക്കുകളിൽ കോപവും താപവും മാത്രമല്ല, ഫലിതവും പരിഹാസവുംകൂടി കലൎന്നിട്ടുണ്ട്.

പാല്യ കുടിച്ചു തടിച്ചൊരുകൂട്ടം
വാലില്ലാത്ത കുരങ്ങച്ചന്മാർ
നാലഞ്ചല്ലൊരു നൂറു ജളന്മാർ
നാട്ടു മുടിപ്പാൻ വന്നു പിറന്നു;

* * *

വിണ്ണവർനാട്ടിലിരിക്കും വേശ്യ-
പ്പെണ്ണുങ്ങടെ നടുമുററമടിപ്പാൻ
പൊണ്ണന്മാരിവർ കൊള്ളാമവരുടെ
പെണ്ണുങ്ങടെ വിടുപണി ചെയ്യിക്കാം.
കാളിപ്പെണ്ണു കുളിക്കുംനേരം
താളി പതപ്പാൻ ഒരുവൻ കൊള്ളാം;
നീലിപ്പെണ്ണിനു നിദ്രാസമയേ
കാലിണ ഞെക്കാനപരൻ കൊള്ളാം.
അരുവയർമൗലി തിലോത്തമതന്നുടെ
പുരമുറി തൂപ്പാനൊരുവൻ കൊള്ളാം
കുട്ടിപ്പട്ടന്മാരുടെ ചുമടുകൾ
കെട്ടിപ്പേറാനൊരുവക കൊള്ളാം
കാക്ക വരുമ്പോൾ വക്കാണിപ്പാ-
നക്കണെമെങ്കിലതിവരെക്കൊള്ളാം.

എന്നും മററും ആണ് ആ ഘട്ടത്തിൽ ഭീമസേനൻ പറയുന്നത്. നൂററവൎക്കു ഭീമൻ കല്പിച്ചുകൊടുക്കുന്ന ഈ വക വിടുപണികളുടെ പട്ടിക ആരെയാണ് ചിരിപ്പിക്കാത്തതു്? ഇങ്ങേ അററം ദേവലോകത്തിൽ കാക്കയെ ആട്ടുന്ന ജോലിപോലും ഭീമൻ കൗരവൎക്കു നീക്കിവെക്കുന്നു.

ശാന്തന്മാരായ മററ സഹോദരന്മാരുടെ കൂട്ടത്തിൽ ഒന്നു കാണ്മം ചേരാത്ത താൻ വല്ല ദിക്കിനും പൊയ്ക്കളയാമെന്നാണ് വിചാരിക്കുന്നതെന്നും, ജ്ഞാനികളായ മററുള്ളവരുടെ ഇടയ്ക്കു മൂഢനായ താൻ ജനിച്ചതു കഷ്ടമായിപ്പോയെന്നും, ജ്യേഷ്ഠനും അനുജന്മാരുംകൂടി കാട്ടിലിരുന്നു തപസ്സുചെയ്യുന്നതിൽ താൻ ഒരു തടസ്സമായിത്തീരണമെന്നു വിചാരിക്കുന്നില്ലെന്നും മററും ഭീമൻ പറയുന്ന മുള്ളവാക്കുകളിലും ഫലിതത്തിൻെറ ഛായ കലന്നു കാണുന്നുണ്ട്. ശരിയായ അംഗവിക്ഷേപാദികളോടുകൂടി അഭിനയിക്കുന്നതായാൽ ഈ ഭാഗം ആരെയും ചിരിപ്പിക്കാതിരിക്കയില്ല.

ഗന്ധവ്വന്മാരുടെ ബന്ധനത്തിൽനിന്നു മോചിപ്പിക്കപ്പെട്ട കൗരവന്മാരെ തലതൊട്ടെണ്ണിനോക്കീട്ടാണത്രേ ഭീമസേനൻ തിട്ടപ്പെടുത്തിയതു്. കൂട്ടത്തിൽ ഒരെണ്ണം എങ്ങാനും കുറഞ്ഞുപോയാൽ അന്ധനരപതി കയത്തേക്കുമെന്നു് വിചാരിച്ചിട്ടാണ് ഭീമൻ അപ്രകാരം പ്രവത്തിച്ചതെന്നുകൂടി നമ്പ്യാർ പറയുന്നുണ്ട്. ഗന്ധവ്വന്മാരുടെ തേരിൽ കയറിച്ചെന്നു് കൗരവന്മാരുടെ കെട്ടുകളൊക്കെ അഴിക്കുന്ന അവസരത്തിൽ പിടരിക്കു പിടിച്ചും, കുടുമ വലിച്ചും, താടി പറിച്ചും, മീശ മുറിച്ചും, തട്ടിമറിച്ചും, കെട്ടിവലിച്ചും മററും മററും ദുര്യോധനാദികളെ ഭീമസേനൻ കഷ്ടപ്പെടുത്തിയ ഭാഗം വായിക്കുന്നതായാൽത്തന്നെ ആരും പൊട്ടിച്ചിരിച്ചുപോകും. അഭിനയിച്ചു കണ്ടാലുള്ള സ്ഥിതി പറയേണ്ടതില്ലല്ലോ.

ഇങ്ങനെ പറയാൻ തുടങ്ങിയാൽ അവസാനിക്കയില്ല. ഈ വക ഫലിത പ്രയോഗങ്ങളാണ് നമ്പ്യാരുടെ കവിതയെ സവ്വാദരണീയമാക്കിത്തീത്തിട്ടുള്ളതു്. "നമ്പ്യാരുടെ കവിതയ്ക്കു ജീവൻ നൽകുന്നതു ഫലിതമാകുന്നു" എന്നു നിരൂപകന്മാർ പറയുന്നതും ഇതുകൊണ്ടു തന്നെയാണ്.

DC Library
*00007134*
T61 H23

# ഘോഷയാത്ര.

(ഓട്ടൻതുള്ളൽ)

പ്രസാധകൻ

വിദ്വാൻ എ. ഡി. ഹരിശർമ്മ,